34th Year of Service 2026

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 19, 2026 Vol. XXXIV No. 03



BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds

www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.



SECURE TAX SERVICES
DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing

LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB A+ Rating
Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സമുദായശക്തി വിളിച്ചോതി ക്നാനായ മഹാസംഗമം
10 ജയിച്ചവർ ജയിലിൽ; സത്യപ്രതിജ്ഞ നടന്നില്ല
11 സിപിഎമ്മിനു പെരുമാറ്റച്ചട്ടം
17 ഗ്രേറ്റർ ഹൂസ്റ്റണിന് ഡബ്ല്യുഎംസിയുടെ ആദരം
25 ഫൊക്കാന സ്വിം കേരളാ പദ്ധതിക്ക് ആശംസകൾ



കേരളാ എക്സ്പ്രസ് ഏർപ്പെടുത്തിയ 'അക്ഷരശ്രേഷ്ഠ' പുരസ്കാരം പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേലിന് മോൻസ് ജോസഫ് എംഎൽഎ സമ്മാനിക്കുന്നു. (ഇടത്തുനിന്ന്) സൈമൺ ആറുപറ, രാജു ആലപ്പാട്ട്, ഫാ. തോമസ് പുതിയകുന്നേൽ, ഫാ. മാത്യു മണക്കാട്ട്, മാത്യൂസ് ഓരത്തേൽ, ഫാ. ഏബ്രഹാം പറമ്പേട്ട്, ബേബി ഊരാളിൽ, ജോസ് കണിയാലി, തോമസ് ചാഴികാടൻ, പ്രൊഫ. ഷീല സ്റ്റീഫൻ, അനിൽ പെണ്ണുക്കര, ഡെന്നി ഊരാളിൽ, സി.എൽ. തോമസ്, സിറിയക് കൂവക്കാട്ടിൽ എന്നിവർ സമീപം.

# ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന് അവകാശമില്ലെന്ന് പാലാ കോടതി

കോട്ടയം: ശബരിമല വിമാനത്താവളത്തിനുള്ള ഭൂമിയായി കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന് അവകാശമില്ലെന്ന് പാലാ സബ് കോടതി. സർക്കാരിന്റെ ഹർജി തള്ളി. ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സംസ്ഥാന സർക്കാരും ഗോസ്പൽ ഫോർ ഏഷ്യയും (അയന ചാരിറ്റബിൾ ട്രസ്റ്റ്) തമ്മിലുള്ള കേസിലാണ് കോടതിവിധി. ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥരായ അയന ചാരിറ്റബിൾ ട്രസ്റ്റ് നല്കിയ ഹർജിയിലാണ് ഉത്തരവ്.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി എരുമേലി മണിമല വില്ലേജിലെ ചെറുവള്ളി എസ്റ്റേറ്റും സമീപപ്രദേശങ്ങളും ഉൾപ്പെടെ 2570 ഏക്കർ ഏറ്റെടുക്കാനുള്ള സർക്കാരിന്റെ പ്രാഥമിക വിജ്ഞാപനം ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് എതിർപ്പുണ്ടെങ്കിൽ രേഖപ്പെടുത്താൻ ഏപ്രിൽ 25-ന് പ്രസിദ്ധീകരിച്ചതായിരുന്നു വിജ്ഞാപനം. വലിയ വിമാനത്താവളത്തിനു പോലും 1200 ഏക്കർ മതിയെന്നിരിക്കെ ഇവിടെ എന്തിനാണ് ഇത്രയധികം ഭൂമിയെന്ന് കോടതി ചോദിച്ചു.

നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ഹൈക്കോടതി രണ്ടാമതും റദ്ദാക്കിയിരുന്നു. എരുമേലി തെക്ക്, മണിമല വില്ലേജുകളിലെ 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ 2570 ഏക്കർ ഏറ്റെടുക്കാനായിരുന്നു വിജ്ഞാപനം. വിമാനത്താവളത്തിന് ആവശ്യമായ സ്ഥലത്തേക്കാൾ ഇരട്ടിസ്ഥലം എന്തുകൊണ്ട് വേണമെന്നതിന് ഉത്തരം നല്കിയിട്ടില്ലെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി നടപടി.

2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് ഒരു പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഈ നിർണായക വ്യവസ്ഥ ഒഴിവാക്കിയതിലെ നിയമപരമായ വീഴ്ച ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് സി. ജയചന്ദ്രന്റെ ഉത്തരവ്.

വിജ്ഞാപനത്തിനു മുൻപുള്ള സാമൂഹിക ആഘാതപഠന (എസ്ഐഎ) റിപ്പോർട്ട്, വിദഗ്ദ്ധ സമിതി റിപ്പോർട്ട്, സർക്കാർ ഉത്തരവ് എന്നിവ ഭാഗികമായി റദ്ദാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ കുറഞ്ഞ ഭൂമി വ്യവസ്ഥ സംബന്ധിച്ച് ഒന്നും മിണ്ടിയിട്ടില്ലെന്നും എസ്ഐഎ, വിദഗ്ദ്ധ സമിതി റിപ്പോർട്ട് എന്നിവയേക്കാൾ മോശമാണിതെന്നും കോടതി വിമർശിച്ചു.

തീരുമാനത്തിൽ അല്ല, തീരുമാനമെടുത്ത നടപടികളിലാണ് സുപ്രധാനമായ തെറ്റുണ്ടായതെന്നു കോടതി ചൂണ്ടിക്കാട്ടി. കുറഞ്ഞ അളവ് ഭൂമി എത്രയെന്നു നിശ്ചയിക്കാൻ വീണ്ടും സാമൂഹികാഘാത പഠനം നടത്താനും നിർദ്ദേശിച്ചു.

## ശബരിമല സ്വർണക്കൊള്ള: റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ നിർണായക അന്വേഷണ പുരോഗതി റിപ്പോർട്ട് പ്രത്യേക സംഘം ഹൈക്കോടതിക്ക് കൈമാറി. കഴിഞ്ഞ ദിവസം കൊല്ലം വിജിലൻസ് കോടതി, പ്രത്യേക അന്വേഷണസംഘത്തിനു കൈമാറിയ റിപ്പോർട്ടിൽ ശബരിമലയിലെ സ്വർണപ്പാളികളിലെ കവർച്ച വ്യക്തമാക്കുന്നതായാണ് വിവരം.

ദ്വാരപാലക ശിൽപ്പങ്ങൾ അടക്കമുള്ള സ്വർണ്ണപ്പാളികളുടെ വിഎസ്എസ്സിയിൽനിന്നുമുള്ള ശാസ്ത്രീയ പരിശോധന ഫലം റിപ്പോർട്ടിനൊപ്പം ഹാജരാക്കി. പോറ്റിയും സംഘവും സ്ഥാപിച്ചത് യഥാർത്ഥ പാളികളാണോ എന്ന ചോദ്യത്തിനുള്ള ഉത്തരം റിപ്പോർട്ടിൽ ഉണ്ടാകും. സ്വർണ്ണപ്പാളികളിൽ നിന്ന് കൂടുതൽ സ്വർണം നഷ്ടമായി എന്നാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്.

2019-ൽ സ്വർണക്കൊള്ള കേസിലെ മുഖ്യ സൂത്രധാരനായ ഉണ്ണികൃഷ്ണൻ പോറ്റി കൊണ്ടുപോയി തിരികെയെത്തിച്ച കട്ടിള, ദ്വാരപാലക പാളികളിൽ സ്വർണത്തിൽ വ്യത്യാസം വന്നെന്നാണ് ശാസ്ത്രീയ പരിശോധനാ ഫലം വ്യക്തമാക്കുന്നത്. 1998-ൽ സ്വർണം പൊതിഞ്ഞ മറ്റ് പാളികളുമായി ശാസ്ത്രീയ പരിശോധനയിൽ താരതമ്യപഠനം നടത്തിയപ്പോഴാണ് വ്യത്യാസം കണ്ടെത്തിയത്. സ്വർണം പ്രത്യേക അനുപാതത്തിൽ മുറിച്ചെടുത്താണ് ശാസ്ത്രീയ പരിശോധനയ്ക്കായി വിഎസ്എസ്സിക്ക് സമർപ്പിച്ചത്. പ്രത്യേക അന്വേഷണ സംഘത്തലവൻ കൂടിയായ

(ശേഷം 34-ാം പേജിൽ)

## സ്കൂൾ കലോത്സവത്തിൽ കണ്ണൂരിന് സ്വർണകിരീടം

തൃശൂർ: ശക്തന്റെ തട്ടകത്തിൽ കൗമാരകലയുടെ സ്വർണകിരീടം കണ്ണൂരിന്. തൃശൂരിൽ സമാപിച്ച 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നിമിഷംതോറും മാറിമറിഞ്ഞ സ്കോറുകളിലൂടെ 1,028 പോയിന്റുമായാണ് കണ്ണൂർ ചാമ്പ്യന്മാരായത്. കഴിഞ്ഞ വർഷത്തെ വിജയിയും ആതിഥേയരുമായ തൃശൂർ 1,023 പോയിന്റുമായി രണ്ടാം സ്ഥാനത്തായി. കലോത്സവത്തിന്റെ തുടക്കം മുതൽ ഓരോ ദിനവും ഒരേ പോലെ മുന്നേറിയ രണ്ടു ജില്ലകളുടെയും പോരാട്ടത്തിൽ അവസാന നിമിഷം വരെ വിജയിയെ പ്രവചിക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. 1,017 പോയിന്റുമായി കോഴിക്കോട് മൂന്നാം സ്ഥാനം കരസ്ഥമാക്കി. കഴിഞ്ഞവർഷം തിരുവനന്തപുരത്ത് നടന്ന കലോത്സവത്തിൽ കണ്ണൂർ നഷ്ടപ്പെടുത്തിയ കപ്പാണു തിരിച്ചുപിടിച്ചത്.

(ശേഷം 34-ാം പേജിൽ)



തൃശൂരിൽ സമാപിച്ച 64-ാമത് കേരള സ്കൂൾ കലോത്സവത്തിൽ ജേതാക്കളായ കണ്ണൂർ ജില്ലാ ടീമിന് നടൻ മോഹൻലാൽ, വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി എന്നിവർ ചേർന്ന് സ്വർണക്കപ്പ് സമ്മാനിക്കുന്നു.

## സ്കോളർഷിപ് വൈകുന്നത് പഠനത്തെ തടസ്സപ്പെടുത്തരുത്: സുപ്രീംകോടതി

ന്യൂഡൽഹി: സ്കോളർഷിപ് വൈകുന്നതിനാൽ ഫീസടയ്ക്കാനാവാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുന്നതിൽ നിന്ന് വിലക്കുകയോ രേഖകൾ തടഞ്ഞുവെക്കുകയോ ചെയ്യരുതെന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് സുപ്രീംകോടതി. വിദ്യാർത്ഥികളുടെ ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയാണ് അടുത്തിടെ സുപ്രീംകോടതി വിശദമായ മാർഗനിർദേശമിറക്കിയത്.

സ്കോളർഷിപ് വൈകുന്നത് തടയാനും സുപ്രീംകോടതി നിർദേശം നല്കി. എല്ലാ സ്കോളർഷിപ്പുകളും നാലു മാസത്തിനകം കേന്ദ്ര-സംസ്ഥാന അതോറിറ്റികൾ കൊടുത്തുതീർക്കണം. സ്കോളർഷിപ്പുകൾ നല്കാത്തതിനു കാരണമുണ്ടെങ്കിൽ നോട്ടീസിലൂടെ സ്ഥാപനങ്ങളെയും വിദ്യാർത്ഥികളെയും രണ്ടു മാസത്തിനകം അറിയിക്കണം. ഭാവിയിൽ സ്കോളർഷിപ്പുകൾ കൃത്യസമയത്തു നല്കണമെന്നും കോടതി ആവശ്യപ്പെട്ടു.

ഡൽഹി ഐഐടിയിൽ ആത്മഹത്യ ചെയ്ത രണ്ട് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ നല്കിയ ഹർജിയിലാണ് സുപ്രീംകോടതി പരിഗണിക്കുന്നത്. അക്കാദമിക സമ്മർദ്ദവും ജാതിവിവേചനവുമാണ് ആത്മഹത്യയ്ക്കു പിന്നിലെന്നാണ് രക്ഷിതാക്കൾ പറയുന്നത്.

## ലക്ഷം കടന്ന് പകർച്ചപ്പനി

തിരുവനന്തപുരം: പുതുവർഷത്തിലും മരണം വിതച്ച് അമീബിക് മസ്തിഷ്ക ജ്വരം. മൂന്നാഴ്ചയ്ക്കിടെ നാല് പേരാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചു മരിച്ചത്. 10 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഏഴെണ്ണവും തിരുവനന്തപുരത്താണ്. കൊല്ലം, മലപ്പുറം, തൃശൂർ ജില്ലകളിൽ ഓരോ കേസ് വീതം റിപ്പോർട്ട് ചെയ്തു. തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം, തൃശൂർ ജില്ലകളിലാണ് മരണം. കഴിഞ്ഞവർഷം ആകെ 201 അമീബിക് മസ്തിഷ്ക ജ്വര കേസ് റിപ്പോർട്ട് ചെയ്തതിൽ 47 പേർ മരിച്ചു. കേരളത്തിലെ പകർച്ചപ്പനി ബാധിതരുടെ എണ്ണം മൂന്നാഴ്ചയ്ക്കിടെ ലക്ഷം കടന്നു. 1.12 ലക്ഷം പേരാണ് ചികിത്സ തേടിയത്. 26,691 പേർക്ക് ഛർദി, അതിസാര രോഗങ്ങൾ പിടിപെട്ടു. ഡെങ്കിപ്പനി ബാധിച്ച 742 പേരിൽ നാല് പേർ മരിച്ചു. 124 എലിപ്പനി ബാധിതരിൽ രണ്ടു പേരും 894 മഞ്ഞപ്പിത്ത ബാധിതരിൽ മൂന്ന് പേരും മരിച്ചു. ചെള്ളുപനിയും വ്യാപിക്കുന്നുണ്ട്. ഈ രോഗം 57 പേരെ ബാധിച്ചതിൽ ഒരാൾ മരിച്ചു. അഞ്ച് ഷിഗെല്ല കേസുകളും ഒരു എംപോക്സ് കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

# സമുദായശക്തി വിളിച്ചോതി ക്നാനായ മഹാസംഗമം

ചിങ്ങവനം: വർണാഭമായ മഹാറാലിയും മഹാസംഗമവും ഒരുക്കി ക്നാനായ സമുദായ ദിനാചരണം. മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന സമുദായ മെത്രാപ്പൊലീത്ത ആർച്ച്ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസിന്റെ നേതൃത്വത്തിലാണു മഹാറാലി ആരംഭിച്ചത്.

ജനുവരി 18-ന് ഉച്ചകഴിഞ്ഞ് മൂന്നിനു കുറിച്ചി മന്ദിരം തിരുശേഷിപ്പ് ചാപ്പലിൽനിന്ന് ആരംഭിച്ച മഹാറാലി, സമ്മേളനം നടന്ന ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിലെ ക്നായി തൊമ്മൻ നഗറിൽ സമാപിച്ചു. സമുദായ മെത്രാപ്പൊലീത്തയെ വഹിച്ചു കൊണ്ടുള്ള രഥവും സമുദായ നേതൃത്വവും ക്നാനായ കമ്മിറ്റിയും വിവിധ ഇടവകകളിൽ നിന്നുള്ള പതിനായിരക്കണക്കിന് വിശ്വാസികളും റാലിയിൽ അണിനിരന്നു.


ക്നാനായ മഹാസംഗമം ചിങ്ങവനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

സമ്മേളന നഗരിയിലേക്ക് മുഖ്യമന്ത്രി പിണറായി വിജയനെ ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. മാർഗംകളിയും നടവിളിയുമായി പാരമ്പര്യത്തനിമ ചോരാത്ത സ്വീകരണമാണ് ഒരുക്കിയത്. യോഹന്നാന്റെ സുവിശേഷത്തിലെ 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു, മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല' വാക്യങ്ങൾ ഉദ്ധരിച്ചാണ് ക്നാനായ സമുദായത്തിന്റെ പ്രാധാന്യം മുഖ്യമന്ത്രി വിവരിച്ചത്.

ക്നാനായ സമുദായം തനിമ കാത്തു സൂക്ഷിക്കുമ്പോൾത്തന്നെ നാടിന്റെ നന്മയ്ക്കായി പ്രവർത്തനം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അനുഗ്രഹ പ്രഭാഷണത്തിന് എത്തിയ ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാന്റെ മെത്രാഭിഷേക ദിനവും ഇന്നുതന്നെയെന്ന് സൂചിപ്പിച്ച്, പ്രഭാഷണത്തിനു മുൻപ് കുര്യാക്കോസ് മാർ സേവേറിയോസ് ആശംസ അറിയിക്കുകയും ചെയ്തു.

# ജെ.സി. ഡാനിയേൽ പുരസ്കാരം ശാരദയ്ക്ക്

തിരുവനന്തപുരം: മലയാള ചലച്ചിത്രരംഗത്തെ ആയുഷ്കാല സംഭാവനയ്ക്കുള്ള 2024-ലെ ജെ.സി. ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക്. അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന അവാർഡ് 25-ന് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കുമെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ അറിയിച്ചു.

2017-ലെ ജെ.സി. ഡാനിയേൽ അവാർഡ് ജേതാവ് ശ്രീകുമാരൻ തമ്പി ചെയർപേഴ്സണും നടി ഉർവശി, സംവിധായകൻ ബാലു കിരിയത്ത് എന്നിവർ അംഗങ്ങളും ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് മെമ്പർ സെക്രട്ടറിയുമായ സമിതിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്. കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്രബഹുമതി ലഭിക്കുന്ന 32-ാമത്തെ ചലച്ചിത്രപ്രതിഭയാണ് 80-കാരിയായ ശാരദ.

അഭിനേത്രിയെന്ന നിലയിൽ അസാധാരണ പ്രതിഭ തെളിയിച്ച ശാരദ



രണ്ടു തവണ മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം മലയാള സിനിമയ്ക്ക് നേടിത്തന്നുവെന്ന് ജൂറി അഭിപ്രായപ്പെട്ടു. അറുപതുകൾ മുതലുള്ള രണ്ടു പതിറ്റാണ്ടുകളിലെ മലയാളിസ്ത്രീയെ തിരശീലയിൽ അനശ്വരയാക്കാൻ ശാരദയ്ക്കു കഴിഞ്ഞു. ആ കാലഘട്ടത്തിലെ മലയാളി സ്ത്രീയുടെ സഹനങ്ങളെയും ദുരിതങ്ങളെയും നിയന്ത്രിതമായ ഭാവപ്പകർച്ചകളോടെ അവതരിപ്പിച്ച ശാരദയ്ക്ക് 1968-ൽ 'തുലാഭാരം' എന്ന സിനിമയിലൂടെയാണ് ആദ്യ ദേശീയ പുരസ്കാരം ലഭിച്ചത്. തുടർന്ന് 1972-ൽ അടൂർ ഗോപാലകൃഷ്ണന്റെ 'സ്വയംവരം' എന്ന ചിത്രത്തിലൂടെയും 1977-ൽ തെലുങ്ക് ചിത്രമായ 'നിമജ്ജന'ത്തിലൂടെയും അവർ ദേശീയ അംഗീകാരം നേടി.

ത്രിവേണി, മുറപ്പെണ്ണ്, മൂലധനം, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം തുടങ്ങിയ ചിത്രങ്ങളിൽ മലയാളിക്ക് ഒരിക്കലും മറക്കാനാകാത്ത നിരവധി കഥാപാത്രങ്ങളെ അവതരിപ്പിച്ച ശാരദ, കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിക്ക് എന്തുകൊണ്ടും അർഹയാണെന്ന് ജൂറി വിലയിരുത്തി.

## സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചെങ്കിലും റീഡിങ്ങും ബില്ലിങ്ങും പഴയ രീതിയിൽ

തിരുവനന്തപുരം: ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടതിന്റെ പകുതിയിലധികം സ്മാർട്ട് മീറ്ററുകൾ കെഎസ്ഇബി സ്ഥാപിച്ചെങ്കിലും അവയിലെ മീറ്റർ റീഡിങ്ങും ബില്ലിങ്ങും പഴയ രീതിയിൽ ജീവനക്കാർ തന്നെ നേരിട്ടു നടത്തുന്നു. ആവശ്യമായ സോഫ്റ്റ്വെയറുകൾ സംയോജിപ്പിക്കാത്തതാണ് പഴയരീതി തുടരുന്നതിന് കാരണം. കാര്യങ്ങൾ സ്മാർട്ടായില്ലെങ്കിലും മാനദണ്ഡങ്ങൾ പാലിച്ചില്ലെങ്കിൽ കേന്ദ്ര ആനുകൂല്യങ്ങൾ നഷ്ടമാകുമെന്നതിനാൽ പദ്ധതിയുടെ രണ്ടാംഘട്ടമായി 50 ലക്ഷം സ്മാർട്ട് മീറ്റർ കൂടി വാങ്ങാനുള്ള ടെൻഡർ നടപടികളിലേക്കു കടന്നിരിക്കുകയാണ് കെഎസ്ഇബി ഇപ്പോൾ.

കേന്ദ്രം നിർദേശിച്ച ടോട്ടൽ എക്സ്പെൻഡിച്ചർ (ടോട്ടെക്സ്) മാതൃകയ്ക്കു ബദലായി മൂലധന ചെലവ് (കാപെക്സ്) മാതൃകയിലാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നത്. കാപെക്സ് മാതൃകയ്ക്ക് കേന്ദ്രം തത്വത്തിൽ അനുമതി നൽകിയെങ്കിലും മീറ്റർ സ്ഥാപിക്കുമ്പോൾ പ്രഖ്യാപിച്ചിരുന്ന ധനസഹായത്തിന്റെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. രണ്ടു മാതൃകകളിലും ടെൻഡർ നിബന്ധനകളിൽ മാറ്റം ഇല്ലെന്നതു ചൂണ്ടിക്കാട്ടി വീണ്ടും കേന്ദ്രത്തെ സമീപിക്കാനുള്ള ഒരുക്കത്തിലാണ് കെഎസ്ഇബി. ടോട്ടെക്സ് മാതൃക നടപ്പാക്കിയാൽ ആകെ ചെലവിന്റെ 15 ശതമാനം കേന്ദ്ര ധനസഹായം ലഭിക്കുമായിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 03
January 19, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

മറ്റുള്ളവരുടെ നന്മയെ അന്വേഷിക്കുന്നവർ സ്വന്തം നന്മ കണ്ടെത്തുന്നു.
**പ്ലേറ്റോ**

മഹത്വത്തെപ്പറ്റി ചിന്തിക്കാതെ സത്യത്തെ അന്വേഷിക്കുന്നവർക്ക് രണ്ടും ലഭിക്കുന്നു.
**ഹോരസ്മാൻ**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


DOULOS BIBLICAL SEMINARY
VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
ZOOM
ACCESSIBLE FROM
INDIA, GULF, EUROPE
CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289
26 YEARS
IN CHRISTIAN
MINISTRY


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# എസ്ഐആറിൽ സുതാര്യതയില്ലെന്ന് മുൻ കമ്മീഷണർ

ന്യൂഡൽഹി: സംവാദവും വിവാദവും ക്ഷണിച്ചുവരുത്തിയ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനമാണ് വോട്ടർപട്ടിക പ്രത്യേക തീവ്രപരിഷ്കരണമെന്നും (എസ്ഐആർ) അതിൽ സുതാര്യതയുടെ അഭാവം പലതും ഉയർന്നുവന്നിട്ടുണ്ടെന്നും മുൻ തെരഞ്ഞെടുപ്പ് കമ്മീഷണർ അശോക് ലവാസ.

ഇന്ത്യൻ വുമൺ പ്രസ് കോർ സംഘടിപ്പിച്ച 'തെരഞ്ഞെടുപ്പു കമ്മീഷന്റെ വിശ്വാസ്യതയും ഇന്ത്യൻ ജനാധിപത്യവും' എന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2018 മുതൽ 2020 വരെ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്നു ലവാസ.

ഉദ്ദേശ്യം, മാർഗം, നടപടിക്രമം എന്നീ തലങ്ങളിൽ എസ്ഐആറിനെ കാണണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ശുദ്ധമായ വോട്ടർ പട്ടിക വേണമെന്ന ഉദ്ദേശ്യം നല്ലതാണെന്നതിൽ സംശയമില്ല. എന്നാൽ, അതു നേടാനുള്ള നയം (മാർഗം) ഇതാവണോ എന്നതാണ് ചോദ്യം. ഒപ്പം അതുനടപ്പാക്കാനുപയോഗിച്ച നടപടിക്രമങ്ങളിൽ സുതാര്യതയുടെ അഭാവവും ഉയർന്നു. തെരഞ്ഞെടുപ്പ് കമ്മീഷന് എസ്ഐആർ നടപ്പാക്കാൻ എല്ലാ തരത്തിലുമുള്ള അധികാരമുണ്ട്. അതാണ് സുപ്രീംകോടതി ശരിവെച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാക്കാലത്തും ഉറപ്പാക്കിയത് വോട്ടർ പട്ടികയിൽ യഥാർത്ഥ വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ടോ എന്നതാണ്. അതുകാരണം ജനാധിപത്യത്തിൽ ഇന്ത്യക്ക് വലിയ സ്ഥാനമുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 326-ൽ വോട്ടിനുള്ള യോഗ്യത കൃത്യമായി നിർവചിച്ചിട്ടുണ്ട്. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സ്ഥലം മാറുമ്പോൾ ഒരാൾ അയോഗ്യനാവാത്തതിനാൽ യോഗ്യതാനിർണയം കൃത്യമാകണം. മുൻകാലങ്ങളിൽ പൗരന്മാർക്ക് വോട്ടവകാശം നല്കാനാണ് ശ്രമിച്ചതെങ്കിൽ ഇപ്പോൾ അത് മാറി. 2023-ൽ ബിഹാറിൽ അവസാനമായി ഉപയോഗിച്ച നടപടിക്രമം കമ്മീഷന്റെ വെബ്സൈറ്റിൽ പോലുമില്ലാത്തതും സുതാര്യതാപ്രശ്നം സൃഷ്ടിച്ചതായി അദ്ദേഹം കൂട്ടിച്ചേർത്തു.

കമ്മീഷനെ വിശ്വസിക്കുന്നവർ കുറഞ്ഞുവരുകയാണെന്ന് അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) മേധാവി റിട്ട. മേജർ ജനറൽ അനിൽ വർമ പറഞ്ഞു. എസ്ഐആർ പ്രക്രിയയിൽ വോട്ടർമാരുടെ പൗരത്വം നിർണയിക്കാനോ സ്ഥിരീകരണത്തിനു നിർബന്ധിക്കാനോ കമ്മീഷന് അധികാരമില്ലെന്നും അദ്ദേഹം പറഞ്ഞു.

## സുഖപ്രദമായ ജയിൽ ജീവിതം

ഒരുതരത്തിലുള്ള സേവന-വേതന വ്യവസ്ഥയുമില്ലാതെ, സമൂഹത്തിന്റെ താഴത്തട്ടിൽ അക്ഷീണസേവനം നിർവഹിക്കുന്ന ആശാ വർക്കർമാർ തുച്ഛമായ വേതനവർധനയ്ക്കുവേണ്ടി നടത്തിയ സമരത്തിനുനേരെ സർക്കാർ ക്രൂരമായി മുഖംതിരിച്ചതു നാം കണ്ടതാണ്. പരിഹസിച്ചും അവഹേളിച്ചും ആ സമരത്തെ തോൽപിക്കാനുള്ള ശ്രമങ്ങൾ ഒരു ജനകീയ സർക്കാരിൽനിന്ന് ഉണ്ടാകേണ്ടതായിരുന്നില്ല. ഈ സർക്കാർ ആർക്കുവേണ്ടിയാണെന്ന ചോദ്യത്തിന് ഇപ്പോൾ കൃത്യമായൊരു മറുപടി സർക്കാർതന്നെ നൽകിയിരിക്കുകയാണ്. ആശാ വർക്കർമാരും തൊഴിലുറപ്പു തൊഴിലാളികളും അടക്കമുള്ളവർക്കു നൽകുന്നതിലും കൂടുതൽ വേതനം കേരളത്തിൽ തടവുകാർക്കു നൽകിയതിൽ ആ സന്ദേശം സുവ്യക്തം.

റേഷനും മരുന്നിനും പോലും തികയാത്ത തുച്ഛവേതനക്കാരുടെ കൺമുന്നിൽ പിഎസ്സി അംഗങ്ങൾക്ക് ശമ്പളവർധന കൊടുത്തതിന്റെ സാമൂഹികാഘാതം തിരിച്ചറിയാൻ ശേഷിയില്ലാത്ത 'തൊഴിലാളിവർഗപ്പാർട്ടി'ക്കും ആരാധകർക്കും ഈ അഴിമതിയും മനസ്സിലാകില്ല. പറയാതെ വയ്യ; തുച്ഛവേതനംപോലും നിഷേധിച്ചും നിന്ദിച്ചും ഈ സർക്കാർ ചവിട്ടിത്തേച്ച നിസഹായരായ മനുഷ്യരുടെ വിയർപ്പിലും കണ്ണീരിലും ചാലിച്ചാണ് പിണറായി സർക്കാർ ഈ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്നത്. വിവിധ മേഖലകളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേതന നിരക്കുപോലും കണക്കിലെടുക്കാതെ ആഭ്യന്തരവകുപ്പ് തടവുകാരുടെ വേതനം കൂട്ടിയതിനെതിരെ വ്യാപക പ്രതിഷേധമാണ് ഉയരുന്നത്. കയർ തൊഴിലാളികൾക്ക് 468 രൂപ, സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് 596 രൂപ, കശുവണ്ടിത്തൊഴിലാളികൾക്ക് 538 രൂപ, പെട്രോൾ പമ്പ് ജീവനക്കാർക്ക് 458 രൂപ എന്നിങ്ങനെയാണ് മിനിമം വേതനം. ഇതൊന്നും കാലോചിതമായി പരിഷ്കരിക്കാതെ തടവുകാരുടെ കാര്യത്തിൽ മാത്രം സർക്കാർ പ്രത്യേക താൽപര്യം കാട്ടുമ്പോൾ അതിനെ എങ്ങനെയാണു ജനം വിലയിരുത്തേണ്ടത്? ശിക്ഷാത്തടവുകാരെയാണു ജയിലിൽ വിവിധ ജോലികൾക്കു നിയോഗിക്കുന്നത്. കഠിനതടവിനു വിധിക്കപ്പെട്ടവർ നിർബന്ധമായും അല്ലാത്തവർ താൽപര്യമനുസരിച്ചും ജോലിയിൽ ഏർപ്പെടണം. ഭക്ഷ്യോൽപന്ന യൂണിറ്റ്, പെട്രോൾ പമ്പ് എന്നിങ്ങനെ വരുമാനമുണ്ടാക്കുന്ന യൂണിറ്റുകൾ അവിടെ നിയോഗിക്കുന്ന തടവുകാരുടെ വേതനം സ്വന്തം നിലയ്ക്കു കണ്ടെത്തണം. വേതനം പലമടങ്ങ് വർധിപ്പിക്കുന്നത് ഈ യൂണിറ്റുകൾക്കു ബാധ്യതയാകും. സ്കൂൾ പാചകത്തൊഴിലാളികളും ഹരിതകർമസേനാംഗങ്ങളും ഹോം ഗാർഡുമാരും ഗിഗ് വർക്കേഴ്സും (ഓൺലൈൻ ഡെലിവറി ജീവനക്കാർ) പാലിയേറ്റീവ് കെയർ നേഴ്സുമാരും ഉൾപ്പെടെ പല രംഗങ്ങളിലുമുള്ള പതിനായിരങ്ങൾ ഇപ്പോഴും കേരള സർക്കാരിന്റെ കാണാമറയത്താണ്. നമ്മുടെ ദൈനംദിന ജീവിതം സുഗമവും സുരക്ഷിതവുമാക്കുന്ന വിവിധ മേഖലകളിലാണെങ്കിലും ഇവരുടെയെല്ലാം ജീവിതത്തിന്റെ പൊതുവിശേഷണം ഒന്നുതന്നെ: അരക്ഷിതാവസ്ഥ! ഇവരുടെ ജീവിതം എങ്ങനെയാണു മുന്നോട്ടുപോകുന്നതെന്നും ഈ മേഖലകളിൽ തൊഴിൽസുരക്ഷ എത്രത്തോളമുണ്ടെന്നും ആലോചിക്കാൻ സമയമില്ലാത്ത കേരള സർക്കാർ പലവിധ കുറ്റങ്ങൾ ചെയ്തു ജയിലിൽ അടയ്ക്കപ്പെട്ടവരുടെ കയ്യടി വാങ്ങാൻ മുന്നിട്ടിറങ്ങുന്നത് സാധാരണ ജനങ്ങളിൽ അമ്പരപ്പുളവാക്കുന്നു.

"ജയിലിലുള്ളവരും മനുഷ്യരാണ്, കൊടുംക്രിമിനലുകളും പാർട്ടിക്കുവേണ്ടി ക്രൂരകൊലപാതകങ്ങൾ നടത്തി ജയിലിൽ 'സുഖവാസം' നടത്തി പരോളിൽ വിലസുന്നവരും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്നവരും മാത്രമല്ല, അപ്രതീക്ഷിത സാഹചര്യങ്ങളാൽ കുറ്റവാളികളായവരുമുണ്ട്. അവർക്കു കൃത്യമായ ജോലിയും സുഖസൗകര്യങ്ങളും മുന്തിയ ഭക്ഷണവും പുറത്തുള്ളതിനേക്കാൾ ശമ്പളവും കൊടുത്താണോ മാനസാന്തരപ്പെടുത്തേണ്ടത് എന്ന ചോദ്യം അവിടെനിൽക്കട്ടെ. എന്തുകൊണ്ടാണ് അവർക്കു ശമ്പളം വർധിപ്പിച്ചപ്പോൾ ഈ കേരളത്തിലെ മനുഷ്യർ പ്രതിഷേധിച്ചതെന്ന് ഈ സർക്കാർ തിരിച്ചറിയണം. അത് ഈ സർക്കാരും പാർട്ടിയും ഇവിടത്തെ തുച്ഛവരുമാനക്കാരുടെ കണ്ണീർസമരങ്ങളോടു സ്വീകരിച്ച നിഷേധാത്മകവും മാടമ്പിത്തരത്തിൽ ഊന്നിയതുമായ സമീപനം ജനം മറന്നിട്ടില്ലാത്തതുകൊണ്ടാണ്.

വിവിധ മേഖലകളിലെ തൊഴിലാളികൾ വേതനത്തിൽനിന്നാണ് ഭക്ഷണത്തിനും ചികിത്സയ്ക്കും പണം കണ്ടെത്തേണ്ടതെങ്കിൽ തടവുകാർക്ക് ഇതു രണ്ടും സൗജന്യമാണെന്നുകൂടി ഓർമിക്കണം. 'എന്നാൽപ്പിന്നെ ജയിലിൽ പോയേക്കാം' എന്നു ചിന്തിക്കുന്നവിധത്തിലാണ് ഇപ്പോഴത്തെ വേതനവർധനയെന്നും ഇനി തടവുകാർക്ക് ആജീവനാന്ത പെൻഷൻകൂടി പ്രഖ്യാപിക്കുമെന്നുമൊക്കെയുള്ള പരിഹാസങ്ങൾ സമൂഹമാധ്യമങ്ങളിൽ ഇപ്പോൾ ഉയരുന്നുണ്ട്. പരമാവധി ദിവസവേതനം 230 രൂപയിൽനിന്നു 350 രൂപയാക്കാനാണ് ജയിൽ വകുപ്പ് ശിപാർശ ചെയ്തതെങ്കിലും മുഖ്യമന്ത്രിയുടെ ഓഫീസ് ഇതു വെട്ടി 620 രൂപയാക്കാൻ നിർദേശിക്കുകയായിരുന്നു. തടവുകാർക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുകയായിരുന്നു മുഖ്യമന്ത്രിയുടെ ലക്ഷ്യം എന്നുകൂടി കേൾക്കുമ്പോൾ ജനത്തിനു ചോദിക്കാതിരിക്കാൻവയ്യ: ഇതാണോ സർ, നവകേരള നിർമിതി?

# ആപ്പലേഷ്യൻ മലനിരകളിൽ ചിറക്കടവിന്റെ പേര്

കോട്ടയം: അമേരിക്കയിലെ 14 സംസ്ഥാനങ്ങളിലൂടെ വനവും മലകളും താണ്ടി ഒരു യാത്ര. ഈ യാത്രയിലൂടെ ചിറക്കടവിന്റെ പെരുമ ഹൈക്കിങ് എന്ന സാഹസികയാത്രയിൽ രേഖപ്പെടുത്തുകയാണ് ബ്രൂസ് തോമസ്.

ലോകത്തിലെ ഏറ്റവും ദുഷ്കരമായ ട്രെയിൽ എന്ന് അറിയപ്പെടുന്ന ആപ്പലേഷ്യൻ ദുർഘട പാതയിലൂടെ 153 ദിവസം സഞ്ചരിച്ച് 3500 കിലോമീറ്ററിലേറെ പിന്നിട്ടാണ് കത്താദിൻ എന്ന പോയിന്റിൽ യാത്ര അവസാനിച്ചത്.

കേരളത്തിൽ നിന്നൊരാൾ ആദ്യമായാണ് ഈ നേട്ടം കൈവരിക്കുന്നത്. ഈ യാത്രയിലൂടെ ആപ്പലേഷ്യൻ ട്രെയിൽ പൂർത്തിയാക്കിയ ആദ്യ മലയാളി എന്ന പേരും ചിറക്കടവ് ചെന്നാക്കുന്ന് പന്യാമാക്കൽ ബ്രൂസ് തോമസ് സ്വന്തമാക്കി. ദിവസങ്ങളോളം ഒരു മനുഷ്യനെപ്പോലും കാണാതെയായിരുന്നു യാത്ര. ഹൈക്കിങ് നടത്തുന്ന പലരും ഏറെദൂരം പിന്നിലോ മുൻപിലോ ഉണ്ടാകും. പക്ഷേ, പരസ്പരം കാണാനുള്ള സാഹചര്യം വളരെ കുറവാണ്. ഒരാഴ്ച വരെയുള്ള ഭക്ഷണം കരുതിയിട്ടുണ്ടാകും. അതു തീർന്നാൽ ട്രെയിൽ വിട്ട് ഏതെങ്കിലും പ്രദേശത്ത് കടകളിലെത്തി സാധനങ്ങൾ വാങ്ങി വീണ്ടും യാത്ര തുടരും. ഇതായിരുന്നു രീതി.



ബ്രൂസ് തോമസ് ആപ്പലേഷ്യൻ ട്രെയിലിന്റെ അവസാന പോയിന്റിലെത്തിയപ്പോൾ.

ലോകമെമ്പാടുമുള്ള ഹൈക്കിങ് പ്രേമികളുടെ സ്വപ്നമാണ് ആപ്പലേഷ്യൻ ട്രെയിലെന്ന് ബ്രൂസ് തോമസ് പറഞ്ഞു. എന്നാൽ, ഇതു പൂർത്തിയാക്കിയവരുടെ എണ്ണം കുറവാണ്. പലരും കഠിനയാത്രയിൽ മനംമടുത്ത് പാതിവഴിയിൽ പിന്തിരിയും.

വർഷങ്ങളായി കാനഡയിൽ താമസിക്കുന്ന ബ്രൂസ് തോമസ് ഇതിനു മുമ്പ് കാനഡയിലെ ട്രെയിലുകളിൽ ഹൈക്കിങ് വിജയകരമായി നടത്തിയിട്ടുണ്ട്. ലോക ഹൈക്കിങ് ഭൂപടത്തിൽ ഇടംപിടിച്ച ബ്രൂസ് തോമസിന് ചിറക്കടവ് പബ്ലിക് ലൈബ്രറി സ്വീകരണം നല്കുകയുണ്ടായി.

# സഹകരണ വകുപ്പ് പൊളിച്ചുപണിയണമെന്ന്

തിരുവനന്തപുരം: സഹകരണ സംഘങ്ങളിലെ ക്രമക്കേടിനും അഴിമതിക്കും വകുപ്പിലെ പോരായ്മ കാരണമാകുന്നെന്ന് പൊതുഭരണ വകുപ്പിന്റെ റിപ്പോർട്ട്.

സഹകരണ വകുപ്പ് അടിമുടി പുനഃസംഘടിപ്പിക്കണം. സ്വന്തക്കാരെ നിയോഗിച്ച് ഓഡിറ്റ് നടത്തുന്ന രീതി ഓഡിറ്റിങ്ങിന്റെ അടിസ്ഥാന തത്വം പോലും ലംഘിക്കുന്നതാണ്. ഇത് കള്ളത്തരത്തിനു കൂട്ടു നിൽക്കുന്നതിനു കാരണമാകും.

437 ഓഡിറ്റർമാരാണ് സഹകരണ വകുപ്പിൽ അംഗീകൃത തസ്തികയിലുള്ളത്. എന്നാൽ, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് പണം വാങ്ങി 1550 പേരെയാണ് അധികമായി നിയമിച്ചിട്ടുള്ളത്. പണം കൊടുക്കുന്ന സ്ഥാപനത്തിലെ വീഴ്ചകൾ റിപ്പോർട്ട് ചെയ്യാൻ ഇവർക്ക് മടിയുണ്ടാകും. ഇങ്ങനെ നിയമിച്ചവരടക്കം 1555 പേരാണ് സഹകരണ വകുപ്പിലുള്ളത്.

ഇവരിൽ 1141 പേരുടെ ജോലിയേ വകുപ്പിലുള്ളൂ. അതിനാൽ അടിയന്തരമായി വകുപ്പ് പുനഃസംഘടന വേണമെന്നാണ് മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്നു നടത്തിയ പഠനത്തിന്റെ കണ്ടെത്തൽ.

ഗുരുതരമായ ക്രമക്കേട് കണ്ടെത്തിയാൽ അക്കാര്യം മേലുദ്യോഗസ്ഥരെ അറിയിച്ചില്ലെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കണം. സഹകരണ ഓഡിറ്റ് വിഭാഗത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പു പോലെ സ്വതന്ത്രരാക്കണമെന്നാണ് മറ്റൊരു ശിപാർശ. ഓഡിറ്റിനു വിധേയമാകുന്ന സ്ഥാപനം പണം നല്കി അവർക്കിഷ്ടമുള്ളവരെ ഓഡിറ്റിന് നിയോഗിക്കുന്ന രീതി വേണ്ട.

എസ്.എസ്.എൽ.സി യോഗ്യത ബിരുദവും സഹകരണ പരിശീലനവുമാക്കി പരിഷ്കരിക്കണം. എസ്എസ്എൽസി യോഗ്യതയിൽ ഗ്രാമവികസന വകുപ്പിൽ വിഇഒ ആയി കയറുന്നവർക്ക് സഹകരണ വകുപ്പിൽ ഓഡിറ്റർ-ഇൻസ്പെക്ടർ തസ്തികയിലേക്ക് മാറ്റം അനുവദിക്കുന്നുണ്ട്. ഇത് അടിയന്തരമായി നിർത്തണമെന്നും ശിപാർശയുണ്ട്.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara, Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# വൈവിധ്യമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയെന്ന് മോദി

ന്യൂഡൽഹി: വൈവിധ്യമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ജനാധിപത്യത്തിന്റെ വ്യാപ്തി അസാധാരണവും വിജയകരവുമാണെന്നും ജനാധിപത്യത്തിന്റെ വൈവിധ്യത്തെ ഇന്ത്യ വിജയകരമായി പരിവർത്തനം ചെയ്തുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നൂതനാശയങ്ങളും നവീന സാങ്കേതിക വിദ്യകളും ഗ്ലോബൽ സൗത്തിനും കോമൺവെൽത്ത് രാജ്യങ്ങൾക്കും ഗുണകരമാക്കുന്നതിന് ഇന്ത്യ തുടർച്ചയായി ശ്രമിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗ്ലോബൽ സൗത്തിലെ പങ്കാളി രാജ്യങ്ങൾക്ക് ഇന്ത്യയിലേതുപോലെയുള്ള സംവിധാനങ്ങൾ വികസിപ്പിക്കാൻ കഴിയുന്ന തരത്തിൽ ഓപ്പൺ സോഴ്സ് സാങ്കേതിക വിദ്യ പ്ലാറ്റ്ഫോമുകളും ഇന്ത്യ സൃഷ്ടിക്കുന്നുണ്ടെന്ന് മോദി വ്യക്തമാക്കി. പഴയ പാർലമെന്റിലെ (സംവിധാൻ സദൻ) സെൻട്രൽ ഹാളിൽ കോമൺവെൽത്ത് സ്പീക്കർമാരുടെ സമ്മേളനം (സിഎസ്പിഒസി- കോൺഫറൻസ് ഓഫ് സ്പീക്കർ ആൻഡ് പ്രിസൈഡിംഗ് ഓഫീസേഴ്സ് ഓഫ് ദി കോമൺവെൽത്ത്) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.



കോമൺവെൽത്തിലെ 42 ദേശീയ പാർലമെന്റുകളിൽ നിന്നുള്ള 61 സ്പീക്കർമാരും പ്രിസൈഡിംഗ് ഓഫീസർമാരും സമ്മേളനത്തിനെത്തി. ഇന്ത്യയുടെ ജനാധിപത്യയാത്രയുടെ മഹത്തായ സ്ഥലത്താണു യോഗം നടക്കുന്നതെന്നു മോദി പറഞ്ഞു. ഭരണഘടനാ അസംബ്ലിയുടെ യോഗം നടന്നതും ഇതേ സെൻട്രൽ ഹാളിലാണെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു.

പാർലമെന്റ് നിലവിലില്ലാത്ത പാകിസ്ഥാൻ, ബംഗ്ലാദേശ് പ്രതിനിധികളെത്തിയില്ല. കേന്ദ്രമന്ത്രിമാരായ ജെ.പി. നഡ്ഡ, എസ്. ജയശങ്കർ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, ഇത്രയും വലിയ വൈവിധ്യമുള്ള രാജ്യത്തു ജനാധിപത്യം നിലനിൽക്കുമോയെന്ന് ലോകം സംശയിച്ചു. ഈ ഭയം തെറ്റാണെന്ന് ഇന്ത്യ തെളിയിച്ചു.

ജനാധിപത്യം എങ്ങനെയെങ്കിലും അതിജീവിച്ചാലും ഇന്ത്യക്കു വികസനം കൈവരിക്കാൻ കഴിയില്ലെന്നായിരുന്നു മറ്റൊരു ആശങ്ക. ഇതും ശരിയല്ലെന്നു രാജ്യം തെളിയിച്ചു.

ഗ്ലോബൽ സൗത്തിനു ഗുണം ചെയ്യുന്ന നൂതനാശയങ്ങൾ സൃഷ്ടിക്കാൻ ഇന്ത്യ ശ്രമിക്കുന്നുണ്ട്. ഏതൊരു നൂതനാശയവും മുഴുവൻ ഗ്ലോബൽ സൗത്തിനും കോമൺവെൽത്ത് രാജ്യങ്ങൾക്കും പ്രയോജനമാണെന്ന് ഉറപ്പാക്കുകയെന്നതിനാണ് ഇന്ത്യയുടെ തുടർച്ചയായ ശ്രമം.

ഗ്ലോബൽ സൗത്തിനെ ഉയർത്തിക്കൊണ്ടുവരാൻ എല്ലാ ആഗോളവേദികളിലും ഇന്ത്യ മുൻകൈയെടുക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അറിവ് പ്രോത്സാഹിപ്പിക്കുന്നതിനു ഡൽഹി സമ്മേളനം സഹായകമാകുമെന്നു മോദി പറഞ്ഞു.

# ക്ഷാമബത്ത അവകാശമല്ലെന്ന് സർക്കാർ

കൊച്ചി: ഡിഎ (ക്ഷാമബത്ത) ജീവനക്കാരുടെ അവകാശമല്ലെന്നും അതിന്റെ കുടിശിക നൽകുന്നത് കടുത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. സർക്കാർ ഇക്കാര്യത്തിലെടുക്കുന്ന തീരുമാനം നയപരമായ തീരുമാനമായി കണക്കാക്കാമെന്നും കോടതിയുടെ ഇടപെടലിനു പരിമിതിയുണ്ടെന്നും സത്യവാങ്മൂലത്തിലൂടെയാണ് അറിയിച്ചത്. കുടിശികയായ ഡിഎ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസ് നൽകിയ ഹർജി പരിഗണിക്കവേയാണ് സത്യവാങ്മൂലം.

നിയമപ്രകാരമുള്ള ആനുകൂല്യമല്ലാത്തതിനാൽ ഡിഎ വിതരണത്തിന്റെ കാര്യത്തിൽ, സമയക്രമം അറിയിക്കാനാകില്ല. ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണം ക്ഷാമബത്ത/ക്ഷാമാശ്വാസം തുടങ്ങിയവയിൽ തീരുമാനമെടുക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചാണ്.

ദരിദ്ര വിഭാഗങ്ങളിലുള്ളവരുടെ ക്ഷേമത്തിനായി മറ്റ് സാമൂഹിക സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന് ഉത്തരവാദിത്തമുണ്ടെന്നും അതിനാൽ ഡിഎ, പെൻഷൻ, ശമ്പള പരിഷ്കരണം തുടങ്ങിയ വിഷയങ്ങളിൽ സമൂഹത്തിന്റെ പൊതുവായ താൽപര്യവും പരിഗണിക്കേണ്ടതുണ്ടെന്നും സത്യവാങ്മൂലത്തിൽ പറയുന്നു. ധനകാര്യ അണ്ടർ സെക്രട്ടറി കെ.എ. നവാസാണ് സ്പെഷൽ ഗവൺമെന്റ് പ്ലീഡർ പി.കെ. ബാബു വഴി സത്യവാങ്മൂലം നൽകിയത്. ഡിഎ അനുവദിക്കുന്നതിൽ സർക്കാർ നിലവിൽ പുതിയ രീതിയാണ് പിന്തുടരുന്നത്. ഇതു പ്രകാരം അഡിഷണൽ ഡിഎ അനുവദിക്കുന്ന മാസം മുതലാണ് ഡിഎ നൽകുന്നതെന്നും അഡീഷണൽ ഡിഎ അനുവദിച്ചതുമായി ബന്ധപ്പെട്ടു കുടിശികയില്ലെന്നും പറയുന്നു.

കേരള സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ വെച്ച നിയന്ത്രണം ചോദ്യം ചെയ്യുന്ന ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലാണെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു.

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഡിഎ വിഷയത്തിലെ പുനഃപരിശോധന സാദ്ധ്യമാകുകയുള്ളൂ. 2020 ജനുവരി ഒന്ന് മുതൽ 2021 ജൂൺ 30 വരെ കേന്ദ്ര സർക്കാരും ഡിഎ തടഞ്ഞിരുന്നു. ഈ കുടിശിക പിന്നീട് നൽകിയിട്ടുമില്ല.

# റോഡപകടത്തിൽ പരുക്കേറ്റയാൾക്ക് രണ്ടു കോടി നഷ്ടപരിഹാരം

മണ്ണഞ്ചേരി: ക്ഷേത്രത്തിൽ ശിങ്കാരിമേളം അവതരിപ്പിച്ച് മടങ്ങുകയായിരുന്ന സംഘം സഞ്ചരിച്ചിരുന്ന വാൻ അപകടത്തിൽപ്പെട്ട് അരയ്ക്ക് താഴേയ്ക്ക് തളർന്നുപോയ യുവാവിന് രണ്ടു കോടി ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ സുപ്രീം കോടതി വിധി. തണ്ണീർമുക്കം വാരണം പീച്ചനാട്ട്വെളി വീട്ടിൽ എം. സുധീഷ് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസുമാരായ സഞ്ജയ് കരോൾ, നൊങ് മെയ്കപം കൊടീശ്വർ സിങ് എന്നിവർ ഉത്തരവിട്ടത്.

2012 ഫെബ്രുവരി 21-നാണ് നാടിനെ നടുക്കിയ അപകടം ഉണ്ടായത്. വാഗമണ്ണിലെ പശുപാറ മഹാദേവ ക്ഷേത്രത്തിൽ ശിങ്കാരിമേളവും ഗരുഡൻ തൂക്കവും അവതരിപ്പിച്ച് മടങ്ങുകയായിരുന്ന സംഘം സഞ്ചരിച്ചിരുന്ന വാൻ ആണ് വാഗൺ-ഈരാറ്റുപേട്ട റോഡിൽ അപകടത്തിൽപ്പെട്ടത്.

അമിതവേഗവും ഡ്രൈവറുടെ അശ്രദ്ധയുംമൂലം വാൻ റോഡിൽനിന്ന് കൊക്കയിലേക്ക് മറിയുകയായിരുന്നു. അപകടത്തിൽ നാലുപേർ മരിക്കുകയും സുധീഷടക്കം 19 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. പഞ്ചാരിമേള സംഘത്തിലെ അംഗമായിരുന്ന സുധീഷിന്റെ കൈകളും തളർന്നുപോയി. മുഹമ്മ, തണ്ണീർമുക്കം കഞ്ഞിക്കുഴി പഞ്ചായത്തുകളിൽ ഉൾപ്പെട്ടവരായിരുന്നു അപകടത്തിൽപ്പെട്ട സംഘത്തിൽ ഉണ്ടായിരുന്നത്.

വാൻ ഡ്രൈവറെ പ്രതിയാക്കി ആലപ്പുഴ എംഎസിടി ട്രിബ്യൂണലിൽ അഡ്വ. ജെയിംസ് ചാക്കോ, ജോസ് വൈ. ജെയിംസ് എന്നിവർ ചേർന്ന് കേസ് ഫയൽ ചെയ്തു. തുടർന്ന് 2019 മേയ് 25 -ന് 29,68,200 രൂപ നഷ്ടപരിഹാരം വിധിച്ചു.

വിധിക്കെതിരെ അഭിഭാഷകരായ എം.ടി. അനിൽകുമാർ, ഷൈലജ എന്നിവർ ചേർന്ന് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. 2024-ൽ കേസിൽ വിധി പറഞ്ഞ കോടതി 49,05,600 രൂപയായി നഷ്ടപരിഹാരം ഉയർത്തി. 2025-ൽ വീണ്ടും സുപ്രീം കോടതിയെ സമീപിച്ചു. അഭിഭാഷകരായ ഷിനോജ് കെ. നാരായണൻ, എ. കാർത്തിക് എന്നിവർ ചേർന്നാണ് ഹർജി ഫയൽ ചെയ്തത്. തുടർന്നാണ് സുധീഷിന്റെ നഷ്ടപരിഹാര തുക 1,00,72,100 രൂപയായി ഉയർത്തി വിധിച്ചത്. ജില്ലാ കോടതിയും ഹൈക്കോടതിയും വിധിച്ച തുകകൾ കമ്പനി നേരത്തെ സുധീഷിന് നൽകിയിരുന്നു. നഷ്ടപരിഹാര തുകയ്ക്ക് പുറമെ 1,00,47,800 രൂപയാണ് പലിശ ഇനത്തിൽ മാത്രം കമ്പനി സുധീഷിന് നൽകേണ്ടി വരിക. സുധീഷ് സഞ്ചരിച്ചിരുന്ന വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനിയായ ഐസിഐസിഐ ലൊംബാർഡ് ആണ് നഷ്ടപരിഹാരം നൽകേണ്ടത്.

HEATING & AIR CONDITIONING
Services at Reasonable Rates
Honest
Reliable
Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE
George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
“Licensed to originate Mortgage both in Illinois and Georgia”

# ടി.എ. കാർത്തികേയൻ അന്തരിച്ചു



ചെങ്ങന്നൂർ: കേരളാ എക്സ്പ്രസ് ഓൺലൈൻ എഡിറ്റർ അനിൽ പെണ്ണുക്കരയുടെ പിതാവ് പെണ്ണുക്കര തെക്കേടത്ത് പടിഞ്ഞാറ്റതിൽ ടി.എ. കാർത്തികേയൻ (75) അന്തരിച്ചു. സംസ്കാരം നടത്തി. പരേതയായ ഓമനയമ്മാളാണ് ഭാര്യ.

മക്കൾ: അനിൽ പെണ്ണുക്കര, അനിത, അജിത, അമ്പിളി. മരുമക്കൾ: പ്രീത അനിൽ, സന്തോഷ്, ഹരികുമാർ. ഉത്തമൻ.

കൊച്ചുമക്കൾ: സ്നേഹ, അഭിരാം, അഭിജിത്ത്, ആദിത്യൻ, വരലക്ഷ്മി, അഭിനവ്.

കേരളാ എക്സ്പ്രസ് പത്രാധിപസമിതി പരേതന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും അന്തിമോപചാരമർപ്പിക്കുകയും ചെയ്തു.

# ഐഷാ പോറ്റി കോൺഗ്രസിൽ ചേർന്നു



തിരുവനന്തപുരം: സിപിഎം വനിതാ നേതാവും കൊട്ടാരക്കര മുൻ എംഎൽഎയുമായ ഐഷാ പോറ്റി കോൺഗ്രസിൽ ചേർന്നു. ലോക്ഭവനിലെ കെപിസിസിയുടെ രാപ്പകൽ സമരവേദിയിലേക്കെത്തിയ ഐഷാ പോറ്റിക്ക് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കോൺഗ്രസ് അംഗത്വം നല്കി.

സിപിഎം കേന്ദ്രങ്ങളെ ഞെട്ടിച്ചുകൊണ്ടാണ് മൂന്നു പതിറ്റാണ്ടു നീണ്ട പാർട്ടിബന്ധം ഉപേക്ഷിച്ചു ഐഷാ പോറ്റി കോൺഗ്രസിൽ ചേർന്നത്. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കൊട്ടാരക്കരയിൽ യുഡിഎഫ് സ്ഥാനാർത്ഥിയാകുമെന്നാണ് സൂചന.

കേരള കോൺഗ്രസ് (ബി) നേതാവ് ആർ. ബാലകൃഷ്ണപിള്ളയെ 2006-ൽ പരാജയപ്പെടുത്തിക്കൊണ്ടാണ് ഐഷാ പോറ്റി ശ്രദ്ധ നേടുന്നത്. പിന്നീട് തുടർച്ചയായി രണ്ടുതവണ കൂടി കൊട്ടാരക്കര മണ്ഡലത്തെ പ്രതിനിധീകരിച്ചു. എന്നാൽ, കഴിഞ്ഞ കുറച്ചു കാലമായി സിപിഎം ജില്ലാ, സംസ്ഥാന നേതൃത്വങ്ങളുമായി അകൽച്ചയിലായിരുന്നു. വി.എസ്. അച്യുതാനന്ദനോട് പുലർത്തിയിരുന്ന ആഭിമുഖ്യമാണ് ഐഷാ പോറ്റിയെ ഔദ്യോഗിക പക്ഷത്തിന്റെ കണ്ണിലെ കരടാക്കി മാറ്റിയത്. 2021-ൽ സീറ്റ് നിഷേധിക്കപ്പെട്ടു.

പാർട്ടിയിൽനിന്നുള്ള കടുത്ത അവഗണനയാണ് സിപിഎം വിടാൻ കാരണമെന്നും തന്റെ പ്രസ്ഥാനം തന്നെ ഒരുപാട് വിഷമിപ്പിച്ചെന്നും ഐഷാ പോറ്റി പറഞ്ഞു. ആരെയും കുറ്റപ്പെടുത്താനില്ലെന്നും അവർ പറഞ്ഞു. വലതുപക്ഷത്തേക്ക് പോകുന്നതോടെ ഐഷാ പോറ്റിയുടെ രാഷ്ട്രീയജീവിതം അവസാനിക്കുമെന്നു സിപിഎം നേതാവ് മേഴ്സിക്കുട്ടിയമ്മ പ്രതികരിച്ചു. രാഷ്ട്രീയ നിലപാടില്ലാത്തവർ എങ്ങോട്ടു വേണമെങ്കിലും ഒഴുകിപ്പോകുമെന്നും അവർ പറഞ്ഞു. എന്നാൽ, പാർട്ടിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരെ അവഗണിക്കുകയും അപമാനിക്കുകയും ചെയ്യുന്ന ശൈലിയാണ് സിപിഎമ്മിന്റേതെന്ന് ഐഷയെ അനുകൂലിക്കുന്നവർ മറുപടി നല്കുന്നു.

# ജയിച്ചവർ ജയിലിൽ; സത്യപ്രതിജ്ഞ നടന്നില്ല

കണ്ണൂർ: തെരഞ്ഞെടുക്കപ്പെട്ടവർ ജയിലിലായതിനാൽ സത്യപ്രതിജ്ഞ മുടങ്ങിയ ജില്ലയിലെ രണ്ട് നഗരസഭാ വാർഡുകളിലെ തെരഞ്ഞെടുപ്പ് റദ്ദായേക്കും. ഉപതെരഞ്ഞെടുപ്പിനും കളമൊരുങ്ങും. പയ്യന്നൂരിൽ ജയിച്ച എൽഡിഎഫ് സ്ഥാനാർത്ഥി വി.കെ. നിഷാദ്, തലശ്ശേരിയിൽ ജയിച്ച യു. പ്രശാന്ത് എന്നിവരുടെ കൗൺസിലർ സ്ഥാനമാണ് തുലാസിലായത്.

രണ്ടുവർഷത്തിൽക്കൂടുതൽ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടതിനാൽ ഇരുവരും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് അയോഗ്യരാക്കപ്പെടുകയും ചെയ്യും. ഇവർ സത്യപ്രതിജ്ഞ ചെയ്തിട്ടില്ലെന്ന് നഗരസഭാ സെക്രട്ടറിമാർ തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

കമ്മീഷനാണ് തുടർനടപടി സ്വീകരിക്കേണ്ടത്. തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ 30 ദിവസത്തിനകം സത്യപ്രതിജ്ഞ ചെയ്തില്ലെങ്കിൽ ചട്ടപ്രകാരം അംഗത്വം നഷ്ടപ്പെടുകയും സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി കമ്മീഷൻ പ്രഖ്യാപിക്കുകയും ചെയ്യും.

46-ാം വാർഡിൽ മത്സരിക്കുന്നതിനിടയിലാണ് ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറി വി.കെ. നിഷാദിനെ പോലീസുദ്യോഗസ്ഥരെ ബോംബെറിഞ്ഞ് വധിക്കാൻ ശ്രമിച്ചെന്ന കേസിൽ ശിക്ഷിക്കപ്പെട്ടത്. നാമനിർദേശപത്രിക നൽകിയശേഷമാണ് വിധി വന്നതെന്നതിനാൽ മത്സരിക്കുന്നതിന് അയോഗ്യതയുണ്ടായില്ല.

പത്രിക പിൻവലിക്കാനുള്ള അവസാനദിവസമായ നവംബർ 24-നാണ് കുറ്റക്കാരനായി കണ്ടെത്തിയത്. അന്നും പത്രിക പിൻവലിച്ചില്ല. ഇവിടെ ഡമ്മി സ്ഥാനാർത്ഥിയായ സിപിഎം നേതാവും പത്രിക പിൻവലിച്ചിരുന്നില്ല. ശിക്ഷിക്കപ്പെട്ട ഉടനെ പരോൾ അനുവദിച്ചത് സത്യപ്രതിജ്ഞ ചെയ്യാനാണെന്ന് അഭ്യൂഹമുണ്ടായിരുന്നു.

അധികൃതർക്കിടയിലും ആശയക്കുഴപ്പമുള്ളതിനാലാണ് സത്യപ്രതിജ്ഞയെക്കുറിച്ച് ആലോചിക്കാതിരുന്നത്. വിധിക്കെതിരെ അപ്പീൽ പരിഗണിക്കുന്നത് ഹൈക്കോടതി രണ്ടാഴ്ചത്തേക്ക് മാറ്റിയിട്ടുണ്ട്. തലശ്ശേരിയിൽ 37-ാം വാർഡിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രശാന്തിനെ സിപിഎം പ്രവർത്തകന്റെ വീടാക്രമിച്ച് വധിക്കാൻ ശ്രമിച്ച കേസിലാണ് ശിക്ഷിച്ചത്. സത്യപ്രതിജ്ഞയ്ക്ക് മുൻപ് ജയിലിലായി.

# 14 വർഷം ജയിലിൽ കിടന്നയാളെ വെറുതെവിട്ടു

കൊച്ചി: കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് 14 വർഷം ജയിലിൽ കിടന്നയാളെ വെറുതെവിട്ട് ഹൈക്കോടതി. വിചാരണക്കോടതി ജഡ്ജിക്ക് പബ്ലിക് പ്രോസിക്യൂട്ടറുടെ അധികാരം ഏറ്റെടുക്കാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. വിചാരണക്കോടതി ജഡ്ജി ചീഫ് എക്സാമിനേഷൻ നടത്തിയതിനാൽ കുറ്റാരോപിതന് ന്യായമായ വിചാരണ ലഭിച്ചില്ലെന്നും അതിനാൽ കുറ്റാരോപിതനെ വെറുതെ വിടുകയാണെന്നും ജസ്റ്റിസുമാരായ വി. രാജാ വിജയരാഘവൻ, കെ. വി. ജയകുമാർ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

വിചാരണക്കോടതി വിധിച്ച ജീവപര്യന്തം തടവുശിക്ഷ റദ്ദാക്കിയാണു ഹൈക്കോടതി ഉത്തരവ്. കുന്നേൽപീടിക എന്ന സ്ഥലത്തെ റോയൽ കിങ് ആൻഡ് സ്പോർട്സ് ക്ലബിൽ ഓണാഘോഷത്തിനിടയിൽ ചീട്ടുകളിക്കിടെ കുത്തേറ്റ് ഒരാൾ മരിച്ചെന്ന കേസിലെ പ്രതിയായ സി.ജി. ബാബു എന്നയാൾ നൽകിയ അപ്പീലിലാണ് ഹൈക്കോടതി പരിഗണിച്ചത്.

2011 സെപ്റ്റംബറിൽ നടന്ന കൊലപാതകത്തിൽ 2019 ഒക്ടോബറിലാണ് വിചാരണ പൂർത്തിയായത്. ബാബുവിനെ കോടതി ജീവപര്യന്തം തടവിനാണ് ശിക്ഷിച്ചത്. തെളിവുകൾ ശരിയായ രീതിയിൽ പരിശോധിക്കാതെയാണു ശിക്ഷ വിധിച്ചതെന്നു ചൂണ്ടിക്കാട്ടി ബാബു ഹൈക്കോടതിയിൽ അപ്പീൽ നൽകി. കേസിലെ മുഖ്യ സാക്ഷികളെ വിസ്തരിക്കാൻ ജഡ്ജി അനുവദിച്ചില്ലെന്നും ബാബു വാദിച്ചു.

പബ്ലിക് പ്രോസിക്യൂട്ടറില്ലാത്തപ്പോൾ ജഡ്ജിതന്നെ സാക്ഷികളെ ചോദ്യം ചെയ്തെന്നും ചൂണ്ടിക്കാട്ടപ്പെട്ടു. ഇത് വലിയ പ്രശ്നമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. സെഷൻസ് ജഡ്ജിയുടെ പ്രവർത്തി നിയമവിരുദ്ധവും അനീതിയുമാണ്. വാദം തെളിയിക്കാൻ സാക്ഷികളെ വിസ്തരിക്കാൻ പ്രതിഭാഗത്തിനും വാദിഭാഗത്തിനും അവകാശമുണ്ട്. ഇവരുടെ ജഡ്ജി പബ്ലിക് പ്രോസിക്യൂട്ടറെ പോലെ പ്രവർത്തിച്ചു.

തെളിവുനിയമത്തിലെ ചില ചോദ്യങ്ങൾ ചോദിക്കാൻ ജഡ്ജിക്ക് അധികാരമുണ്ട്. എന്നാൽ, പബ്ലിക് പ്രോസിക്യൂട്ടറെപ്പോലെ പ്രവർത്തിക്കാനാവില്ലെന്നും കോടതി പറഞ്ഞു. കേസിലെ വിചാരണക്കാലയളവിൽ, ഏഴു വർഷം കുറ്റാരോപിതനു ജയിലിനു പുറത്തിറങ്ങാൻ സാധിച്ചില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.2012 സെപ്റ്റംബറിൽ പ്രതിക്കു ജാമ്യം ലഭിച്ചെങ്കിലും പുറത്തിറങ്ങാനായില്ലെന്നും കോടതി പറഞ്ഞു.






# തെരഞ്ഞെടുപ്പ് മുന്നൊരുക്കം: സിപിഎമ്മിനു പെരുമാറ്റച്ചട്ടം

കൊല്ലം: തദ്ദേശ തെരഞ്ഞെടുപ്പിൽ ശബരിമല സ്വർണക്കൊള്ള വിവാദം തിരിച്ചടിയായെന്നും ന്യൂനപക്ഷങ്ങൾ പാർട്ടിയിൽനിന്ന് അകന്നുവെന്നും സിപിഎം സംസ്ഥാന കമ്മിറ്റിയിലടക്കം ചർച്ചയുണ്ടായതിനു പിന്നാലെ, പാർട്ടി നടത്തുന്ന ഗൃഹസമ്പർക്ക പരിപാടിയിൽ വിഷയങ്ങൾ 'പൊതിഞ്ഞ്' അവതരിപ്പിക്കാൻ നിർദേശം. സംസ്ഥാന കമ്മിറ്റി കീഴ്ഘടകങ്ങൾക്ക് അയച്ച 10 പേജുള്ള പ്രത്യേക സർക്കുലറിലാണ് വീടുകളിൽ ചെല്ലുന്ന നേതാക്കൾക്കുള്ള 'പെരുമാറ്റച്ചട്ട'മുള്ളത്. അറസ്റ്റിലായ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് എ. പത്മകുമാറിനെതിരെ എന്തുകൊണ്ടു പാർട്ടി നടപടിയെടുക്കുന്നില്ല എന്നചോദ്യത്തിനു നൽകേണ്ട മറുപടി സർക്കുലറിലുണ്ട്. 'ഈ പ്രശ്നം ചർച്ചചെയ്യുമ്പോൾ പത്മകുമാറിന്റെ തെറ്റിന്റെ സ്വഭാവം വ്യക്തമായിരുന്നില്ല. അതു വ്യക്തമാകുന്ന ഘട്ടത്തിൽ ഉചിത തീരുമാനം പാർട്ടി സ്വീകരിക്കും'

ആർഎസ്എസിനെതിരായ വിമർശനം ഹിന്ദു വിശ്വാസികൾക്കെതിരല്ലെന്നും ജമാഅത്തെ ഇസ്‌ലാമിനെയും ലീഗിനെയും വിമർശിക്കുന്നത് ഇസ്‌ലാം വിമർശനമല്ലെന്നും പറയണം. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ ഫെബ്രുവരി ആറിനു സംഘടനകളുമായി മുഖ്യമന്ത്രി ചർച്ച നടത്തുന്നുണ്ട്.

റിപ്പോർട്ടും എടുത്ത നടപടികളും മന്ത്രിസഭ അംഗീകരിച്ചശേഷം പ്രസിദ്ധപ്പെടുത്തുമെന്നു ക്രൈസ്തവ വീടുകളിൽ പറയണമെന്നും നിർദേശമുണ്ട്. സർക്കാരിനെയും മുഖ്യമന്ത്രി പിണറായി വിജയനെയും പുകഴ്ത്താനുള്ള ഉള്ളടക്കവും കൂട്ടത്തിലുണ്ട്.

വീട്ടിലെത്തുന്ന പാർട്ടി നേതാക്കൾക്കും പ്രവർത്തകർക്കുമുള്ള 'പെരുമാറ്റച്ചട്ട'ത്തിൽ പറയുന്ന നിർദേശങ്ങളാണ്, സർക്കുലറിലെ എല്ലാ കാര്യങ്ങളും എല്ലായിടത്തും പറയരുത്.

സാഹചര്യത്തിനനുസരിച്ചു ആവശ്യമുള്ളത് ഉപയോഗിക്കണം. ജനങ്ങളുമായി തർക്കിക്കാൻ നിൽക്കരുത്. ഇടയ്ക്കു കയറി സംസാരിക്കരുത്, ക്ഷമാപൂർവം ഇടപെടണം. വീട്ടുകാരുമായി പരിചയമുള്ളവർ സ്ക്വാഡിൽ വേണം. വീടിനകത്തിരുന്നു സംസാരിക്കണം. പാർട്ടി വിട്ടുപോയ സഖാക്കളുമായി തുറന്ന ചർച്ച നടത്തണം.

# മമതയ്ക്ക് സുപ്രീംകോടതി നോട്ടീസ്

ന്യൂഡൽഹി: കൊൽക്കത്തയിലെ ഐ-പാക് ഓഫീസിലെ പരിശോധനയും അന്വേഷണവും പശ്ചിമ ബംഗാൾ സർക്കാരും മുഖ്യമന്ത്രി മമതാ ബാനർജിയും തടസ്സപ്പെടുത്തിയെന്ന ഇഡിയുടെ ആരോപണം വളരെ ഗൗരവതരമാണെന്ന് സുപ്രീംകോടതി.

ഇഡി ഉദ്യോഗസ്ഥർക്കെതിരെ ബംഗാളിലെ എഫ്ഐആർ സ്റ്റേ ചെയ്ത സുപ്രീംകോടതി, കേന്ദ്ര അന്വേഷണ ഏജൻസികളുടെ നടപടികളിൽ സംസ്ഥാന ഏജൻസികൾക്ക് ഇടപെടാനാകുമോയെന്ന് പരിശോധിക്കുമെന്നും വ്യക്തമാക്കി.

ഇഡിയുടെ ഹർജിയിൽ മമതയ്ക്കും ബംഗാൾ സർക്കാരിനും പോലീസ് മേധാവി സജീവ് കുമാറിനും നോട്ടീസ് അയച്ച സുപ്രീംകോടതി കേസ് ഫെബ്രുവരി മൂന്നിന് പരിഗണിക്കാനായി മാറ്റി. ഇഡി റെയ്ഡുകളുടെ സിസിടിവി ദൃശ്യങ്ങൾ സംരക്ഷിക്കാനും പോലീസിനോട് കോടതി ആവശ്യപ്പെട്ടു.

ഇഡിയുടെ ആരോപണങ്ങളിൽ വിശാലമായ നിയമവിഷയങ്ങളുണ്ടെന്ന് ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു. ഇതിനു പരിഹാരം കണ്ടില്ലെങ്കിൽ സ്ഥിതി വീണ്ടും വഷളാകുമെന്നു മാത്രമല്ല, നിയമവാഴ്ചയില്ലാത്ത സാഹചര്യവുമുണ്ടാകും.

ഏതെങ്കിലും പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഇടപെടാൻ കേന്ദ്ര ഏജൻസിക്കാവില്ല. അതേസമയം, യഥാർത്ഥത്തിലുള്ള ഗുരുതര കുറ്റകൃത്യമാണ് അവർ അന്വേഷിക്കുന്നതെങ്കിൽ അതിനെ പാർട്ടിപ്രവർത്തനമെന്ന മറപിടിച്ച് നിയന്ത്രിക്കാനാകുമോ എന്നതാണ് ചോദ്യമെന്നും കോടതി പറഞ്ഞു.

# സൈനികശക്തി വിളിച്ചോതിയ ആർമി പരേഡ്

ജയ്പൂർ: കരസേനയുടെ പോരാട്ട വീര്യവും അച്ചടക്കവും നവീന സേനാ സന്നാഹങ്ങളും വിളിച്ചോതുന്ന അത്യുജ്വല പരേഡുമായി 78-ാമത് ആർമി ദിനാഘോഷം. ലാപ്രകടനങ്ങളും 70 മിനിറ്റു നീണ്ടുനിന്ന പരേഡിന് മാറ്റ്കൂട്ടി. രാജസ്ഥാനിലെ നാടൻ കലാകാരന്മാരുടെ പ്രകടനവുമുണ്ടായിരുന്നു. തദ്ദേശീയ മിസൈൽ സന്നാഹങ്ങൾ തുടങ്ങി അ മൃത്യു വരിച്ച സേനാംഗങ്ങൾക്കുള്ള സേനാമെഡലുകൾ കരസേനാ മേധാവി സമ്മാനിച്ചു. സേനയുടെ വിശ്വാസ്യതയും പക്വതയും കരുത്തും പ്രതിഫലിപ്പിക്കുന്നതായിരുന്നു ഓപ്പറേഷൻ



കരസേനാ പരേഡിൽ ബോംബ് സ്ക്വാഡിലെ നായകൾ സ്ക്വാഡ് അംഗങ്ങൾക്കൊപ്പം പരേഡിൽ പങ്കെടുത്തപ്പോൾ.

ആർമി കന്റോൺമെന്റിനു പുറത്ത് ജഗൽപുര മഹൽ റോഡിൽ സജ്ജമാക്കിയ പരേഡ് ഗ്രൗണ്ടിലായിരുന്നു കരസേനാ ദിനാഘോഷം. പരേഡിനെ കരസേനാമേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി അഭിവാദ്യം ചെയ്തു.

വിവിധ കണ്ടിജന്റുകളുടെ മാർച്ച് പാസ്റ്റിനു പുറമേ, വിവിധ റെജിമെന്റുകളുടെ കീഴിൽ സേനാംഗങ്ങളുടെ കത്യാധുനിക യുദ്ധസന്നാഹങ്ങളുടെ പ്രദർശനവുമുണ്ടായിരുന്നു. ഭൈരവ് ബറ്റാലിയനുകൾ, റോബോട്ടിക് നിരീക്ഷണ നായകൾ എന്നിവ പരേഡിന്റെ സവിശേഷതകളായിരുന്നു.

ആർമി ദിനാഘോഷ പരേഡിന് അഭിവാദ്യമർപ്പിച്ച് മൂന്ന് വ്യോമസേനാ വിമാനങ്ങൾ പുഷ്പവൃഷ്ടി നടത്തി. ഓപ്പറേഷൻ സിന്ദൂറിൽ ഉൾപ്പെടെ വീര സിന്ദൂർ എന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു.

ആർമി പരേഡിൽ മദ്രാസ് റെജിമെന്റിന്റെ വകയായി കേരളത്തിന്റെ പരമ്പരാഗത ചെണ്ടമേളവും അരങ്ങേറി. 'ശൗര്യസന്ധ്യ' എന്ന പേരിൽ സാംസ്കാരിക പരിപാടിയും അരങ്ങേറി. പ്രതിരോധമന്ത്രി രാജ്നാഥ് സിങ് മുഖ്യാതിഥിയായി.

# രണ്ടാംക്ലാസുകാരിയുടെ മുരിങ്ങയിലക്കറി ഹിറ്റ്

കോഴിക്കോട്: രണ്ടാംക്ലാസുകാരിയുടെ പാചകക്കുറിപ്പ് വായിച്ച അദ്ധ്യാപകരുടെ വായിൽ വെള്ളമൂറി. നേരെ വീട്ടിൽപ്പോയി മുരിങ്ങയിലക്കറി ഉണ്ടാക്കണമെന്നുറപ്പിച്ചാണു കൊയിലാണ്ടി ബ്ലോക്ക്തല അദ്ധ്യാപക സംഗമത്തിലെ പല അദ്ധ്യാപകരും മടങ്ങിയത്.

ക്രിസ്മസ് പരീക്ഷയ്ക്ക് നിങ്ങൾക്കിഷ്ടപ്പെട്ട പാചകക്കുറിപ്പ് എഴുതുക എന്ന ചോദ്യത്തിനാണ് നല്ല നാടൻ മുരിങ്ങയിലക്കറിയുടെ പാചകക്കുറിപ്പ് ഇസ സഹ്റിൻ എഴുതിയത്.

കുട്ടികൾ ബർഗറിനും പിസയ്ക്കുമൊക്കെ ഓടുന്ന കാലത്താണു കുഞ്ഞിസ്സ നല്ല നാടൻ മുരിങ്ങയിലക്കറിയെക്കുറിച്ച് എഴുതിയത്. കൊളക്കാട് പുതുക്കുടിപ്പറമ്പ് ഹയത്തിൽ സെജീർ അലിയുടെയും മെയ്ത്ര ആശുപത്രിയിലെ നേഴ്സ് ജെസ്‌ലയുടെയും മകളാണ് ഇസ.

ഉത്തരക്കടലാസ് ചർച്ചയായപ്പോഴാണ് ഉമ്മ 'നിനക്ക് പാചകമറിയുമോ' എന്നു മകളോടു ചോദിച്ചത്. 'അറിയാമുമ്മാ... ചായയും നാരങ്ങാവെള്ളവും ഓംലറ്റും ഉണ്ടാക്കാനറിയാം...' എന്ന മകളുടെ മറുപടി കേട്ട് ആശ്ചര്യമായി. അടുക്കളയിൽ നോക്കിയിരുന്നാണ് ഇസ സെഹ്റിൻ പാചകം പഠിച്ചത്. ചേച്ചി ആറാം ക്ലാസ്സുകാരി നസ്നയുടെ ശിക്ഷണവുമുണ്ട്.



# സെന്റ് ജേക്കബ്സ് സുറിയാനി ഓർത്തഡോക്സ് ദേവാലയത്തിൽ എം.പി ഗാർനെറ്റ് ജെന്യൂസ് യുവജനങ്ങളുമായി സംവദിച്ചു

എഡ്മന്റൺ: ഷെർവുഡ് പാർക്ക്-ഫോർട്ട് സാസ്കാച്ചവൻ മണ്ഡലം എം.പി ഗാർനെറ്റ് ജെന്യൂസ് എഡ്മന്റണിലെ സെന്റ് ജേക്കബ്സ് സുറിയാനി ഓർത്തഡോക്സ് ദേവാലയം സന്ദർശിച്ച് യുവജനങ്ങളുമായി സംവാദം നടത്തി. 'ബിൽഡിങ് യുവർ ഫ്യൂച്ചർ'

**എബി നെല്ലിക്കൽ**

എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കാനഡയിലെ സമകാലിക സാഹചര്യങ്ങളും തൊഴിൽ-ഭാവി സാധ്യതകളും ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ യുവജനങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് എംപി മറുപടി നല്കി.



സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങളിലൂടെയുണ്ടാകുന്ന വെല്ലുവിളികളെക്കുറിച്ച് സംസാരിച്ച എംപി രാജ്യത്തിന്റെ ഭാവി നിർണയത്തിൽ യുവജനങ്ങളുടെ പങ്ക് നിർണായകമാണെന്ന് വ്യക്തമാക്കി.

യുവാക്കൾക്ക് നേതൃത്വം ഏറ്റെടുക്കാനും സമൂഹമാറ്റങ്ങൾക്ക് നേതൃത്വം നല്കാനും കഴിയേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.


ഇടവക വികാരി ഫാ. തോമസ് പൂതിയോട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പള്ളി സെക്രട്ടറി ജോർജി ചെറിയാൻ സ്വാഗതപ്രസംഗം നിർവഹിച്ചു. എംജിഎസ്ഒഎസ്എ യൂത്ത് സ്പിരിച്വൽ അഡ്വൈസർ ഡോ. ജോബിൻ ചാക്കോ സംവാദ സെഷൻ മോഡറേറ്റ് ചെയ്തു.

പള്ളി വൈസ് പ്രസിഡണ്ട് ഷാജി ചെറിയാൻ, ട്രഷറർ ജിമ്മി ഏബ്രഹാം, സുറിയാനി ഓർത്തഡോക്സ് സഭ കാനഡ കൗൺസിൽ അംഗം എബി നെല്ലിക്കൽ എന്നിവർ ചേർന്ന് എംപിക്ക് ദേവാലയത്തിന്റെ ഉപഹാരം സമർപ്പിച്ചു.

യൂത്ത് അസോസിയേഷൻ സെക്രട്ടറി മെറിൻ ഷിജോ ചടങ്ങിൽ നന്ദിരേഖപ്പെടുത്തി. ഇടവകാംഗങ്ങളും യുവജനങ്ങളും ഉൾപ്പെടെ നിരവധി പേർ പരിപാടിയിൽ പങ്കെടുത്തു.



## പാസ്റ്റർ പി.വി. കുരുവിള ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ സീനിയർ ശുശ്രൂഷകനും സഭയുടെ മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന പാസ്റ്റർ പി.വി. കുരുവിള (96) ചിക്കാഗോയിൽ അന്തരിച്ചു. റാന്നി ചെത്തോങ്കര പാട്ടമ്പലത്ത് കുടുംബാംഗമാണ്. പരേതയായ തങ്കമ്മ കുരുവിളയാണ് ഭാര്യ. റെയിച്ചൽ മാത്യു ഏകമകൾ. ടൈറ്റസ് മാത്യു മരുമകനാണ്. ജെയിംസ്, ജസ്റ്റിൻ, പാസ്റ്റർ ജോഷ്, എലിസബേത് എന്നിവർ കൊച്ചുമക്കളാണ്.

തിരുവല്ല ശാരോൻ ബൈബിൾ കോളജിലെ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1963-ൽ അമേരിക്കയിൽ എത്തിയ പരേതൻ മിസിസിപ്പി യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ മാസ്റ്റേഴ്സ് ഡിഗ്രി കരസ്ഥമാക്കി. ചിക്കാഗോയിലെ വിവിധ സഭകളുടെ രൂപീകരണത്തിൽ മുഖ്യപങ്കാളിയായിരുന്നു. ആന്ധ്രയിലും കമ്പംമേട്ടിലും ഐപിസി സഭകളുടെ പാസ്റ്ററായും ചില വർഷങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. കനോഷ്യയിലുള്ള ചിക്കാഗോ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ അംഗവും സഹശുശ്രൂഷകനുമായി പ്രവർത്തിച്ചുവരവേയായിരുന്നു അന്ത്യം.

**വാർത്ത: കുര്യൻ ഫിലിപ്പ്**

## ഇൻഡിഗോയ്ക്ക് 22.2 കോടി പിഴയിട്ടു

ന്യൂഡൽഹി: പുതിയ ഡ്യൂട്ടി ചട്ടം നടപ്പാക്കുന്നതിലെ വീഴ്ചകാരണം ഡിസംബർ ആദ്യവാരം വിമാനസർവീസുകൾ അവതാളത്തിലാക്കിയ ഇൻഡിഗോയ്ക്ക് 22.20 കോടി രൂപ പിഴ ചുമത്തി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ).

വ്യാമയാന ചട്ടങ്ങളിലെ നിർദേശങ്ങൾ ലംഘിച്ചതിന് ആറ് വ്യത്യസ്ത വകുപ്പുകളിലായും പുതിയ ഫ്ളൈറ്റ് ഡ്യൂട്ടി ടൈം ലിമിറ്റേഷൻ (എഫ്ഡിടിഎൽ) ചട്ടം പാലിക്കാത്തതിനുമാണ് പിഴ. ചട്ടം നടപ്പാക്കാൻ ഇളവു നൽകിയിരിക്കുന്ന ഫെബ്രുവരി പത്തിനുള്ളിൽ പിഴ അടച്ചുതീർക്കണം. കമ്പനിക്ക് ആസൂത്രണ-പ്രവർത്തന പിഴവുകൾ സംഭവിച്ചതായി ഡിജിസിഎ അറിയിച്ചു.

ചട്ടങ്ങൾ പാലിക്കുമെന്ന് ഉറപ്പാക്കുന്നതിന് ഇൻഡിഗോ 50 കോടി രൂപയുടെ ബാങ്ക് ഗാരന്റി ഡിജിസിഎക്ക് നൽകണം. കമ്പനിയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ നടപ്പാക്കുന്ന മുറയ്ക്ക് ഈ തുക തിരിച്ചുനൽകും. ഉദ്യോഗസ്ഥർക്കെതിരെ കടുത്തനടപടിക്ക് നിർദേശമില്ല.

പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഇൻഡിഗോ സിഇഒയ്ക്കും ചീഫ് ഓപ്പറേറ്റിങ് ഓഫീസർക്കും ഡിജിസിഎ താക്കീത് നൽകി. സീനിയർ വൈസ് പ്രസിഡണ്ടിനെ ചുമതലകളിൽനിന്ന് നീക്കാനും നിർദേശിച്ചു. ആഭ്യന്തര അന്വേഷണത്തിൽ വീഴ്ച വരുത്തിയ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും നിർദേശിച്ചിട്ടുണ്ട്.

ഏകദേശം ഇൻഡിഗോയുടെ 2507 വിമാനസർവീസാണ് മുടങ്ങിയത്. 1852 സർവീസുകൾ വൈകി. കഴിഞ്ഞ ഡിസംബർ മൂന്നിനും അഞ്ചിനുമിടയിലാണ് സർവീസുകൾ കൂടുതലും മുടങ്ങിയത്. മൂന്നുലക്ഷത്തിലധികം യാത്രക്കാരെയാണ് ബാധിച്ചത്. സമിതി വിശദമായ അന്വേഷണം നടത്തുകയും ഇൻഡിഗോ ഉപയോഗിക്കുന്ന നെറ്റ്വർക് പ്ലാനിങ്, റോസ്റ്ററിങ്, സോഫ്റ്റ്വേർ എന്നിവയെക്കുറിച്ച് സമഗ്രമായി പഠിക്കുകയും ചെയ്തതായി ഡിജിസിഎ അറിയിച്ചു.


FAMILY DENTAL
552 S WASHINGTON ST., SUITE # 101, NAPERVILLE, ILLINOIS 60540
PHONE: 630 999 1976
9709 N. MILWAUKEE AVE. GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
Children Welcome
Invisalign & Braces


DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# സീറോമലബാർ സമുദായ ശക്തീകരണ വർഷാചരണത്തിനു തുടക്കമായി

കോട്ടയം: സീറോമലബാർ സഭ പ്രഖ്യാപിച്ചിരിക്കുന്ന സമുദായ ശക്തീകരണവർഷം 2026-ന് ചങ്ങനാശേരി അതിരൂപതയിൽ പ്രൗഢോജ്വല തുടക്കമായി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപള്ളി ഓഡിറ്റോറിയത്തിലെ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ നഗറിൽ നസ്രാണി പാരമ്പര്യത്തനിമയിൽ സംഘടിപ്പിച്ച സമ്മേളനത്തിന് ആർച്ച്ബിഷപ് മാർ തോമസ് തറയിൽ സമുദായ വർഷാചരണത്തിന് ദീപം തെളിച്ചു. സമുദായബോധം അഭിമാനബോധമാണെന്നും സമുദായ ശക്തീകരണം മറ്റാർക്കും എതിരല്ലെന്നും മാർ തോമസ് തറയിൽ അഭിപ്രായപ്പെട്ടു.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പഠിച്ചു സമർപ്പിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ഇരുനൂറോളം ശിപാർശകൾ നടപ്പാക്കിയെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചെങ്കിലും റിപ്പോർട്ട് പുറത്തുവിട്ടിട്ടില്ല. സർക്കാർ ഈ വിഷയത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നതിൽ സന്തോഷമുണ്ട്. എന്നാൽ, പാലൊളി മുഹമ്മദുകുട്ടി കമ്മീഷന്റെ ശിപാർശകൾ എല്ലാവർക്കും മനസ്സിലാകത്തക്കവിധം ഇന്റർനെറ്റിൽ പരസ്യമാക്കിയിരുന്നു. ഇതുപോലെ ജസ്റ്റിസ് കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളും പുറത്തുവിടണമെന്ന് മാർ തോമസ് തറയിൽ ആവശ്യപ്പെട്ടു.

സമുദായം തുടങ്ങിയ സ്കൂളുകളും കോളജുകളും ആശുപത്രികളും നമുക്കുവേണ്ടി മാത്രമായിരുന്നില്ല. നമുക്ക് എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ചത് ഏതാണ്ട് ആനുകൂല്യം പോലെയാണെന്നും അർഹമല്ലാത്തത് ചോദിച്ചു വാങ്ങിയെന്നുമുള്ള ശബ്ദം ഉയരുന്നുണ്ട്. സഭയ്ക്ക് എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിരുന്നില്ലെങ്കിൽ കേരളത്തിന്റെ വിദ്യാഭ്യാസ സംസ്കാരം എവിടെ നിൽക്കുമായിരുന്നു? ജാതിമതഭേദമെന്യേ വിദ്യാഭ്യാസം നല്കാൻ ക്രൈസ്തവസമുദായം തയ്യാറായതിനാലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചുകിട്ടിയത്.

പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്ന വലിയ ഏജൻസിയായി മാറാൻ ക്രൈസ്തവസമുദായത്തിനു കഴിഞ്ഞെങ്കിൽ പൊതുസമൂഹം ആകമാനം അതിന്റെ ഫലം അനുഭവിച്ചിട്ടുണ്ടെന്ന് വിസ്മരിക്കരുത്. നാം നമുക്കുവേണ്ടി മാത്രമായി ഒന്നും ചോദിച്ചിട്ടില്ല. സമത്വം വേണമെന്നു മാത്രമേ സർക്കാരിനോട് ആവശ്യപ്പെടുന്നുള്ളൂ. ഭിന്നശേഷി സംവരണത്തിന്റെ പേരിലുള്ള വിഷയം പരിഹരിക്കണമെന്നു പറയുന്നത് സഭയ്ക്കുവേണ്ടി മാത്രമല്ല, പൊതുസമൂഹ നന്മയ്ക്കു വേണ്ടിയാണെന്നും മാർ തോമസ് തറയിൽ വ്യക്തമാക്കി.

നമ്മുടെ ജാഗ്രതക്കുറവു മൂലമാണ് സമുദായത്തിനു ക്ഷീണം സംഭവിച്ചത്. വോട്ട്ബാങ്ക് രാഷ്ട്രീയം എല്ലാ രാഷ്ട്രീയക്കാർക്കുമുണ്ട്. സമുദായത്തെ വളർത്തിയെടുക്കാനുള്ള വലിയ ജാഗ്രത നമുക്കുണ്ടാകണം. സഭയുടെയും സമൂഹത്തിന്റെയും നന്മകളെക്കുറിച്ചു ചിന്തിക്കാൻ സമുദായ ശക്തീകരണ വർഷത്തിൽ സാധിക്കണമെന്നും മാർ തോമസ് തറയിൽ ആഹ്വാനം ചെയ്തു. ആർച്ച്ബിഷപ് എമിരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കായുള്ള പഠനകമ്മീഷൻ ചെയർമാനായിരുന്ന റിട്ട. ജസ്റ്റിസ് ജെ.ബി. കോശി മുഖ്യാതിഥിയായിരുന്നു. അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി എത്തയ്ക്കാട്ട് ആമുഖപ്രസംഗവും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ മാർഗ്ഗനിർദേശ പ്രഭാഷണവും നടത്തി.

# ആദ്യ സ്ലീപ്പർ വന്ദേഭാരത് പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു



വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്യുന്നു.

കൊൽക്കത്ത: ഇന്ത്യയിലെ ആദ്യത്തെ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്തു. വടക്കൻ ബംഗാളിലെ മാൾഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് ഹൗറ-ഗോഹട്ടി വന്ദേഭാരത് സ്ലീപ്പറിന് പ്രധാനമന്ത്രി പച്ചക്കൊടി വീശിയത്.

നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന പശ്ചിമ ബംഗാളിൽ 3,250 കോടി രൂപയുടെ നിരവധി റെയിൽ, റോഡ് അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് അദ്ദേഹം തുടക്കംകുറിച്ചു. നാല് അമൃത് ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി വെർച്വലായി ഫ്ളാഗ് ഓഫ് ചെയ്തു.

പൂർണമായും എയർകണ്ടീഷൻ ചെയ്ത സ്ലീപ്പർ ട്രെയിൻ ഹൗറ-ഗോഹട്ടി റൂട്ടിലെ യാത്രാസമയം ഏകദേശം രണ്ടര മണിക്കൂർ കുറയ്ക്കുമെന്നു പ്രതീക്ഷിക്കുന്നു. നിലവിൽ, ഹൗറയിൽ നിന്ന് ഗുവാഹത്തിയിലേക്ക് 18 മണിക്കൂറാണ് യാത്രാസമയം. ആധുനിക വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകൾ സമീപഭാവിയിൽ രാജ്യത്തുടനീളം സർവീസ് തുടങ്ങുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പുതിയ ട്രെയിനുകൾ മേഖലയിലെ യുവാക്കളെ ശക്തീകരിക്കും. വികസിത വിദേശരാജ്യങ്ങളെ നമ്മൾ നിരീക്ഷിച്ചിരുന്ന കാലമുണ്ടായിരുന്നു. നമ്മുടെ രാജ്യത്ത് അത്തരം ആധുനിക ട്രെയിനുകൾ സ്വപ്നം കണ്ടിരുന്നു. ഇന്ന് ആ സ്വപ്നം യാഥാർത്ഥ്യമായി-മോദി പറഞ്ഞു.

# സ്പെയിനിൽ അതിവേഗ ട്രെയിനുകൾ കൂട്ടിയിടിച്ച് നിരവധി മരണം

മാഡ്രിഡ്: തെക്കൻ സ്പെയിനിലെ കോർഡോബയ്ക്ക് സമീപം രണ്ട് അതിവേഗ ട്രെയിനുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നിരവധി പേർ കൊല്ലപ്പെട്ടു. നിരവധി പേർക്കു പരുക്കേറ്റു. മുപ്പതോളം പേരുടെ നില അതീവഗുരുതരമാണെന്നും അധികൃതർ അറിയിച്ചു.

ജനുവരി 18-ന് ഞായറാഴ്ച വൈകുന്നേരം മലാഗയിൽനിന്ന് മാഡ്രിഡിലേക്ക് പോവുകയായിരുന്ന ട്രെയിൻ ആദമുസ് എന്ന സ്ഥലത്തിനു സമീപം പാളം തെറ്റുകയും തൊട്ടടുത്ത ട്രാക്കിലേക്കു മറിയുകയുമായിരുന്നു. ഈ സമയം എതിർദിശയിൽ മാഡ്രിഡിൽനിന്ന് ഹുവെൽവയിലേക്ക് സഞ്ചരിക്കുകയായിരുന്ന ട്രെയിനുമായി ഇതു കൂട്ടിയിടിച്ചു.

അപകടസമയത്ത് രണ്ട് ട്രെയിനുകളിലുമായി ഏകദേശം അഞ്ഞൂറോളം യാത്രക്കാരുണ്ടായിരുന്നു. അവശിഷ്ടങ്ങൾക്കിടയിൽനിന്നു യാത്രക്കാരെ പുറത്തെടുക്കാൻ രക്ഷാപ്രവർത്തകർ ഏറെ ബുദ്ധിമുട്ടി. അപകടത്തെത്തുടർന്ന് മാഡ്രിഡിനും അന്തലൂഷ്യയ്ക്കും ഇടയിലുള്ള എല്ലാ ട്രെയിൻ സർവീസുകളും താത്കാലികമായി നിർത്തിവെച്ചു. കഴിഞ്ഞ വർഷം മെയിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ ട്രാക്കിലാണ് അപകടം നടന്നത്. സംഭവത്തിൽ ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. 2013-ൽ ഗലീഷ്യയിലുണ്ടായ അപകടത്തിനുശേഷം സ്പെയിൻ കണ്ട ഏറ്റവും വലിയ ട്രെയിൻ ദുരന്തമാണിത്. അന്ന് 80 പേരാണ് മരിച്ചത്.

# ഒറ്റപ്പാലം തോട്ടക്കരയിൽ ദമ്പതികളെ വെട്ടിക്കൊന്നു

പാലക്കാട്: ഒറ്റപ്പാലം തോട്ടക്കരയിൽ ദമ്പതികളെ വെട്ടിക്കൊന്നു. നാലകത്ത് നസീർ (63), ഭാര്യ സുഹറ (60) എന്നിവരാണ് മരിച്ചത്. ജനുവരി 18-ന് ഞായറാഴ്ച അർധരാത്രി 12-ഓടെയാണ് ദാരുണമായ സംഭവം. വളർത്തുമകളായ സുൽഫിയത്തിന്റെ നാലുവയസായ മകനെ ഗുരുതര പരുക്കേറ്റ നിലയിലും കണ്ടെത്തി. സംഭവത്തിൽ ബന്ധുവും സുൽഫിയത്തിന്റെ ഭർത്താവുമായ പൊന്നാനി സ്വദേശി മുഹമ്മദ് റാഫിയെ പോലീസ് കസ്റ്റഡിയിലെടുത്തു. മുഹമ്മദ് റാഫിയുടെ കൈ ഞരമ്പ് മുറിച്ച നിലയിലായിരുന്നു.

സുൽഫിയത്ത് നാലു വയസുകാരനുമായി ഓടി രക്ഷപ്പെടുന്നതിനിടെയാണ് നാട്ടുകാർ വിവരമറിയുന്നത്. നാട്ടുകാർ വീട്ടിലെത്തി നോക്കിയപ്പോഴാണ് ദമ്പതികളെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. സ്ഥലത്തുനിന്ന് മുങ്ങിയ മുഹമ്മദ് റാഫിയെ കൈഞരമ്പ് മുറിച്ച നിലയിൽ സംഭവസ്ഥലത്ത് കണ്ടെത്തിയിരുന്നു. എങ്കിലും പോലീസിന് പിടികൂടാൻ കഴിഞ്ഞില്ല. സമീപത്തെ പള്ളി ഖബർസ്ഥാനിലേക്ക് ഓടി രക്ഷപ്പെട്ട യുവാവിനെ പോലീസും നാട്ടുകാരും ചേർന്ന് നടത്തിയ തെരച്ചിലിനൊടുവിലാണ് പിടികൂടിയത്. കുടുംബപ്രശ്നങ്ങളാണ് കൊലപാതകത്തിനു കാരണമെന്നാണ് വിവരം. മുഹമ്മദ് റാഫിയും സുൽഫിയത്തും ഏറെ നാളായി അകന്നു കഴിയുകയാണ്. ഇവരുടെ വിവാഹമോചന കേസും കോടതിയിലുണ്ട്. അതേസമയം ഭാര്യവീട്ടുകാർ കുഞ്ഞിനെ കാണാൻ അനുവദിക്കുന്നില്ലെന്ന് യുവാവ് പരാതിപ്പെട്ടിരുന്നതായും പറയപ്പെടുന്നു.

ഗുരുതരമായി പരുക്കേറ്റ കുട്ടിയെ ആദ്യം ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് വാണിയംകുളത്തെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി.

# സിപിഎം മുൻ എംഎൽഎ എസ്. രാജേന്ദ്രൻ ബിജെപിയിൽ

തിരുവനന്തപുരം: സിപിഎം മുൻ എംഎൽഎ എസ്. രാജേന്ദ്രൻ ബിജെപിയിൽ ചേർന്നു. ബിജെപി സംസ്ഥാന ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽനിന്ന് അദ്ദേഹം അംഗത്വം സ്വീകരിച്ചു. ദേവികുളത്ത് അദ്ദേഹം ബിജെപി സ്ഥാനാർത്ഥിയാകുമെന്ന സൂചനയുണ്ട്. 2006, 2011, 2016 കാലയളവിൽ ഇവിടെനിന്നുള്ള സിപിഎം എംഎൽഎ ആയിരുന്നു രാജേന്ദ്രൻ.



എസ്. രാജേന്ദ്രൻ ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽനിന്ന് അംഗത്വം സ്വീകരിക്കുന്നു.

ഫെബ്രുവരി എട്ടിന് മൂന്നാറിൽ നടക്കുന്ന സമ്മേളനത്തിൽ എസ്. രാജേന്ദ്രന്റെ നേതൃത്വത്തിൽ നൂറുകണക്കിന് സിപിഎമ്മുകാർ ബിജെപി അംഗത്വം സ്വീകരിക്കുമെന്നും നേതൃത്വം അറിയിച്ചു. ജനുവരി ആദ്യം രാജീവ് ചന്ദ്രശേഖറുമായി രാജേന്ദ്രൻ കൂടിക്കാഴ്ച നടത്തിയിരുന്നു. ഒരുമാസത്തിനകം തീരുമാനമെന്നാണ് അന്ന് അറിയിച്ചിരുന്നത്.

കഴിഞ്ഞ മൂന്നുവർഷമായി രാജേന്ദ്രൻ ബിജെപിയിൽ ചേരുമെന്നും പ്രചാരണം ശക്തമായിരുന്നു. കഴിഞ്ഞ നാലഞ്ച് വർഷമായി പാർട്ടി പ്രവർത്തനത്തിൽ ഉണ്ടായിരുന്നില്ലെന്നും എന്നാൽ പൊതുരംഗത്തു സജീവമായിരുന്നുവെന്നും രാജേന്ദ്രൻ പറഞ്ഞു. ഇക്കാലത്ത് വലിയ തോതിൽ മാനസിക പ്രയാസങ്ങളുണ്ടായി.

ദേവികുളം എംഎൽഎ എ. രാജയ്ക്കെതിരെ പ്രവർത്തിച്ചെന്ന പേരിൽ തനിക്കെതിരെ പാർട്ടി നടപടിയെടുത്തു. എന്നാൽ, സിപിഎം ബ്രാഞ്ച് സമ്മേളനത്തിൽ ഉൾപ്പെടെ തനിക്കെതിരെ ഒരു ആരോപണവും ഇതുവരെ ഉയർന്നില്ല. ഉപദ്രവിക്കരുതെന്ന് പലപ്പോഴും ആവശ്യപ്പെട്ടു. പലതും സഹിച്ചെന്നും രാജേന്ദ്രൻ പറഞ്ഞു.

ഹൈറേഞ്ചിലെ പ്രശ്നങ്ങൾ തീർക്കാൻ ഇടപെടുമെന്ന് ബിജെപി അദ്ധ്യക്ഷനിൽനിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും രാജേന്ദ്രൻ അറിയിച്ചു. ഇടുക്കിയിൽനിന്നുള്ള സിപിഐ നേതാവ് ജി.എൻ. ഗുരുനാഥൻ, സിപിഎം നേതാവ് വി.പി. സന്തോഷ് എന്നിവരും രാജേന്ദ്രനൊപ്പം ബിജെപി അംഗത്വം സ്വീകരിച്ചു.

# കെസിഎസ് ചിക്കാഗോയുടെ 2026 വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ഒരുക്കങ്ങൾ നടക്കുന്നു

ഷാജി പള്ളിവീട്ടിൽ




ചിക്കാഗോ: കെസിഎസ് ചിക്കാഗോയുടെ 2026 വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ഒരുക്കങ്ങൾ റോസ് മൗണ്ട് റിവേഴ്സ് കാസിനോയിലെ ബോൾ റൂമിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫെബ്രുവരി 7-ന് നടക്കുന്ന ഈ വർഷത്തെ വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ആഘോഷങ്ങൾ മുൻ വർഷങ്ങളിലേതിനേക്കാൾ വ്യത്യസ്തമായി ലക്കി ഇൻ ലവ്, വാലന്റൈൻസ് ഡേ കപ്പിൾസ് കസിനോ നൈറ്റ് ആയിട്ട് ആയിരിക്കും ആഘോഷിക്കപ്പെടുക എന്ന് കെസിഎസ് പ്രസിഡണ്ട് ജോസ് ആനമലയും ട്രഷറർ ടീന നെടുവാമ്പുഴയും മീഡിയ പ്രസ്താവനയിൽ അറിയിക്കുകയുണ്ടായി.

ഈ വർഷത്തെ ആഘോഷങ്ങൾക്ക് ഊർജ്ജം പകരുന്നതിനും അവിസ്മരണീയമാക്കുന്നതിനുമായി മെയിൽ ആൻഡ് ഫീമെയിൽ വോയ്സിൽ പാടാൻ കഴിവുള്ള മലയാളത്തിന്റെ പ്ലേ ബാക്ക് സിംഗർ ലക്ഷ്മി ജയൻ എത്തിച്ചേരുമെന്നും കോ-ഓർഡിനേറ്റേഴ്സായ സ്റ്റിബി & ആൻ ആനലിൽ, നിതിൻ & മരിയ കുന്നുംപുറത്ത്, മാത്യു & ഷാനിയമോൾ ചെല്ലക്കണ്ടത്തിൽ, മോഹിൻ & ആൽബി മാമൂട്ടിൽ എന്നിവർ അറിയിക്കുകയുണ്ടായി. റിവേഴ്സ് കാസിനോയിൽ 200 കപ്പിൾസിനായിരിക്കും ഈ വർഷത്തെ വാലന്റൈൻസ് ഡേ കപ്പിൾസ് നൈറ്റ് സെലിബ്രേഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ അംഗങ്ങൾ എത്രയും നേരത്തെ തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതയും കോ-ഓർഡിനേറ്റേഴ്സ് ഊന്നിപ്പറയുകയുണ്ടായി. ഈ വർഷത്തെ വൈവിധ്യമാർന്ന വാലന്റൈൻസ് ഡേ സെലിബ്രേഷനോട് നല്ല പ്രതികരണമാണ് ലഭിച്ചിരിക്കുന്നതെന്നും രജിസ്ട്രേഷൻ ഉടൻതന്നെ പൂർത്തിയാക്കപ്പെടുമെന്നും കോ-ഓർഡിനേറ്റേഴ്സ് അറിയിക്കുകയുണ്ടായി.

## സ്റ്റാർട്ടപ് ഇന്ത്യ പുരസ്കാര നേട്ടവുമായി ഫ്യൂസലേജ്

ന്യൂഡൽഹി: കാർഷിക രംഗത്ത് ഡ്രോണുകളുടെ ഉപയോഗത്തിലൂടെ ശ്രദ്ധേയമായ മലയാളി സ്റ്റാർട്ടപ്പായ ഫ്യൂസലേജ് ഇന്നവേഷൻ പ്രൈവറ്റ് ലിമിറ്റഡിന് ആസ്പയർ വിഭാഗത്തിലുള്ള സ്റ്റാർട്ടപ് ഇന്ത്യ പുരസ്കാരം (10 ലക്ഷം രൂപ) ലഭിച്ചു.

കേന്ദ്രവാണിജ്യകാര്യ മന്ത്രി പീയൂഷ് ഗോയലാണ് പുരസ്കാരം സമ്മാനിച്ചത്. ആലപ്പുഴ സ്വദേശികളും സഹോദരങ്ങളുമായ ദേവൻ ചന്ദ്രശേഖരനും ദേവിക ചന്ദ്രശേഖരനുമാണ് സ്ഥാപകർ.

കേരള സർക്കാരിന്റെ സ്റ്റാർട്ടപ് മിഷനു കീഴിൽ മേക്കർ വില്ലേജിൽ 2020-ലാണ് ഫ്യൂസലേജ് ഇന്നവേഷൻസ് ഡ്രോൺ നിർമാണക്കമ്പനി ആരംഭിച്ചത്.

ജനുവരി 16-ന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു മുന്നിൽ ദേവികയ്ക്ക് തങ്ങളുടെ സ്റ്റാർട്ടപ് യാത്ര പങ്കുവെക്കാനും അവസരം ലഭിച്ചു. ഇന്ത്യയാകെ അഞ്ച് സ്റ്റാർട്ടപ്പ് സംരംഭകർക്കാണ് ഇതിനുള്ള അവസരം ലഭിച്ചത്.

കാർഷിക മേഖലയിൽ ഡ്രോണുകൾ ഉപയോഗിച്ചു കൃത്യതയോടെയുള്ള കൃഷിരീതികൾ അവതരിപ്പിച്ച സ്റ്റാർട്ടപ്, തങ്ങൾ വികസിപ്പിച്ച സ്പ്രേയിങ് ഡ്രോണുകളിലൂടെയും സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗത്തിലൂടെ 30-40 ശതമാനം വരെ വിളവുയർത്താനും രാസകീടനാശിനി ഉപയോഗം 50 ശതമാനം വരെ കുറയ്ക്കാനും സഹായിക്കുന്നു.

## ചിക്കാഗോ മലയാളി അസോസിയേഷൻ വനിതാ ദിനാഘോഷങ്ങൾ 2026

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2026 മാർച്ച് 7-ന് ശനിയാഴ്ച വൈകിട്ട് 6 മണിക്ക് മോർട്ടൺഗ്രോവിലെ സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് ഈ വർഷത്തെ വനിതാ ദിനാഘോഷങ്ങൾ നടക്കുന്നതാണ്. സ്ത്രീകൾ സ്ത്രീകളെ ശക്തിപ്പെടുത്തുമ്പോൾ (Women Empowering Women (എ സെലിബ്രേഷൻ ഓഫ് സ്ട്രെങ്ത് ആൻഡ് ലീഡർഷിപ്) എന്ന വിഷയത്തിൽ ഊന്നിയുള്ളതായിരിക്കും ഈ വർഷത്തെ വനിതാ ദിനാഘോഷങ്ങളെന്ന് കോ-ഓർഡിനേറ്റർമാരായ നിഷ മാത്യൂസ് എറിക്, ഷൈനി ഹരിദാസ്, ബീന ജോർജ് എന്നിവർ അറിയിച്ചു.

മലയാളി നാഷണൽ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ മീറ്റ് അപ്, പ്രതിഭാമത്സരം (പ്രായപരിധി 25-40), സാമൂഹിക സേവനം അടിസ്ഥാനമാ


നിഷ മാത്യൂസ് എറിക്


ഷൈനി ഹരിദാസ്


ബീന ജോർജ്

ക്കിയുള്ള അവതരണം എന്നിങ്ങനെയുള്ള മൂന്ന് സെഷനുകളായിട്ടായിരിക്കും ആഘോഷപരിപാടികൾ നടക്കുക.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രശസ്ത മലയാളി സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാർ പങ്കെടുക്കുന്ന ഈ പ്രത്യേക സംഗമത്തിൽ ജീവിതശൈലി, ഫാഷൻ, സംരംഭകത്വം, ഫിറ്റ്നസ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട അവരുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും പങ്കുവെക്കുന്നതായിരിക്കും.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവർക്ക് അവരുടെ പ്രതിഭകൾ പ്രകടിപ്പിക്കുവാൻ അവസരമുണ്ടാകും. വിജയികൾക്ക് പുരസ്കാരങ്ങളും ആകർഷകമായ സമ്മാനങ്ങളും നല്കുന്നതായിരിക്കും.

സാമൂഹിക സേവനം അടിസ്ഥാനമാക്കിയുള്ള അവതരണത്തിൽ സഹായം അർഹിക്കുന്ന ഒരു വ്യക്തിയെയോ സംഘടനയെയോ പരിചയപ്പെടുത്തുന്ന വീഡിയോ അല്ലെങ്കിൽ സോഷ്യൽ മീഡിയ ഉള്ളടക്കം അവതരിപ്പിച്ച്, എന്തുകൊണ്ടാണ് അവരെ തെരഞ്ഞെടുക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള വിശദമായ വിശദീകരണം നല്കേണ്ടതാണ്. സാമൂഹിക ഉത്തരവാദിത്വവും സൃഷ്ടിപരമായ സമീപനവും ഒരുമിച്ച് അവതരിപ്പിക്കുന്ന അർത്ഥവത്തായ ഒരു പരിപാടിയാണിത്.

എല്ലാ വനിതകളെയും കുടുംബാംഗങ്ങളെയും ഈ മഹത്തായ വനിതാ ദിനാഘോഷത്തിലേക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: നിഷ മാത്യൂസ് എറിക് 901 239 0556, ഷൈനി ഹരിദാസ് 630 290 7143, ബീന ജോർജ് 224 805 7986.

# മനോജിനും കുടുംബത്തിനും സ്നേഹവീടൊരുക്കി ഹൂസ്റ്റൺ ഫ്രണ്ട്സ് ഓഫ് തിരുവല്ല

ഡോ. ജോർജ് എം. കാക്കനാട്

തിരുവല്ല: ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാതൃകയായി ഫ്രണ്ട്സ് ഓഫ് തിരുവല്ല ഹൂസ്റ്റൺ. കുറ്റപ്പുഴ സ്വദേശി മനോജിനും കുടുംബത്തിനുമായി ഏകദേശം 12 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വീടിന്റെ നിർമ്മാണം പൂർത്തിയാക്കി കൈമാറി ഗൃഹപ്രവേശം പ്രൗഢമായി ആഘോഷിച്ചു.

ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രസിഡണ്ട് സുജ കോശി, മുൻ പ്രസിഡണ്ട് ഡോ. ജോർജ് കാക്കനാട്ട് എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുത്തു. സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഉദാരമായ സംഭാവനകളുടെയും ഫലമായാണ് സ്വപ്ന പദ്ധതി യാഥാർത്ഥ്യമായത്.

പദ്ധതിയുടെ ഏകോപനത്തിലും പൂർത്തീകരണത്തിലും നിർണ്ണായക പങ്കുവഹിച്ച റവ.ഡോ. തോമസ് കുര്യൻ അഞ്ചേരി വീട് ആശീർവദിച്ചു. റവ. അനി അലക്സ് കുര്യൻ, റവ. പി. ടി. കോശി, റവ. ഫിലോമൻ കോശി എന്നിവർ ചടങ്ങിൽ സംബന്ധിക്കുകയും കുടുംബത്തിന് ആശംസകൾ നേരുകയും ചെയ്തു.

ഐക്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും അടയാളമാണ് ഈ ഭവന പദ്ധതിയെന്ന് ഭാരവാഹികൾ പറഞ്ഞു. ഈ ഉദ്യമത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും സംഘടന നന്ദി അറിയിച്ചു.







# ദൈവികാനുഗ്രഹങ്ങൾ പങ്കുവെക്കുന്നതിലൂടെ മാത്രമേ ക്രിസ്തീയ സാക്ഷ്യം നിറവേറ്റാനാകൂ: ബിഷപ് ഡോ. മാർ പൗലോസ്

ഷാജി രാമപുരം



മക്കാലൻ: ടെക്സസ് സ്റ്റേറ്റിൽ മക്കാലനിലുള്ള റിയോ ഗ്രാൻഡെ വാലി മാർത്തോമ്മ കോൺഗ്രിഗേഷന്റെ പത്താമത് വാർഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ മനുഷ്യർക്ക് ദൈവത്തിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരിലേക്ക് പങ്കുവെക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം നിറവേറ്റുവാൻ സാധിക്കൂ എന്ന് മാർത്തോമ്മ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാദ്ധ്യക്ഷൻ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ് ഉദ്ബോധിപ്പിച്ചു.

ചടങ്ങിൽ കോൺഗ്രിഗേഷൻ വികാരിയും ഹൂസ്റ്റൺ സെന്റ് തോമസ് ഇടവക വികാരിയും സഭയുടെ മെക്സിക്കോ മിഷൻ മിഷനറിയും ആയ റവ. സോനു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മ ഇടവക വികാരി റവ. ജിജോ ജേക്കബ്, ഭദ്രാസന ട്രഷറർ ജോർജ് പി. ബാബു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

വാർഷിക ചടങ്ങിനോടനുബന്ധിച്ച് ബിഷപ് ഡോ. മാർ പൗലോസ് രണ്ട് കുഞ്ഞുങ്ങൾക്ക് ആദ്യ വിശുദ്ധ കുർബാന നല്കുകയും 70 വയസ് പൂർത്തീകരിച്ച ജോൺസി ജോൺ-മറിയാമ്മ ജോൺ, മാത്യു മത്തായി-സാറാമ്മ മാത്യു, തോമസ് ജോൺ-ലിസാമ്മ തോമസ് എന്നീ ദമ്പതികളെ പൊന്നാട അണിയിക്കുകയും കൂടാതെ അമേരിക്കയിൽ 50 വർഷം പ്രവാസജീവിതം പൂർത്തീകരിക്കുകയും തങ്ങളുടെ കുടുംബജീവിതത്തിൽ 50 വർഷം പിന്നിടുകയും ചെയ്ത പ്രൊഫ. ഡോ. ജോൺ പി. ഏബ്രഹാം, മെക്സിക്കോ മിഷൻ കോ-ഓർഡിനേറ്റർ കൂടിയായ പി.റ്റി. ഏബ്രഹാം എന്നിവരെ ആദരിക്കുകയും ചെയ്തു.



മെക്സിക്കോ രാജ്യത്തിന്റെ അതിർത്തിയിലുള്ള മക്കാലിൻ റിയോ ഗ്രാൻഡെവാലി മാർത്തോമ്മാ കോൺഗ്രിഗേഷന്റെ പത്താമത് വാർഷിക ചടങ്ങിൽ ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ നിന്ന് ഒരു ടൂറിസ്റ്റ് ബസ് നിറയെ ഇടവകാംഗങ്ങൾ പങ്കെടുത്തതും സമീപ ഇടവകകളിൽ നിന്നും മറ്റും പലരും പങ്കെടുത്തതും പ്രത്യേക ശ്രദ്ധ നേടി.

കോൺഗ്രിഗേഷൻ സെക്രട്ടറിയും ഭദ്രാസന കൗൺസിൽ അംഗവും കൂടിയായ ലിബി സ്കറിയ, വൈസ് പ്രസിഡണ്ട് പി.റ്റി. ഏബ്രഹാം, ട്രസ്റ്റിമാരായ ഡോ. ജോൺ പി. ഏബ്രഹാം, മറിയാമ്മ ജോൺ എന്നിവരെ കൂടാതെ ഡോ. അലൻ ഫ്രാൻസിസ്, ഡോ. ബിന്ദു ജോർജ്, ബിജു ഫിലിപ്പ്, ലീനോ സോണി, ഡോ. ബിനോജ് മാത്യു, സിനി ബിനോ, ജിമോയ് ജോർജ്, സോണി ഉമ്മൻ, ആൻസി, ബിനോ ജോൺ, സുമി ബിനോജ്, സ്നേഹ സോണി, ഡോ. ഗ്രേസ് ഫ്രാൻസിസ് എന്നിവർ ചടങ്ങിന് നേതൃത്വം നല്കി.

# ബാൾട്ടിമോർ പള്ളിയിൽ സീറോമലബാർ കൺവൻഷൻ കിക്കോഫ്

ബീനാ വള്ളിക്കളം

ചിക്കാഗോ: അമേരിക്കയിലെ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവൻഷന്റെ പ്രചാരണത്തിനും കിക്കോഫിനുമായി ജൂബിലി കൺവീനർ ഫാ. ജോൺ മേലേപ്പുറത്തിനോടൊപ്പം ബാൾട്ടിമോർ സെന്റ് അൽഫോൻസാ സീറോമലബാർ ദേവാലയം സന്ദർശിച്ച കൺവൻഷൻ ടീമിന് സ്നേഹപൂർവ്വമായ സ്വീകരണം ഇടവകാംഗങ്ങൾ നല്കി. ഫാ. ജോൺ മേലേപ്പുറം കൺവൻഷനിലേക്ക് ഏവരെയും ഹാർദ്ദമായി ക്ഷണിച്ചു. നാല് ദിവസങ്ങളിലായി നടത്തപ്പെടുന്ന കൺവൻഷൻ പരിപാടികളുടെ രൂപരേഖ ഫെസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി അവതരിപ്പിച്ചു. ഇടവകയിൽ നിന്നുള്ള കൺവൻഷൻ പ്രതിനിധികളായ ഷാജി ജോർജ്, സിബിച്ചൻ കോനാത്തപ്പള്ളി എന്നിവർ മനോഹരമായ കൺവൻഷൻ കിക്കോഫിനു നേതൃത്വം നല്കി. ഇടവകാംഗങ്ങളുടെ ആവേശപൂർവമായ പങ്കാളിത്തം കൺവൻഷൻ ടീമിന് വലിയ ആവേശം പകർന്നു.

ജനുവരി 31-നു മുൻപ് രജിസ്ട്രേഷൻ നടത്തി ഏർലി ബേർഡ് നിരക്കുകൾ ഉപയോഗപ്രദമാക്കുവാൻ ഏവരേയും ടീം ആഹ്വാനം ചെയ്തു. ഇടവക വികാരി ഫാ. ജോസി കുര്യാക്കോസ് ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരേയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു.

ചിക്കാഗോയിലെ അതിപ്രശസ്തവും മനോഹരവുമായ മക്കോമിക് പ്ലേസ് കൺവൻഷൻ സെന്ററിലും അതിനോടു ചേർന്ന മൂന്ന് ഹോട്ടലുകളിലും ആയിട്ടാണ് സീറോമലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു.



കഴിഞ്ഞ 25 വർഷങ്ങളിലായി രൂപത കൈവരിച്ച അഭൂതപൂർവ്വമായ വളർച്ചയിൽ പങ്കാളികളായ ഏവരേയും ഈയവസരത്തിൽ ഓർമ്മിക്കുകയാണ്.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ഈ മഹാസമ്മേളനം ഏവർക്കും ഒന്നിച്ചു ചേരാനും സൗഹൃദങ്ങൾ പങ്കുവെക്കാനും ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കുവെക്കാനും പ്രവാസലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനുമുള്ള ഒരവസരം ആയിരിക്കും.

ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും സംഘടനാ കൂട്ടായ്മകളും കേരളത്തിൽ നിന്നുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന കലാപരിപാടികളും മത്സരങ്ങളും ഒരുക്കിയിരിക്കുന്നു.

യുവജനങ്ങളെയും മുതിർന്നവരെയും ഒരുപോലെ പങ്കാളികളാക്കി നടത്തുന്ന ഈ വിശ്വാസ കൂട്ടായ്മയിൽ അമേരിക്കയിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ സീറോമലബാർ വിശ്വാസികളും വന്നുചേരണമെന്നാണ് താൻ കാംക്ഷിക്കുന്നതെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് രൂപതയിലെ ഏവർക്കുമായുള്ള സന്ദേശത്തിൽ അറിയിക്കുകയുണ്ടായി.

ഓരോ പള്ളിയിലും അവരുടെ പ്രതിനിധികളോടു ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒരു സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൺവൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നതുവഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു.

ഈ സംയോജിതശ്രമം കൂടുതൽ വിശ്വാസികളെ കൺവൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രതീക്ഷിക്കുന്നു. ബാൾട്ടിമോർ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും കൺവൻഷൻ രജിസ്ട്രേഷനും www.syro-Convention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് സുവർണ്ണജൂബിലി ലോഗോ പ്രകാശനം ചെയ്തു

**ഷാജി രാമപുരം**

ഡാളസ്: മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഔദ്യോഗിക ജൂബിലി ലോഗോ പ്രകാശനം ചെയ്തു. 1976-ൽ സ്ഥാപിതമായ ഈ ഇടവക മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിനു കീഴിലുള്ള ഏറ്റവും വലിയ ഇടവകകളിൽ ഒന്നായി വളർന്നിരിക്കുകയാണ്. നിലവിൽ ഏകദേശം 500 കുടുംബങ്ങൾ ഈ ഇടവകയുടെ ഭാഗമാണ്.

അമ്പതുവർഷത്തെ ആത്മീയ പൈതൃകവും വിശ്വാസയാത്രയും പ്രതീകാത്മകമായി അവതരിപ്പിക്കുന്ന രീതിയിലാണ് സുവർണ്ണ ജൂബിലി ലോഗോ രൂപകല്പന ചെയ്തിരിക്കുന്നത്. ക്രിസ്തീയ വിശ്വാസമൂല്യങ്ങൾ, സഭയുടെ ദൗത്യം, ജീവിതം, സമൂഹത്തോടുള്ള ഉത്തരവാദിത്വം എന്നിവ ലോഗോയിലെ വിവിധ ഘടകങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നു. ‘Sojourners with Christ’ (Faith, Hope Mission) എന്നതാണ് സുവർണ്ണജൂബിലിയുടെ ഔദ്യോഗിക തീമായി തെരഞ്ഞെടുത്തിരിക്കുന്നത്.

ക്രിസ്തുവിനൊപ്പം യാത്ര ചെയ്യുന്ന വിശ്വാസിസമൂഹം എന്ന ഇടവകയുടെ ദർശനവും ആത്മീയ യാത്രയുമാണ് ഈ തീം മുന്നോട്ടുവെക്കുന്നത്. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരുവർഷം നീണ്ടുനിൽക്കുന്ന വിവിധ ആത്മീയ, സാമൂഹിക, സാംസ്കാരിക പരിപാടികൾ ഇടവക ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രത്യേക ആരാധനകൾ, ആത്മീയ സമ്മേളനങ്ങൾ, കുടുംബസംഗമങ്ങൾ, ഇടവക സംഘടനകളുടെ പരിപാടികൾ, സാമൂഹിക സേവന പദ്ധതികൾ എന്നിവ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കും.

സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇടവകയുടെ അമ്പത് വർഷത്തെ ചരിത്രവും ആത്മീയ വളർച്ചയും സാമൂഹിക സേവനരംഗത്തെ സംഭാവനകളും സമഗ്രമായി രേഖപ്പെടുത്തുന്ന ഒരു സ്മരണിക (സുവനീർ) കൂടി പുറത്തിറക്കുമെന്ന് ജൂബിലി കമ്മിറ്റി അറിയിച്ചു. ഇടവകയുടെ രൂപീകരണം മുതൽ ഇന്നുവരെ നടന്ന പ്രധാന സംഭവങ്ങൾ, അപൂർവ ചിത്രങ്ങൾ, സന്ദേശങ്ങൾ, ലേഖനങ്ങൾ എന്നിവ ഈ സ്മരണികയിൽ ഉൾക്കൊള്ളിച്ചിരിക്കും. ജൂബിലി വർഷത്തിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നായിരിക്കും ഈ പ്രസിദ്ധീകരണം.

ഇടവകയിൽ റവ. ഏബ്രഹാം വി. സാംസൺ വികാരിയായും റവ. ജെസ്വിൻ ജോൺ സഹവികാരിയായും ശുശ്രൂഷ അനുഷ്ഠിച്ചുവരുന്നു. എബി തോമസിന്റെയും ക്രിസ്റ്റോ മേക്കാട്ടുകുളത്തിന്റെയും നേതൃത്വത്തിലുള്ള സമർപ്പിത ജൂബിലി കമ്മിറ്റി വിവിധ ജൂബിലി സംരംഭങ്ങളും പരിപാടികളും ഏകോപിപ്പിച്ച് വിജയകരമായി നടപ്പിലാക്കുന്നതിനായി സജീവമായി പ്രവർത്തിച്ചുവരുന്നതായി അറിയിച്ചു.

നോർത്ത് അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ ചരിത്രത്തിൽ തന്നെ ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ഇടവകയായ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ചർച്ച്, ആത്മീയതയോടൊപ്പം സാമൂഹിക സേവന രംഗത്തും ശക്തമായ സാന്നിദ്ധ്യം പുലർത്തുന്ന ഇടവകയായി അറിയപ്പെടുന്നു. സുവർണ്ണജൂബിലി ആഘോഷങ്ങൾ ഇടവകാംഗങ്ങൾക്കിടയിലെ ഐക്യവും സഹവർത്തിത്വവും കൂടുതൽ ശക്തിപ്പെടുത്തുവാൻ ഇടവക നേതൃത്വം ശ്രമിക്കുമെന്നും ഇടവക സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ പബ്ലിസിറ്റി കമ്മിറ്റിക്കു വേണ്ടി ജോബി ജോൺ അറിയിച്ചു.







# കാലിഫോർണിയ സെ. ജോസഫ് ക്നാനായ കത്തോലിക്കാ മിഷനിൽ കാറ്റിക്കിസം ആരംഭിച്ചു

**ജോർളി ടി. ജോണി**

കാലിഫോർണിയ: ട്രേസിയിലെ പുതിയ ക്നാനായ മിഷൻ (സെന്റ് ജോസഫ് ക്നാനായ കത്തോലിക്കാ മിഷൻ) ചെറിയൊരു ചുവട്വെച്ച് അവരുടെ വലിയൊരു സ്വപ്നമായ കാറ്റിക്കിസം ക്ലാസുകൾക്ക് ഔപചാരികമായി തുടക്കം കുറിച്ചു. കുട്ടികളുടെ മനസ്സിലേക്ക് വിശ്വാസത്തിന്റെ വിത്ത് വിതയ്ക്കാൻ ട്രേസി മിഷൻ തങ്ങളുടെ ആദ്യത്തെ കാറ്റിക്കിസം ക്ലാസ്, ഫാ. ജോസ് (ജെമി അച്ചൻ) പുതുശ്ശേരിയുടെ അനുഗ്രഹത്തോടെയും മിഷൻ കുടുംബങ്ങളുടെ അനുവാദത്തോടെയും 2025 നവംബർ 30-ന് ഔദ്യോഗികമായി ആരംഭിച്ചു.

ആദ്യക്ലാസിൽ കുറച്ചു കുട്ടികൾ മാത്രം. പക്ഷേ, ഈ ചെറിയ തുടക്കം വലിയ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും പ്രത്യാശ നിറയ്ക്കുന്നു. വിശ്വാസപാഠത്തിന്റെ പുതുതുടക്കമാണിത്. പുതിയ ക്നാനായ മിഷൻ പ്രാരംഭം കാറ്റിക്കിസം ക്ലാസുമായി വിശ്വാസത്തിന്റെ പുത്തൻ വഴിയിലേക്ക് തങ്ങളുടെ കുട്ടികൾക്കായി ആദ്യചുവടു വെക്കുന്ന രംഗം. മലയാളത്തിന്റെ സ്വന്തം കുഞ്ഞുണ്ണി മാഷിന്റെ വാക്കുകൾ ഇവിടെ ശക്തിപോലെ മുഴങ്ങുന്നു: ‘ചെറിയ വിത്തിൽ വലിയ മരമുണ്ട്.’ അങ്ങനെ സെന്റ് ജോസഫ് ക്നാനായ കത്തോലിക്കാ മിഷന്റെ ഈ ചെറിയ തുടക്കമായ കാറ്റിക്കിസം ക്ലാസ് ഭാവിയിലെ വലിയ വിശ്വാസവൃക്ഷത്തിന്റെ ആദ്യസാക്ഷ്യമാണ്.

സെന്റ് ജോസഫ് ക്നാനായ കത്തോലിക്കാ മിഷന്റെ ഈ വലിയ ഉത്തരവാദിത്വം, വിശ്വാസിസമൂഹത്തിന്റെ ഭാവിയെ ഒരു പുതുവെളിച്ചത്തിലേക്ക് നയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഈ തുടക്കം വിശ്വാസപാരമ്പര്യത്തിന്റെ തുടർച്ചയ്ക്കും ക്നാനായ സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കും ശക്തമായ അടിത്തറയാകുമെന്ന പ്രത്യാശയിലാണ് ട്രേസിയിലെ സെന്റ് ജോസഫ് ക്നാനായ കത്തോലിക്കാ മിഷൻ.



# ജോസ് മാത്യു ഇലക്കാട്ട് അന്തരിച്ചു

കൈപ്പുഴ: ഇലക്കാട്ട് ജോസ് മാത്യു (61) അന്തരിച്ചു. ഇലക്കാട്ട് പരേതനായ ഇ.ജെ. ജോസഫിന്റെയും മേരിക്കുട്ടി ജോസഫിന്റെയും മകനാണ് പരേതൻ. ഭാര്യ ബിന്ദു പന്നിവേലിൽ കുടുംബാംഗമാണ്. മക്കൾ: ബാലു ഇലക്കാട്ട്, ദിലു ഇലക്കാട്ട്.

സഹോദരങ്ങൾ: സിറിൽ ജോസ് (ന്യൂയോർക്ക്), ജിജി ലൂക്കോസ് കൊടുവത്തറ (ചിക്കാഗോ).



# വാഴ്വ് 2026 സെപ്റ്റംബർ 26-ന് ബെർമിങ്ഹാമിലെ ബഥേൽ കൺവൻഷൻ സെന്ററിൽ

**സോജൻ തോമസ്**

ബെർമിങ്ഹാം: ക്നാനായ കാത്തലിക് മിഷൻസ് കോ-ഓർഡിനേറ്റർ ഫാ. സുനി പടിഞ്ഞാറേക്കര ചെയർമാനും ജനറൽ കൺവീനറായി സാജൻ ഈഴാറാത്തും ജോയിന്റ് കൺവീനറായി ജിൽസ് നന്ദികാട്ടും വാഴ്വ് 2026-ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

യുകെയിലെ 15 ക്നാനായ മിഷനുകളിൽ നിന്നും മാസ്സ് സെന്ററികളിൽ നിന്നുമായി ഒട്ടേറെ കുടുംബങ്ങളാണ് മുൻ വർഷങ്ങളിൽ വാഴ്വിൽ പങ്കെടുത്തത്.

സഭാ പിതാക്കന്മാരോടും വൈദികരോടും ചേർന്നു അർപ്പിക്കുന്ന ഭക്തിസാന്ദ്രമായ ദിവ്യബലിയിലും കുട്ടികൾക്കും യുവജനങ്ങൾക്കുമായി നടക്കുന്ന പ്രത്യേക സെഷനുകളിലും നയനമനോഹരമായ കലാപരിപാടികളിലും പങ്കെടുക്കുവാൻ യുകെയിലെ എല്ലാ ക്നാനായ കത്തോലിക്കാ കുടുംബങ്ങളെയും സെപ്റ്റംബർ 26-ന് നടക്കുന്ന വാഴ്വ് 2026-ലേക്ക് ഹാർദ്ദമായി ക്ഷണിക്കുന്നു. നിങ്ങളുടെ അവധികൾ ക്രമീകരിക്കുവാൻ ശ്രമിക്കുമല്ലോ.



# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന് വേൾഡ് മലയാളി കൗൺസിലിന്റെ ആദരം

ഹൂസ്റ്റൺ: അമേരിക്കയിൽ സ്വന്തമായി ആസ്ഥാനമുള്ള പ്രമുഖ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന് (മാഗ്) വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) സംഘടിപ്പിച്ച 'സ്നേഹപൂർവം 2026' പുതുവത്സര സംഗമത്തിൽ പ്രത്യേക ആദരം അർപ്പിച്ചു. മലയാളി സമൂഹത്തിനായി സംഘടന നടത്തുന്ന സാമൂഹിക-സാംസ്കാരിക സേവനങ്ങളെ അംഗീകരിച്ചാണ് ഈ ആദരം.







ചടങ്ങിൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ പുതുവത്സര സന്ദേശം അവതരിപ്പിച്ചു. ഐക്യവും സേവനവും സാമൂഹിക പ്രതിബദ്ധതയും മലയാളി സംഘടനകളുടെ ശക്തിയാണെന്ന് അദ്ദേഹം പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ അഡ്മിനിസ്ട്രേറ്റീവ് വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ, ഹൂസ്റ്റൺ പ്രൊവിൻസ് പ്രസിഡണ്ട് തോമസ് സ്റ്റീഫൻ, പ്രൊവിൻസ് ചെയർമാൻ അഡ്വ. ലാൽ ഏബ്രഹാം, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ. പി. ജോർജ്, സ്റ്റാഫോർഡ് സിറ്റി പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറ, ഐഐഎൻഎജിഎച്ച് പ്രസിഡണ്ട് ബിജു ഇട്ടൻ, മാഗ് പ്രസിഡണ്ട് റോയ് മാത്യു, ഡബ്ല്യുഎംസി അമേരിക്ക റീജിയൻ ചെയർമാൻ ഡോ. ഷിബു സാമുവൽ, പ്രസിഡണ്ട് ബ്ലസൻ മണ്ണിൽ, വിമൻസ് ഫോറം ചെയർപേഴ്സൺ ലക്ഷ്മി പീറ്റർ എന്നിവർ ഉൾപ്പെടെയുള്ള ഭാരവാഹികളും നേഴ്സിങ് സംഘടനാ നേതാക്കളും ആരോഗ്യ പ്രവർത്തകരും സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.



സാംസ്കാരിക പരിപാടികളുടെ ഭാഗമായി ലക്ഷ്മി പീറ്റർ അവതരിപ്പിച്ച ലൈവ് മ്യൂസിക് ബാൻഡും ഫാഷൻ ഷോയും ശ്രദ്ധേയമായി. മികച്ച അവതരണവും സംഘാടക മികവും ചേർന്ന ലൈവ് മ്യൂസിക്-ഫാഷൻ ഷോ വിഭാഗം വൻ വിജയമായി. പ്രിൻസി ജെയിംസും ആര്യ ജെയിംസും അവതരിപ്പിച്ച സെമി ക്ലാസിക്കൽ നൃത്തം സദസിന്റെ പ്രശംസ നേടി.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ പ്രസിഡണ്ട് റോയ് മാത്യുവിനെയും മാഗ് ബോർഡ് അംഗങ്ങളെയും ചടങ്ങിൽ ആദരിച്ചു. വോട്ട് ഓഫ് താങ്ക്സോടെ പരിപാടി സമാപിച്ചു.

ഐക്യത്തിന്റെയും സേവനത്തിന്റെയും സാംസ്കാരിക അഭിമാനത്തിന്റെയും ശക്തമായ സന്ദേശമാണ് 'സ്നേഹപൂർവം 2026' മലയാളി സംഗമം ഉയർത്തിപ്പിടിച്ചതെന്ന് സംഘാടകർ അറിയിച്ചു.
















# സ്വർണച്ചാമരം

## പ്രവാസ ജീവിതാനുഭവങ്ങളുടെ തീവ്രമായ ആവിഷ്കാരം: മോൻസ് ജോസഫ് എംഎൽഎ

**അനിൽ പെണ്ണുക്കര**

കോട്ടയം: പ്രൊഫ. ബാബു പൂഴിക്കുന്നേൽ രചിച്ച 'സ്വർണച്ചാമരം' എന്ന കഥാസമാഹാരം പ്രവാസജീവിതങ്ങളിലെ ആകുലതകളും ഗൃഹാതുരതകളും വൃദ്ധമാതാപിതാക്കളുടെ ഒറ്റപ്പെടലും യഥാതഥമായി ചിത്രീകരിക്കുന്ന അനുഭവ സാക്ഷ്യങ്ങളുടെ ആവിഷ്കാരമാണെന്ന് മോൻസ് ജോസഫ് എംഎൽഎ പറഞ്ഞു.

ചൈതന്യ പാസ്റ്ററൽ സെന്ററിൽ ഈ കഥാസമാഹാരത്തിന്റെ പ്രകാശനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻ എംപി തോമസ് ചാഴികാടൻ പുസ്തകം ഏറ്റുവാങ്ങി. കോട്ടയത്തെ വര ആർട്സ് ഗാലറിയാണ് പുസ്തകം പ്രസിദ്ധീകരിച്ചത്. കഥാകാരന്റെ സഹപാഠികളും സുഹൃത്തുക്കളും പ്രവാസികളും സഹപ്രവർത്തകരും അടങ്ങിയ വലിയൊരു സദസ് ഈ പ്രകാശനച്ചടങ്ങിന് സാക്ഷികളായി.

ഡോ. നവീന നരിതൂക്കിൽ പ്രാർത്ഥനാഗാനം ആലപിച്ചു. ഡോ. അനിൽ സ്റ്റീഫൻ സ്വാഗതം പറഞ്ഞു. മാത്യൂസ് ഓരത്തേൽ ആമുഖപ്രസംഗം നടത്തി.

മീഡിയ അക്കാഡമി ഡയറക്ടർ സി.എൽ. തോമസ് പുസ്തകാവതരണം നടത്തി. മുൻ എംപി തോമസ് ചാഴികാടൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. ഷീല സ്റ്റീഫൻ മുഖ്യപ്രഭാഷണം നടത്തി. കോട്ടയം അതിരൂപത പ്രൊക്കുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട്, വടവാതൂർ പൗരസ്ത്യ വിദ്യാപീഠം മുൻ പ്രസിഡണ്ട് ഫാ. മാത്യു മണക്കാട്ട്, കോട്ടയം അതിരൂപത വിദ്യാഭ്യാസ കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് പുതിയകുന്നേൽ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി.






കേരളാ എക്സ്പ്രസ് ഏർപ്പെടുത്തിയ 'അക്ഷരശ്രേഷ്ഠ' പുരസ്കാരം പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേലിന് മോൻസ് ജോസഫ് എംഎൽഎ സമ്മാനിക്കുന്നു. (ഇടത്തുനിന്ന്) സൈമൺ ആറുപറ, രാജു ആലപ്പാട്ട്, ഫാ. തോമസ് പുതിയകുന്നേൽ, ഫാ. മാത്യു മണക്കാട്ട്, മാത്യൂസ് ഓരത്തേൽ, ഫാ. ഏബ്രഹാം പറമ്പേട്ട്, ബേബി ഊരാളിൽ, ജോസ് കണിയാലി, തോമസ് ചാഴികാടൻ, പ്രൊഫ. ഷീല സ്റ്റീഫൻ, അനിൽ പെണ്ണുക്കര, ഡെന്നി ഊരാളിൽ, സി.എൽ. തോമസ്, സിറിയക് കൂവക്കാട്ടിൽ എന്നിവർ സമീപം.




ഫോമാ മുൻ പ്രസിഡണ്ട് ബേബി ഊരാളിൽ (ന്യൂയോർക്ക്), കെ.സി.സി.സി.എഫ് മുൻ പ്രസിഡണ്ട് ഡെന്നി ഊരാളിൽ (ഫ്ളോറിഡ), കെ.സി.സി.എൻ.എ മുൻ പ്രസിഡണ്ട് സിറിയക് കൂവക്കാട്ടിൽ (ചിക്കാഗോ) എന്നിവർ ആശംസകൾ നേർന്നു. രാജു ആലപ്പാട്ട്, സൈമൺ ആറുപറ എന്നിവർ എംസിമാരായിരുന്നു.

അമേരിക്കയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന കേരളാ എക്സ്പ്രസ് പത്രം ഏർപ്പെടുത്തിയ 'അക്ഷരശ്രേഷ്ഠ' പുരസ്കാരം പ്രൊഫ. ബാബു പൂഴിക്കുന്നേലിന് മോൻസ് ജോസഫ് എംഎൽഎ സമ്മാനിച്ചു.

കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി 'അക്ഷരശ്രേഷ്ഠ' പുരസ്കാരത്തിന്റെ മാനദണ്ഡങ്ങൾ സമ്മേളനത്തിൽ വിശദീകരിച്ചു. പ്രൊഫ. ബാബു പൂഴിക്കുന്നേൽ നന്ദി പ്രകാശിപ്പിച്ചു.

# സ്വർണച്ചാമരം: പുസ്തകപ്രകാശനം ചിത്രങ്ങളിലൂടെ...



പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ രചിച്ച 'സ്വർണച്ചാമരം' എന്ന കഥാസമാഹാരത്തിന്റെ പ്രകാശനം ആദ്യകോപ്പി മുൻ എംപി തോമസ് ചാഴികാടനു നല്കി മോൻസ് ജോസഫ് എംഎൽഎ നിർവഹിക്കുന്നു. (ഇടത്തുനിന്ന്) രാജു ആലപ്പാട്ട്, ഫാ. തോമസ് പുതിയകുന്നേൽ, ഫാ. മാത്യു മണക്കാട്ട്, മാത്യൂസ് ഓരത്തേൽ, ഫാ. ഏബ്രഹാം പറമ്പേട്ട്, ജോസ് കണിയാലി, ബേബി ഊരാളിൽ, പ്രൊഫ. ബാബു പൂഴിക്കുന്നേൽ, പ്രൊഫ. ഷീല സ്റ്റീഫൻ, ഡെന്നി ഊരാളിൽ, സി.എൽ. തോമസ്, സിറിയക് കൂവക്കാട്ടിൽ, സൈമൺ ആറുപറ എന്നിവരാണ് സമീപം.



മോൻസ് ജോസഫ് എംഎൽഎ



തോമസ് ചാഴികാടൻ എക്സ് എംപി



പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ



പ്രൊഫ. ഷീല സ്റ്റീഫൻ



ജോസ് കണിയാലി




ഫാ. ഏബ്രഹാം പറമ്പേട്ട്



ഫാ. മാത്യു മണക്കാട്ട്



ഫാ. തോമസ് പുതിയകുന്നേൽ



സി.എൽ. തോമസ്



ബേബി ഊരാളിൽ



ഡെന്നി ഊരാളിൽ



സിറിയക് കൂവക്കാട്ടിൽ



മാത്യൂസ് ഓരത്തേൽ



രാജു ആലപ്പാട്ട്



സൈമൺ ആറുപറ



അനിൽ സ്റ്റീഫൻ



ഡോ. നവീന നരിതൂക്കിൽ







ഡോ. ക്ലെയർ ഗസ്റ്റ് തന്റെ പ്രിയപ്പെട്ട നായയോട് ഒപ്പം...

കേരളാ എക്സ്പ്രസ്

വാരാന്ത്യം

# നാലുകാലുള്ള മെഡിക്കൽ ഡിറ്റക്ടീവ്



സുരേഷ് കുട്ടി

ആ തണുത്ത പ്രഭാതത്തിൽ ക്ലെയർ ഗസ്റ്റ് എന്ന സ്ത്രീ തന്റെ ഓമന നായയായ ഡെയ്സിയെ പതിവു പോലെ നടക്കാനിറങ്ങി. പെട്ടെന്നാണ് ഡെയ്സിയുടെ സ്വഭാവത്തിൽ അവൾ അസ്വാഭാവികത ശ്രദ്ധിച്ചത്.

ഡെയ്സി അവളുടെ നെഞ്ചിലേക്ക് വിചിത്രമായി നോക്കുന്നു, കുരയ്ക്കുന്നു, മുൻകാലുകൾ കൊണ്ട് മാന്താൻ ശ്രമിക്കുന്നു. ആദ്യമൊന്നും ക്ലെയർ അത് കാര്യമാക്കിയില്ല. എന്നാൽ ദിവസങ്ങൾ കഴിഞ്ഞിട്ടും ഡെയ്സി ഇതേ സ്വഭാവം ആവർത്തിച്ചു കൊണ്ടേയിരുന്നു.

ഒടുവിൽ, എന്തോ പന്തികേടുണ്ടെന്ന് തോന്നിയ ക്ലെയർ ഒരു ഡോക്ടറെ കാണാൻ തീരുമാനിച്ചു.

പരിശോധനയുടെ ഫലം അവളെ ഞെട്ടിച്ചു. അവളുടെ നെഞ്ചിൽ, ഡെയ്സി എവിടെയാണോ മാന്തിക്കൊണ്ടിരുന്നത്, കൃത്യം അതേ സ്ഥാനത്ത് ഒരു മുഴ! അത് സ്തനാർബുദത്തിന്റെ തുടക്കമായിരുന്നു.

ഡെയ്സി എന്ന നായ ഒരു ഡോക്ടറെപ്പോലെ രോഗം കണ്ടെത്തുക മാത്രമല്ല, തന്റെ യജമാനത്തിയുടെ ജീവൻ രക്ഷിക്കുക കൂടിയായിരുന്നു.

ക്ലെയർ ഗസ്റ്റ് മെഡിക്കൽ ഡിറ്റക്ഷൻ ഡോഗ്സ് എന്ന സന്നദ്ധ സംഘടനയുടെ സ്ഥാപകയും രോഗനിർണയത്തിന് നായകളുടെ സഹായം തേടുന്ന നിരവധി പഠനങ്ങളിൽ ഭാഗമാവുകയും ചെയ്തിട്ടുണ്ട്.

ഇത് ഒറ്റപ്പെട്ട സംഭവമല്ല. ലോകത്തിന്റെ പല കോണുകളിൽ നിന്നും ഇത്തരം അവിശ്വസനീയമായ വാർത്തകൾ വന്നുകൊണ്ടേയിരിക്കുന്നു. നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളായ നായ്ക്കൾക്ക്, മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ രോഗങ്ങളെപ്പോലും മണത്ത് കണ്ടെത്താനുള്ള അത്ഭുതകരമായ കഴിവുണ്ട്..

എങ്ങനെയാണ് നായ്ക്കൾക്കിത് സാധിക്കുന്നത്? ഉത്തരം അവയുടെ മൂക്കിലുണ്ട്. മനുഷ്യന് ഏകദേശം 60 ലക്ഷം ഘ്രാണഗ്രന്ഥികൾ (olfactory receptors) ഉള്ളപ്പോൾ, ഒരു ശരാശരി നായയ്ക്ക് 30 കോടിയിലധികം ഘ്രാണഗ്രന്ഥികളുണ്ട്! അതായത്, നമ്മുടെ മണക്കാനുള്ള കഴിവിനേക്കാൾ പലമടങ്ങ് ശക്തമാണ് അവയുടേത്.

ഒരു ഒളിമ്പിക്സ് സ്വിമ്മിംഗ് പൂളിൽ ഒരു തുള്ളി രക്തം കലർത്തിയാൽ പോലും അത് തിരിച്ചറിയാൻ നായ്ക്കൾക്ക് കഴിയുമത്രേ!

നമ്മുടെ ശരീരം ഒരു സങ്കീർണ്ണമായ രാസ ഫാക്ടറി പോലെയാണ്. ഓരോ ശാരീരിക പ്രവർത്തനത്തിനു ശേഷവും ശരീരം ചില രാസവസ്തുക്കളെ പുറന്തള്ളുന്നുണ്ട്. വോളറ്റൈൽ ഓർഗാനിക് കോമ്പൗണ്ട്സ് (Volatile Organic Compounds - VOCs) എന്ന് വിളിക്കപ്പെടുന്ന ഈ സൂക്ഷ്മ രാസകണികകൾ നമ്മുടെ ഓരോ നിശ്വാസത്തിലും വിയർപ്പിലും മൂത്രത്തിലുമെല്ലാം അടങ്ങിയിരിക്കുന്നു.

നാം ആരോഗ്യവാന്മാരായിരിക്കുമ്പോൾ ഈ VOC-കളുടെ ഘടന ഒരു പ്രത്യേക രീതിയിലായിരിക്കും. എന്നാൽ കാൻസർ, പാർക്കിൻസൺസ്, പ്രമേഹം പോലുള്ള രോഗങ്ങൾ ശരീരത്തെ ബാധിക്കുമ്പോൾ, നമ്മുടെ കോശങ്ങളുടെ പ്രവർത്തനം താളംതെറ്റുകയും ഈ VOC-കളുടെ ഘടനയിൽ വ്യത്യാസം വരുകയും ചെയ്യുന്നു.

നമുക്ക് തിരിച്ചറിയാൻ കഴിയാത്ത ഈ നേരിയ ഗന്ധവ്യത്യാസം, നായ്ക്കളുടെ സൂപ്പർ മൂക്കിന് ഒരു വലിയ സിഗ്നലാണ്. ഓരോ രോഗത്തിനും അതിന്റേതായ 'ഗന്ധ'മുണ്ട്, ആ ഗന്ധം തിരിച്ചറിയാനാണ് നായ്ക്കളെ പരിശീലിപ്പിക്കുന്നത്.

2004-ൽ ബ്രിട്ടീഷ് മെഡിക്കൽ ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനം ഈ രംഗത്ത് ഒരു പുതിയ വാതിൽ തുറന്നു. മൂത്രാശയ കാൻസർ രോഗികളുടെ മൂത്രസാമ്പിളുകൾ സാധാരണ നായ്ക്കൾക്ക് മണത്ത് തിരിച്ചറിയാൻ കഴിയുമെന്ന് ആ പഠനം തെളിയിച്ചു. അതൊരു തുടക്കം മാത്രമായിരുന്നു. പിന്നീട് നടന്ന പല പഠനങ്ങളിലും സ്തനാർബുദം, ശ്വാസകോശാർബുദം, പ്രോസ്റ്റേറ്റ് കാൻസർ എന്നിങ്ങനെ പലതരം അർബുദങ്ങൾ രോഗിയുടെ നിശ്വാസം, രക്തം, മൂത്രം എന്നിവ മണത്ത് വളരെ ഉയർന്ന കൃത്യതയോടെ കണ്ടെത്താൻ നായ്ക്കൾക്ക് കഴിയുമെന്ന് തെളിയിക്കപ്പെട്ടു. അർബുദത്തിൽ മാത്രം ഒതുങ്ങുന്നില്ല ഇവരുടെ കഴിവുകൾ.

ഇത് ചില മനുഷ്യർക്കും പറ്റും എന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്... സ്കോട്ട്ലൻഡുകാരിയായ ജോയ് മിൽനെ എന്ന സ്ത്രീക്ക് തന്റെ ഭർത്താവിന് പാർക്കിൻസൺസ് രോഗം വരുന്നതിനും വർഷങ്ങൾക്ക് മുൻപ് അദ്ദേഹത്തിന്റെ ശരീരഗന്ധത്തിൽ ഒരു പ്രത്യേക മാറ്റം തിരിച്ചറിയാൻ കഴിഞ്ഞിരുന്നു.

ഈ സംഭവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നടന്ന ഗവേഷണങ്ങൾ, പാർക്കിൻസൺസ് രോഗികൾക്ക് ഒരു പ്രത്യേക ഗന്ധമുണ്ടെന്നും അത് തിരിച്ചറിയാൻ നായ്ക്കളെ പരിശീലിപ്പിക്കാമെന്നും കണ്ടെത്തി.

ഏറ്റവും ഒടുവിൽ, ലോകത്തെ വിറപ്പിച്ച കോവിഡ്-19 മഹാമാരിക്കാലത്തും ഈ നാലുകാലുള്ള പോരാളികൾ രക്ഷയ്ക്കെത്തി. ജർമ്മനിയിൽ നടന്ന ഒരു പഠനത്തിൽ, രോഗികളുടെ ഉമിനീർ സാമ്പിളുകൾ മണത്ത് 94 ശതമാനം കൃത്യതയോടെ കോവിഡ് പോസിറ്റീവ് കേസുകൾ കണ്ടെത്താൻ ഒരു സംഘം നായ്ക്കൾക്ക് കഴിഞ്ഞു.

തുടർന്ന് വിയർപ്പ് സാമ്പിളുകളിലും ഉയർന്ന കൃത്യത തെളിയിക്കപ്പെട്ടതോടെ, ഫിൻലൻഡ്, ദുബായ് പോലുള്ള രാജ്യങ്ങളിലെ എയർപോർട്ടുകളിൽ യാത്രക്കാരെ പരിശോധിക്കാൻ 'കോവിഡ് ഡോഗ്സി'നെ വിന്യസിക്കുക വരെ ചെയ്തു. ഒരു മെഷീന് ടെസ്റ്റ് നടത്തി ഫലം തരാൻ മണിക്കൂറുകൾ വേണ്ടിവരുമ്പോൾ, ഒരു നായയ്ക്ക് വെറും പത്ത് സെക്കൻഡിനുള്ളിൽ ഒരാളെ സ്ക്രീൻ ചെയ്യാൻ കഴിയും.

ഇത്രയൊക്കെ കഴിവുകളുണ്ടായിട്ടും എന്തുകൊണ്ടാണ് എല്ലാ ആശുപത്രികളിലും നായ്ക്കളെ രോഗനിർണ്ണയത്തിന് ഉപയോഗിക്കാത്തത്?

ഇതിന് പല കാരണങ്ങളുണ്ട്. ഓരോ നായയേയും പരിശീലിപ്പിക്കാൻ വലിയൊരു തുകയും സമയവും ആവശ്യമാണ്. പരിശീലനത്തിന് കൃത്യമായ ഒരു അന്താരാഷ്ട്ര നിലവാരം ഇല്ലാത്തതും ഒരു പ്രശ്നമാണ്. കൂടാതെ, യന്ത്രങ്ങളെപ്പോലെ തുടർച്ചയായി ജോലി ചെയ്യാൻ നായ്ക്കൾക്ക് കഴിയില്ല. അവയ്ക്ക് വിശ്രമം വേണം, അവയുടെ മൂഡിനനുസരിച്ച് പ്രകടനത്തിൽ വ്യത്യാസങ്ങൾ വരാം.

എന്നാൽ ഈ വെല്ലുവിളികൾക്കിടയിലും ശോഭനമായ ഒരു ഭാവിയുണ്ട്. നായ്ക്കളുടെ ഈ അത്ഭുത സിദ്ധിയെ ഒരു മാതൃകയാക്കി, രോഗഗന്ധം തിരിച്ചറിയാൻ കഴിയുന്ന 'ഇലക്ട്രോണിക് നോസ്' (e-nose) എന്ന ഉപകരണം വികസിപ്പിക്കാനുള്ള തീവ്രശ്രമത്തിലാണ് ഗവേഷകർ. നായ്ക്കളുടെ ഘ്രാണശക്തിയും ആധുനിക സാങ്കേതികവിദ്യയും ഒരുമിക്കുമ്പോൾ, ഒരു ലളിതമായ ശ്വാസപരിശോധനയിലൂടെ കാൻസർ പോലുള്ള മാരക രോഗങ്ങൾ പ്രാരംഭദശയിൽത്തന്നെ കണ്ടെത്താൻ കഴിയുന്ന ഒരു കാലം വിദൂരമല്ല.

അതുവരെ, ഈ നിശ്ശബ്ദരായ കാവൽക്കാർ, മനുഷ്യന്റെ ഏറ്റവും വിശ്വസ്തരായ കൂട്ടുകാർ, തങ്ങളുടെ സ്നേഹം കൊണ്ട് മാത്രമല്ല, തങ്ങളുടെ അത്ഭുതകരമായ കഴിവുകൾ കൊണ്ടും നമ്മുടെ ജീവൻ രക്ഷിച്ചുകൊണ്ടേയിരിക്കും. പ്രിയപ്പെട്ട നായ അസാധാരണമായി നോക്കുകയോ ശരീരത്തിൽ എവിടെയെങ്കിലും മണത്ത് നോക്കുകയോ അസാധാരണമായി പെരുമാറുകയോ ഒക്കെ ചെയ്യുമ്പോൾ, അതൊരിക്കലും നിസ്സാരമായി കാണരുത്. ഒരു അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് തരുന്നതാവാം.

# കാമമോഹിതം

ലേഖനം



സുധക്കുട്ടി



ഏറെ വിനയാന്വിതനായി തൊഴുത് രാമനാഥൻ പെൻഷൻ പേപ്പറുകൾ എന്റെ മേശപ്പുറത്ത് വച്ചു. ഓഫീസിലെ ക്ലാസ്ഫോർ ജീവനക്കാരനാണ് സുമുഖനും ആരോഗ്യ ദൃഢഗാത്രനും കൃത്യനിർവഹണത്തിൽ സമർത്ഥനുമാണ് രാമനാഥൻ.

"നിങ്ങള് പെൻഷനാകാറായോ"

ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു.

"പേപ്പറൊക്കെ നേരത്തേ കൊടുത്തേക്കാമെന്ന് വച്ചു," എന്ന് അയാൾ. സാക്ഷ്യപ്പെടുത്തേണ്ട പേജുകളിൽ അയാൾ അടയാളം വച്ചിരുന്നു.

സർവീസ് പുസ്തകത്തിലെ കുടുംബ ഫോട്ടോയിലെ സിന്ദൂരപ്പൊട്ടും ചന്ദനക്കുറിയുമിട്ട തേജസ്സുള്ള സ്ത്രീയുടെ മുഖത്ത് നോക്കിയിരുന്നു പോയി ഞാൻ.

ട്രാൻസ്ഫറായിപ്പോയ സ്ഥലത്തെല്ലാം അയാൾക്ക് കുടിവയ്പ് ഉള്ളതായി കേട്ടറിവുണ്ട്. വയനാട്ടിലും പാലക്കാട്ടും ഇടുക്കിയിലുമെല്ലാം അയാൾ ഗൃഹനാഥനായി റേഷൻ കാർഡുകൾ വരെയുണ്ടെന്നും എല്ലാവർക്കുമറിയാം.

പല പല നാടുകളിൽ നിന്ന് ടിയാന്റെ കുടുംബിനികൾ സെക്രട്ടറിയേറ്റിന്റെ പിൻഗേറ്റിൽ നിന്ന് അയാളോട് പതം പറഞ്ഞ് കണ്ണീരൊലിപ്പിക്കുന്നത് കണ്ടിട്ടുമുണ്ട്.

എന്റെ ആശങ്ക മനസ്സിലായിട്ടാവാം. അയാൾ വാ പൊത്തി ശബ്ദം താഴ്ത്തി മൊഴിഞ്ഞു.

"ഇത് ഒറിജിനലാ മാഡം, ധൈര്യമായി ഒപ്പിടാം"

എതിരെ ഇരുന്ന സഹപ്രവർത്തകൻ അരുത് എന്ന് നിമിഷ വേഗത്തിൽ സിഗ്നൽ തന്നു.

ഒരു നിമിഷം ഞാനും ബ്ലാങ്കായി. മേശവലിപ്പ് തുറന്ന് പരതുന്നതായി ഭാവിച്ച് വ്യസനത്തോടെ ഞാൻ പറഞ്ഞു,

"ഡെസിഗ്നേഷൻ സീൽ കാണുന്നില്ലല്ലോ, രാമനാഥാ" എന്ന്. തൊഴുകൈയ്യോടെ ഭാവഭേദമില്ലാതെ അയാൾ പോയി. പിന്നീടൊരിക്കൽ പോലും നീരസം കാട്ടിയതുമില്ല.

രാമനാഥന് മന്ത്രി തലം മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥരുമായി നല്ല അടുപ്പമുണ്ടായിരുന്നു. അതൊന്നും ആരോടും ഭാവിച്ചിരുന്നില്ല അയാൾ.

എന്തെന്നാൽ വിശ്വസ്തനായ ഒരു പിംപായിരുന്നു അയാൾ. രാവിലെ മാതൃകാ പുരുഷവേഷമിട്ട് ഭാര്യയോട് യാത്ര പറഞ്ഞ് ഓഫീസിലേയ്ക്ക് വരുന്ന ഉദ്യോഗസ്ഥ പ്രമാണിമാർക്ക് ഉച്ചനേരത്തെ ഇടവേളകളിൽ രഹസ്യവേഴ്ചയ്ക്ക് സ്ത്രീകളെ എത്തിച്ചു കൊടുക്കുന്ന ദല്ലാളായിരുന്നു അയാൾ. ഒരു ഗുഡ് സർവീസ് എൻട്രി ലഭിക്കാൻ സർവഥാ യോഗ്യൻ.

ഞങ്ങളുടെ വകുപ്പിന്റെ പ്രത്യേക സമ്പർക്ക രീതി കൊണ്ട് രാമനാഥന്റെ സേവനം കൈപ്പറ്റിയിരുന്ന പലരുടെയും പേരുകൾ രഹസ്യമായ പരസ്യമായിരുന്നു. മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ എത്രയെത്ര വാഴ്ത്തപ്പെട്ടവർ!

ഓഫീസ് പരിസരത്ത് രാമനാഥനെ തേടി ചന്തമുള്ള പെണ്ണുങ്ങൾ എത്തുമായിരുന്നു. ഒരു പഴയകാല സിനിമാനടിയുടെ അനുജത്തിയും അക്കൂട്ടത്തിലുണ്ടായിരുന്നു.

രാമനാഥന് അയാളുടേതായ ഒരു നെറ്റ്‌വർക്കുണ്ടായിരുന്നു.

ഉല്ലാസപ്രിയരായ ഉപഭോക്താക്കളുടെ പദവിക്ക് അനുസരിച്ച് സ്റ്റാർ ഹോട്ടലുകളിലും ഇടത്തരം ഹോട്ടലുകളിലും അയാൾ ഡീലുകൾ ഉറപ്പിച്ചിരുന്നു.

തുച്ഛവേതനക്കാരും ജീവിക്കാൻ മറ്റ് വഴികളില്ലാത്ത നിരാലംബരുമായ സ്ത്രീകളായിരുന്നു അയാളുടെ ഇരകൾ. ആഡംബര ജീവിതം മോഹിച്ച കോളജ് വിദ്യാർത്ഥികളും ആ ചങ്ങലക്കണ്ണിയിലുണ്ടായിരുന്നു.

രാമനാഥനെക്കുറിച്ചോർക്കുമ്പോൾ തൂവാനത്തുമ്പികൾ എന്ന സിനിമയിലെ തങ്ങളുടെ (ബാബു നമ്പൂതിരി) വൈദഗ്ധ്യവും ശുഷ്കാന്തിയും ഓർമ വരുക, സ്വാഭാവികം.

രാമനാഥന്റെ സഞ്ചാര പഥങ്ങൾ അറിയാമായിരുന്നിട്ടും ഓഫീസിൽ ആരും അയാൾക്ക് അയിത്തം കല്പിച്ചില്ല.

അനുസരണയും കൃത്യതയുമുള്ള ജീവനക്കാരനായി അയാൾ ജീവിച്ചു.

ജീവിതത്തിന്റെ സമസ്ത മേഖലയിലും നടമാടുന്ന ഈ പ്രതിഭാസത്തെ ആത്മാഭിമാനം കൊണ്ട് മാത്രമേ ചെറുക്കാനാവൂ.

ഇവിടെ മാതൃകാ മനുഷ്യരില്ല. വാരിക്കുഴികളിൽ ആകസ്മികമായി അകപ്പെടുകയും പ്രതിസന്ധികളെ അതിജീവിച്ച്, മുഖപടം ചീന്തിയെറിഞ്ഞ് മുന്നോട്ട് നടക്കുകയും ചെയ്യുന്ന പോരാളികൾ കണ്ണീർപ്പാടമായി ഒടുങ്ങരുത്... പിറക്കാതെ പോയ കുഞ്ഞുങ്ങളെ ഓർത്ത് ഖേദിക്കരുത്. എന്തെന്നാൽ രതിക്കും ചതിക്കും വ്യത്യസ്ത ആകാശങ്ങളാണ്. ഒന്ന് ഉദാത്തവും മറ്റൊന്ന് നികൃഷ്ടവുമാണ്. കുഞ്ഞുങ്ങൾ അതിവിശുദ്ധ ജന്മങ്ങളാവട്ടെ.

സ്വകാര്യപ്രശ്നങ്ങൾക്ക് പരിഹാരം തേടി മൂന്നാമതൊരാളെ കഴിയുന്നത്ര ആശ്രയിക്കരുത്. അസഹനീയ ബന്ധങ്ങളിൽ നിന്നും ഇറങ്ങിപ്പോരുക അവനവന്റെ മാത്രം തീരുമാനമാവണം.

മൂന്നാമന്റെ സഹാനുഭൂതി ഇരക്കരുത്. പ്രണയമല്ല, ചൂഷണമാവും അവിടെ സംഭവിക്കുക.

ഭർത്താവിന്റെ / ഭാര്യയുടെ പോരായ്മകൾ പറഞ്ഞ് തുടങ്ങുന്ന ഏത് ബന്ധവും വ്യാജമാണെന്ന് തിരിച്ചറിയുക.

അതല്ല ഫിസിക്കൽ റിലേഷൻസ്ഷിപ്പിലാണ് താല്പര്യമെങ്കിൽ പരസ്പരം ഉപാധികൾ വയ്ക്കരുത്, കണക്ക് പുസ്തകം സൂക്ഷിക്കരുത്.

സംയോഗവേളയിൽ ഇണയോട് വസ്ത്രാഞ്ചലം ചൂണ്ടി

"വാരയ്ക്കെന്താ വില?" എന്ന രസച്ചരടറുക്കുന്ന ചോദ്യം മാപ്പർഹിക്കുന്ന കുറ്റമേയല്ല.

ഇന്നൊരു പഴയ സിനിമ കണ്ടു,

"താര". എന്റെ സ്കൂൾ പരിസരവും സിനിമയിലുണ്ടല്ലോ എന്ന് ഓർത്ത് സന്തോഷിച്ചു.

അപ്പോഴതാ ട്രെയിനിലെ കൂപ്പേയിൽ അവിചാരിതമായി കണ്ടുമുട്ടിയ. ഭാവി വധുവായ ശാരദയോട് ലോലചിത്തനായി. കെ. പി ഉമ്മർ ചോദിക്കുന്നു,

"പൊന്നും വളയിട്ട വെണ്ണിലാവേ നിന്നെ ഒന്ന് ചുംബിച്ചോട്ടെ" എന്ന്.

ശാരദ സാരിത്തുമ്പ് കടിച്ച് ലജ്ജാവിവശയായി. ഠിം !

കാലം മാറീട്ടും കഥ മാറുന്നില്ല; മനുഷ്യരും. എന്നാലും എന്റെ കെ. പി ഉമ്മറേ...

## ജയറാമും കാളിദാസും ഒന്നിക്കുന്നു. 'ആശകൾ ആയിരം' എന്ന ചിത്രത്തിലൂടെ



ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലൻ കൃഷ്ണമൂർത്തി എന്നിവർ നിർമ്മിക്കുന്ന ചിത്രം ആശകൾ ആയിരത്തിൽ ജയറാമും – കാളിദാസ് ജയറാമും ഒന്നിക്കുന്നു. ഈ സിനിമ സംവിധാനം ചെയ്യുന്നത് ഒരു വടക്കൻ സെൽഫിയിലൂടെ ശ്രദ്ധേയനായ ജി. പ്രജിത്താണ്.

ജൂഡ് ആന്റണി ജോസഫ് ക്രിയേറ്റീവ് ഡയറക്ടറാകുന്ന ചിത്രത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത് അരവിന്ദ് രാജേന്ദ്രനും ജൂഡ് ആന്റണിയും ചേർന്നാണ്. ആശാ ശരത്, ഷറഫുദ്ദീൻ, രമേശ് പിഷാരടി, ഇഷാനി കൃഷ്ണ തുടങ്ങിയ വലിയൊരു താരനിര തന്നെ ചിത്രത്തിലുണ്ട്. ഫെബ്രുവരി 6-ന് ചിത്രം തീയേറ്ററുകളിൽ എത്തും. സനൽ ദേവ് സംഗീതവും സ്വരൂപ് ഫിലിപ്പ് ഛായാഗ്രഹണവും നിർവ്വഹിക്കുന്നു. ഡ്രീം ബിഗ് ഫിലിംസാണ് ചിത്രം കേരളത്തിൽ വിതരണത്തിനെത്തിക്കുന്നത്.

പ്രോജക്റ്റ് ഡിസൈനർ ബാദുഷാ എൻ.എം., എഡിറ്റർ ഷഫീഖ് പി.വി, പ്രൊഡക്ഷൻ ഡിസൈനർ നിമേഷ് താനൂർ, കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ, കൊറിയോഗ്രഫി സ്പ്രിംഗ്, സൗണ്ട് ഡിസൈൻ സിങ്ക് സിനിമ, സൗണ്ട് മിക്സിങ് ഫസൽ എ. ബക്കർ, ട്രെയ്‌ലർ കട്ട്സ് ലിന്റോ കുര്യൻ, ഗാനരചന മനു മഞ്ജിത്, ഹരിനാരായണൻ, പ്രൊഡക്ഷൻ കൺട്രോളർ സക്കീർ ഹുസൈൻ, മേക്കപ്പ് ഹസ്സൻ വണ്ടൂർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ബേബി പണിക്കർ, വി.എഫ്.എക്സ്. കോക്കനട്ട് ബഞ്ച്, ഡി.ഐ. കളർ പ്ലാനറ്റ് സ്റ്റുഡിയോസ്, കളറിസ്റ്റ് ശ്രീക് വാര്യർ, സ്റ്റിൽസ് ലെബിസൺ ഗോപി, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്ത്, പി.ആർ.ഓ പ്രതീഷ് ശേഖർ.

KERALA EXPRESS പ്രവാസി താളുകൾ

# SEXUAL OFFENSES: A SILENT PSYCHOLOGICAL CRISIS

Lukose Jacob, LCSW

Sexual offenses are among the most stigmatized and misunderstood crimes in society. Public discourse often frames offenders as irredeemable predators, leaving little room for nuanced understanding. Yet, behind every offense lies a complex interplay of psychological, social, and developmental factors that rarely make headlines. They are about human vulnerability, distorted coping mechanisms, and untreated wounds that manifest in harmful ways.

When you sit across from individuals convicted of sexual offenses-year after year-in prisons, jails, forensic hospitals, and community treatment programs, you begin to witness the human mind in its most conflicted form. The public often sees only crime. In the therapy room, however, you see the person behind the behavior: confused, ashamed, defensive, frightened, or sometimes numb.

In places like Kerala, where sexual offense cases have been rising, society is asking painful but necessary questions:

*** Why is this happening?**

*** How could someone we trusted do something like this?**

*** Are these people monsters-or are we missing something deeper?**

One sentence appears so frequently that I can almost anticipate it before it's spoken:

"I don't know why I did it. Something triggered me. If not for that moment, I wouldn't be here."

And then, after a long silence:

"I was abused when I was young… I never learned how to deal with my feelings… I didn't know how to stop myself."

These statements do not erase harm. But they reveal a deeper truth: sexual offending rarely emerges from a single moment or a single motive. It grows slowly, shaped by emotional vulnerabilities, distorted thinking, trauma histories, and social influences that go unnoticed until the damage is done.

Below is a clinical narrative drawn from years of treatment, anonymized but reflective of patterns seen repeatedly in practice.

**1. Power and Control: The Search for a Self That Feels Strong**

Many clients describe a lifelong sense of powerlessness. In therapy, this often surfaces early.

I remember a 42-year-old man who told me, "At home, I'm invisible. At work, I'm replaceable." During the offense, he said he felt "strong for the first time."

Clinically, this reflects a classic power-control dynamic: the offense becomes a distorted attempt to reclaim identity. It does not excuse the behavior, but it helps us understand the psychological function it served.

**2. Cognitive Distortions: The Internal Narratives That Justify Harm**

Almost every offender I've treated carries deeply ingrained thinking errors-learned, reinforced, and repeated over years.

Common examples include:

*** "She wanted it; it was consensual."**

*** "It wasn't that serious."**

*** "I deserve affection."**

*** "She didn't say NO clearly."**

One client, a 29-year-old man, insisted for months that the victim "didn't resist enough."

Through therapy, we uncovered a lifelong pattern of misinterpreting fear as interest- a cognitive distortion that shaped many of his relationships, not just the offense.

**3. Empathy Blind Spots: When Emotional Awareness Shuts Down**

Contrary to public belief, most offenders are not incapable of empathy. Instead, empathy becomes selectively disabled when it conflicts with their desires or self-image.

A 35-year-old client could describe his own suffering in vivid detail. But when asked to imagine the victim's experience, he froze. It took months before he could tolerate the emotional discomfort of acknowledging the harm he caused.

Clinically, this is often tied to shame, trauma, or rigid defense mechanisms that protect the individual from psychological collapse.

**4. Emotional Dysregulation: When Feelings Become Unmanageable**

Many offenders describe long histories of emotional instability-anger, loneliness, anxiety, depression, or chronic shame. Without healthy coping skills, sexual behavior becomes a maladaptive escape.

One client told me, "I wasn't looking for excitement. I was looking for someone to see me."

His offense was deeply harmful, but the emotional desperation behind it was clinically significant.

This pattern is common among individuals with poor emotional regulation or untreated mental health conditions.

**5. Distorted Sexual Scripts: When Early Learning Shapes Adult Behavior**

Sexual "scripts"-the internal templates that guide sexual behavior-are shaped by early experiences. Exposure to trauma, boundary violations, or extreme pornography can distort these scripts.

A client who grew up in a chaotic, boundary-less home associated dominance with intimacy by adolescence. As an adult, he repeated this pattern without understanding its impact.



Lukose Jacob

Clinically, these scripts must be identified, challenged, and rewritten through structured treatment.

**6. Childhood Trauma: The Long Shadow That Alters Development**

A significant number of offenders report childhood trauma or neglect. Trauma does not cause offending, but it can distort beliefs about trust, power, and relationships.

One client who offended a child had grown up without stable caregivers.

He gravitated toward children because he felt less judged and more in control- a dangerous dynamic rooted in developmental trauma.Understanding trauma helps clinicians identify vulnerabilities, not excuses.

**7. Reinforcement: When Behavior Becomes Habit**

If someone offends and experiences gratification-especially without immediate consequences-the behavior can become reinforced.One client offended multiple times before being caught. Each time he "got away with it," his fear of consequences diminished.

Clinically, this reinforcement cycle is a major factor in repeat offending.

**8. Personality Traits That Increase Risk**

Some individuals display traits such as impulsivity, manipulation, or disregard for social norms. These traits do not cause offending by themselves, but they increased risk when combined with other vulnerabilities.

In treatment, these traits require structured interventions and long-term monitoring.

**9. Cultural and Social Influences: The Invisible Contributors**

We cannot ignore the role of society. Environments that normalize male entitlement, objectify women, or trivialize sexual violence create fertile ground for offending. One young man learned everything about sex from pornography. Over time, he gravitated toward more aggressive content and began believing that resistance was "part of the game." Clinically, this reflects a distorted sexual script shaped by media rather than healthy relationships.

**10. The Emotional Build-Up Before Offending**

Many clients describe a predictable emotional pattern before offending: anger, depression, anxiety, shame, or loneliness.

One man offended after losing his job and isolating himself for weeks. His emotional collapse played a major role in the offense.

Clinically, these pre-offense states are critical for risk assessment and relapse prevention planning.

**Why Do Some People Reoffend?**

Reoffending typically occurs when multiple factors collide: untreated trauma, distorted thinking, emotional instability, social isolation, and lack of treatment or support. When nothing interrupts this cycle, the behavior can be repeated.

**What Actually Works: A Clinical Perspective**

Addressing sexual offending requires more than legal consequences-it demands a clinical, evidence-based approach.Early identification of emotional and behavioral warning signs, combined with interventions like cognitive-behavioral therapy and trauma-informed care, can significantly reduce risk.Education around healthy sexuality, consent, and boundaries is equally critical, as is ensuring individuals have access to stable housing, employment, and supportive social networks. These factors create the foundation for meaningful rehabilitation and prevention.

Understanding the psychology behind sexual offending does not excuse harm, but it helps us answer the questions society continues to ask:

*Why does this happen? Why do some repeat their behavior? How can we prevent it?*

Individuals who engage in sexual offending often experience a silent form of self-destruction. Once convicted and placed on a sex offender registry, the consequences are lifelong—especially for those whose offenses involve children, as they are permanently restricted from living with or interacting with minors. Sexual offending is not an issue that can be resolved through punishment alone. It represents a profound psychological crisis that requires a comprehensive, multi-layered response-one that balances accountability with compassion, and justice with evidence-based treatment. Real change begins when we address the root causes, not just the symptoms.

*(The writer has extensive experience treating individuals convicted of sexual offenses in community settings, as wzell as in forensic and correctional environments, where he served as a Mental Health Director.)*

# റോമിയോ – ജൂലിയറ്റ് ചട്ടം ചേർക്കണം

ന്യൂഡൽഹി: പോക്സോ നിയമത്തിന്റെ ദുരുപയോഗം തടയാൻ നിയമത്തിൽ 'റോമിയോ-ജൂലിയറ്റ് ചട്ടം' കൂടി ചേർക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീംകോടതിയുടെ നിർദേശം. കൗമാരക്കാരുടെ ആത്മാർത്ഥമായ പ്രണയങ്ങൾ പോക്സോ നിയമത്തിന്റെ കുരുക്കിൽപ്പെടാതിരിക്കാൻ ഇതു സഹായിക്കും. നിയമം കുട്ടികളെ സംരക്ഷിക്കാനുള്ളതാണെങ്കിലും പല ആത്മാർത്ഥ പ്രണയങ്ങളിലും മറ്റും തെറ്റായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. പ്രതികാരത്തിനുള്ള വഴിയായി നിയമത്തെ ദുരുപയോഗിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ജാമ്യം പരിഗണിക്കുന്ന ഘട്ടത്തിൽ ഇരകളുടെ പ്രായ നിർണയം നിർബന്ധമാക്കാൻ ഹൈക്കോടതികൾക്ക് അധികാരമില്ലെന്നും വ്യക്തമാക്കി.

വിധിയുടെ പകർപ്പ് കേന്ദ്ര നിയമ സെക്രട്ടറിക്ക് അയച്ച് നിയമഭേദഗതി പരിഗണനയിലാക്കാനാണ് ജസ്റ്റിസുമാരായ സഞ്ജയ് കരോൾ. എൻ. കോടീശ്വർ സിങ് എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചത്. ജാമ്യത്തിനു പരിഗണിക്കുമ്പോൾ ഇരയുടെ പ്രായപരിശോധന നടത്താൻ അലഹബാദ് ഹൈക്കോടതി നല്കിയ നിർദേശം റദ്ദാക്കിയാണ് സുപ്രീംകോടതിയുടെ വിധി. ഷേക്സ്പിയറുടെ റോമിയോ ആൻഡ് ജൂലിയറ്റ് നാടകത്തിലെ കൗമാരപ്രണയികളെ പരാമർശിച്ചാണ് ചട്ടത്തിന് ഈ പേര് നിർദേശിച്ചത്.

# മലയാളി അസോസിയേഷൻ ഓഫ് ടാമ്പയ്ക്ക് നവനേതൃത്വം

രാജു മൈലപ്ര

ടാമ്പാ: മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ 13-ാമത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബിജോയ് ജോസഫിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ചുമതലയേറ്റു. മുൻ പ്രസിഡണ്ട് ജോൺ കല്ലോലിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗമാണ് പുതിയ ഭരണസമിതിക്ക് അംഗീകാരം നല്കിയത്.


ബിജോയ് ജോസഫ്

അസോസിയേഷന്റെ പ്രാരംഭകാലം മുതൽ വിവിധ തസ്തികകളിൽ ഭാരവാഹിത്വം വഹിച്ച്, സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് തന്റെ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ബിജോയ് ജോസഫ്. അദ്ദേഹത്തിന്റെ മികവുറ്റ മാതൃകാപരമായ പ്രവർത്തനപരിചയം ഈ സംഘടനയെ കൂടുതൽ ഔന്നത്യങ്ങളിലേക്ക് എത്തിക്കുമെന്ന് ഉറപ്പാണ്. കഴിഞ്ഞ ഒരു ദശാബ്ദമായി ഫ്ളോറിഡയിലെ കലാ-കായിക, സാംസ്കാരിക രംഗങ്ങളിൽ പല പദ്ധതികളും വിജയകരമായി നടപ്പിലാക്കി, ദേശീയ തലത്തിൽ ശ്രദ്ധ നേടിയ മലയാളി അസോസിയേഷൻ ഓഫ് ടാമ്പാ, കൂടുതൽ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കി, തങ്ങളുടെ പ്രവർത്തനമണ്ഡലം വിപുലീകരിക്കുമെന്ന് ഭരണസമിതിയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ബിജോയ് ജോസഫ് പ്രസ്താവിച്ചു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം വിവിധ കലാ-സാംസ്കാരിക പരിപാടികളോടെ ഫെബ്രുവരി 28-ന് സേക്രഡ് ഹാർട്ട് ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് പ്രൗഢഗംഭീരമായി ആഘോഷിക്കുന്നതിനു തീരുമാനിച്ചു.

ഈ ആഘോഷവേളയിൽ സംബന്ധിച്ച്, ഇതൊരു വൻ വിജയമാക്കിത്തീർക്കണമെന്ന് കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് ബിജോയ് ജോസഫ് അഭ്യർത്ഥിച്ചു.




# ശസ്ത്രക്രിയയില്ലാതെ വൻകുടലിൽ അത്യപൂർവ പ്രൊസീജിയർ നടത്തി കെ.എം.സി ഹോസ്പിറ്റൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം

ചെങ്ങന്നൂർ: ശസ്ത്രക്രിയ ഇല്ലാതെ ചെയ്യുന്ന ചികിത്സാ രീതിയായ എൻഡോസ്കോപിക് സബ്മ്യൂക്കോസൽ ഡിസെക്ഷൻ എന്ന അത്യപൂർവ ഗ്യാസ്ട്രോ പ്രൊസീജിയറിലൂടെ ചെങ്ങന്നൂർ ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലാണ് 79 വയസുള്ള മലപ്പുറം സ്വദേശിയുടെ ശരീരത്തിൽ നിന്ന് ആറര സെന്റിമീറ്റർ വലിപ്പമുള്ള റെക്ടൽ ട്യൂമർ പുറത്തെടുത്തത്.

കേരളത്തിൽ തന്നെ അപൂർവമായി ചെയ്യുന്ന ഈ പ്രക്രിയ വഴി, ആമാശയത്തിലും വൻകുടലിലും ഉണ്ടാകുന്ന കാൻസറിനു സാദ്ധ്യതയുള്ള മുഴകളെ ശസ്ത്രക്രിയ കൂടാതെ പൂർണമായും സുഖപ്പെടുത്താൻ കഴിയുമെന്ന് ചികിത്സയ്ക്ക് നേതൃത്വം നല്കിയ കൺസൾട്ടന്റ് ഗ്യാസ്ട്രോ എന്ററോളജിസ്റ്റ് ഡോ. അനൂപ് എസ്. നായർ പറഞ്ഞു.

വർദ്ധിച്ചുവരുന്ന നോൺ അൽക്കോഹോളിക് ഫാറ്റി ലിവറിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും പ്രചാരണ പരിപാടികളും സ്കൂളുകളും കോളജുകളും കേന്ദ്രീകരിച്ച് ആരംഭിക്കുന്നതായി ആശുപത്രി മാനേജിങ് ഡയറക്ടർ റവ.ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ അറിയിച്ചു.

ഡോ. മുരളി അപ്പുക്കുട്ടൻ, ഡോ. അനൂപ് എസ്. നായർ, ഡോ. നിഖിൽ കെന്നി തോമസ്, ഡോ. അരുൺകുമാർ, ഡോ. ദീപക് ജെയിംസ്, ഡോ. രമൺ രാജേന്ദ്രൻ എന്നിവർ അടങ്ങിയതാണ് ചെങ്ങന്നൂർ കെ.എം.സി. ഹോസ്പിറ്റലിലെ ഗ്യാസ്ട്രോ സയൻസ് വിഭാഗം.

# മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച മഷി എളുപ്പം മായ്ക്കാവുന്നതെന്ന് പരാതി

മുംബൈ: മഹാരാഷ്ട്ര തദ്ദേശ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച മഷി എളുപ്പം മായ്ക്കാവുന്നതാണെന്ന് പ്രതിപക്ഷ കക്ഷികളുടെ ആരോപണം. വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അസെറ്റോൺ പോലെയുള്ള രാസവസ്തുക്കൾ ഉപയോഗിച്ച് കൈവിരലിലെ മഷി മായ്ക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറലായി. ജില്ലാ പരിഷത്ത് തെരഞ്ഞെടുപ്പിൽ മാർക്കർ പേനയ്ക്കു പകരം മൈസൂർ പെയിന്റ്സ് ആൻഡ് വാർണീഷ് ലിമിറ്റഡ് നിർമിക്കുന്ന പരമ്പരാഗത മഷി ഉപയോഗിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ ദിനേഷ് വാഗ്മറെ പറഞ്ഞു. ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉപയോഗിക്കുന്നത് മൈസൂർ കമ്പനിയുടെ മഷിയാണ്.



# സ്ത്രീകൾ ലജ്ജാശീലമുള്ളവരായിരിക്കണം

എൽസി ബേബി

സ്ത്രീകളെക്കുറിച്ച് തിരുവചനം നല്കുന്ന ചില ഉപദേശങ്ങളെക്കുറിച്ച് എഴുതണമെന്ന് ചില നാളുകളായി ദൈവാത്മാവ് എന്നെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാകുന്നു. അതിനുള്ള പ്രധാന കാരണം ഇന്നു നമ്മുടെയൊക്കെ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ചില സ്ത്രീകളുടെ ലജ്ജാകരങ്ങളായ വാർത്തകളാകുന്നു. സ്ത്രീകൾ ഐശ്വര്യത്തിന്റെ പര്യായമാകുന്നുവെന്നും സ്ത്രീകൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും തിലകമാകുന്നുമെന്നുമൊക്കെ കവികളും അല്ലാത്തവരും വർണ്ണിക്കാറുണ്ട്. സ്ത്രീകളില്ലെങ്കിൽ ഇന്ന് കുടുംബമില്ല. സമൂഹമില്ല, രാജ്യമില്ല, യാതൊന്നുമില്ല എന്നു പറയാതെ തന്നെ അറിയാവുന്ന സത്യമാകുന്നു.

ആദിയിൽ ദൈവം സൃഷ്ടിച്ചത് ഒരു പുരുഷനെയായിരുന്നു. എന്നാൽ, പുരുഷൻ ഏകനായിരിക്കുന്നത് നന്നല്ലയെന്ന് ദൈവം കണ്ടതുകൊണ്ടാണ് പുരുഷനു തക്ക തുണയായിരിപ്പാൻ പുരുഷനിൽ നിന്നുതന്നെ ദൈവം ഒരു സ്ത്രീയെ സൃഷ്ടിച്ചു നല്കിയത്. അന്യോന്യം സ്നേഹിക്കുവാനും തുണയായിരിപ്പാനും മാത്രമല്ല, ലൈംഗിക സുഖത്താൽ ശരീരം പങ്കുവെച്ച് ഉല്ലസിച്ചാനന്ദിപ്പാനും തങ്ങളിൽ നിന്നും തലമുറകളുണ്ടായി ഭൂമിയിൽ നിറയുവാനുമായിട്ടാണ് ദൈവം സ്ത്രീയെ നിർമ്മിച്ചത്. അതുകൊണ്ടാണ് സ്ത്രീ ഐശ്വര്യത്തിന്റെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും മറ്റും പര്യായമായിത്തീർന്നത്. സ്ത്രീയെ സംബന്ധിച്ച് അവൾ ഭർത്താവിന് തുണയായി, കീഴ്പ്പെട്ടിരിക്ക മാത്രമല്ല, ദൈവഭയത്തിലും ഭക്തിയിലും ലജ്ജാശീലത്തിലും സൽപ്രവൃത്തികളിലും സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായി ഹൃദയത്തിന്റെ ഉടമയായി തന്നെത്താൻ അലങ്കരിക്കേണ്ടവളാകുന്നു. സ്ത്രീ ഒരു അമ്മയാകുന്നതിനെക്കുറിച്ച് വിവരിക്കേണ്ടതില്ലല്ലോ. അമ്മ എന്ന പദം കേൾക്കുമ്പോൾതന്നെ ആയിരമായിരം നന്മകളുടെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ഐശ്വര്യത്തിന്റെയും ഒരു തിലകമായിട്ടല്ലേ കാണുന്നതും മനസ്സിലാക്കുന്നതും. ഒരു സ്ത്രീയുടെ ചാരിത്ര്യം എന്നത് എത്രയും പരിപാവനമായി കാത്തുസൂക്ഷിക്കേണ്ട ഒരു വിലയേറിയ സമ്പത്താകുന്നു. വിവാഹശേഷം തനിക്കു ലഭിക്കുന്ന ഭർത്താവിനു മാത്രം നല്കേണ്ട വിലയേറിയ സമ്പത്ത്! കേരളത്തിലെ സ്ത്രീകൾ അതിന്ന് വലിയ വില നല്കി കാത്തുസൂക്ഷിച്ചിരുന്ന ചരിത്രമുണ്ട്. പക്ഷേ, ആധുനിക യുഗം വന്നപ്പോൾ പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും സമ്പത്തിന്റെയും വിദ്യാഭ്യാസ യോഗ്യതകളുടെയും ഉന്നത ഉദ്യോഗങ്ങളുടെയും രാഷ്ട്രീയ ഏറ്റുമുട്ടലുകളുടെയും മറവിൽ മാന്യമായി ജീവിച്ചുകാണിക്കേണ്ട തരുണീമണികൾ തങ്ങളുടെ ചാരിത്ര്യം കളങ്കപ്പെടുത്തി, മ്ളേച്ഛകരമായ ജീവിതം ജീവിച്ച് പലരും ലജ്ജയോ ഉളിപ്പോ ഇല്ലാതെ സമൂഹത്തിൽ ഞെളിഞ്ഞു നടക്കുന്നതു കാണുമ്പോൾ അതിശയത്തേക്കാളേറെ ഹൃദയം തകരുന്ന വേദനയാണ് തോന്നുന്നത്. വിവാഹിതരായ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ വഞ്ചിച്ചും ഉപേക്ഷിച്ചും അന്യപുരുഷന്മാരുടെ പിറകേ പോകുന്നതും അവരുടെ ലൈംഗിക ചൂഷണങ്ങൾക്കും ലൈംഗിക സുഖങ്ങൾക്കും തങ്ങളുടെ ശരീരം പങ്കുവെച്ച് ലജ്ജയില്ലാതെ ജീവിക്കുന്നതും ഇന്ന് ഒരു പരിഷ്കാരമായിത്തീർന്നിരിക്കയല്ലേ?

ഈയിടെ വാർത്താമാധ്യമങ്ങളിൽ ഒരു രാഷ്ട്രീയനേതാവിനെ തരംതാഴ്ത്തുവാനോ കുടുക്കുവാനോ അദ്ദേഹത്തിന്റെ ജീവിതത്തെ തകർക്കുവാനോ ഒരുമ്പെട്ടിറങ്ങിയ ചില സ്ത്രീകളുടെ ലജ്ജാകരമായ പ്രവൃത്തികൾ ജനങ്ങൾ കൗതുകത്തോടെ കാണുന്നതും കേൾക്കുന്നതും കാണുമ്പോൾ നാം കാത്തുസൂക്ഷിച്ചിരുന്ന നമ്മുടെ സംസ്കാരം എവിടെപ്പോയി എന്നു



ലേഖിക

ചോദിച്ചുപോകുന്നു. നമ്മുടെ ഇളംതലമുറയ്ക്കു പകർന്നു കൊടുക്കുവാൻ പറ്റിയ സംസ്കാരങ്ങളാണോ ഇവയൊക്കെ? കെട്ടിച്ചമച്ച കഥകളായാൽ പോലും ഇത്തരം ലജ്ജാകരങ്ങളായ കഥകളാണോ കെട്ടിച്ചമച്ചു കൊട്ടിഘോഷിക്കേണ്ടത്? കേരളസ്ത്രീകൾ കാത്തുസൂക്ഷിച്ചിരുന്ന സ്വഭാവശുദ്ധീകരണം പിച്ചിക്കീറി കാറ്റിൽ പറപ്പിച്ച് കളയുന്ന ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കരുതേ എന്ന് കൈകൂപ്പി അപേക്ഷിക്കുന്നു.

പ്രിയ മാതാപിതാക്കളെ, നിങ്ങളുടെ മക്കളെ സദ്ഉപദേശങ്ങൾ നല്കി, മാതൃക കാണിച്ചുകൊടുത്ത് ദൈവത്തിനും മനുഷ്യർക്കും പ്രസാദവും പ്രയോജനവുമുള്ള മക്കളായി വളർത്തുവാൻ ഉത്സാഹിച്ച് ശ്രദ്ധിക്കുക. പ്രത്യേകിച്ചും പെൺകുട്ടികളെ അവരുടെ വസ്ത്രധാരണം, സംസാരം, കൂട്ടുകെട്ടുകൾ, സ്വഭാവരൂപീകരണം ഇവയ്ക്ക് പ്രാധാന്യം നല്കി വളർത്തുക. പ്രത്യേകിച്ച് അമ്മമാർ ശ്രദ്ധിക്കുക. മക്കൾ ഉന്നത വിദ്യാഭ്യാസമുള്ളവരായി, ഉന്നത വേതനങ്ങൾ ലഭിക്കുന്ന ഉന്നത ഉദ്യോഗസ്ഥരായി തീരുന്നതിനേക്കാൾ അവർ ഈശ്വരവിശ്വാസത്തിലും ഈശ്വരഭക്തിയിലും സൽസ്വഭാവത്തിൽ സമ്പന്നരായി വളരുവാനും വളർത്തിയെടുക്കുവാനും ശ്രദ്ധിക്കുക. ഏതു പരിഷ്കാരത്തിന്റെയും പുരോഗമനങ്ങളുടെയും പിറകേ പോയി അനുകരിച്ച് തരംതാണ് വീണുപോകാതെ സൽപ്രവൃത്തികളിൽ സമ്പന്നരായി വളർന്നുവരുവാൻ പഠിപ്പിക്കുക. മക്കളെ അവരുടെ സ്വാതന്ത്ര്യത്തിനു വിടുന്നത് അപകടകരമാകുന്നു.

മാതാപിതാക്കൾ തമ്മിൽതമ്മിൽ സ്നേഹിക്കുന്നതും ഐക്യപ്പെട്ടു കാര്യങ്ങൾ ചെയ്യുന്നതും കുടുംബാന്തരീക്ഷം സന്തുഷ്ടമായി കൊണ്ടുപോകുന്നതും കണ്ടുവേണം മക്കൾ വളരുവാൻ. അവർ ചോദിക്കുന്നതും ആഗ്രഹിക്കുന്നതും എല്ലാം ഒരു തടസ്സവും പറയാതെ നല്കി വളർത്തിയാൽ ജീവിതത്തിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ താങ്ങാൻ കഴിവില്ലാതെ തളർന്നു നിരാശതയിലേക്കു കൂപ്പുകുത്തുവാനിടയാകും. അവയുടെ പരിഹാരാർത്ഥം മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ലൈംഗിക ചൂഷണത്തിന്റെയും അടിമകളായിത്തീരും എന്ന അപകടം മനസ്സിലാക്കി വേണം മക്കളെ ശൈശവപ്രായം മുതൽ വളർത്തി സമൂഹത്തിലേക്കു പറഞ്ഞുവിടുവാൻ. ജീവിതപ്രശ്നങ്ങളും ശരിയും തെറ്റും ഗുണവും ദോഷവും എന്തൊക്കെയാണെന്നു വിവേചിച്ചു പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള വിദ്യാലയമായിരിക്കണം ഒരു കുടുംബം. മക്കൾ സമൂഹത്തിലേക്ക് ഇറങ്ങുന്നതിനു മുമ്പ് അതായത് മൂന്നു വയസു മുതൽ അഞ്ചു വയസു വരെയുള്ള പ്രായത്തിനകം മക്കൾ ഇവയെല്ലാം പഠിച്ചിരിക്കണമെന്നു സാരം. അവ ഇടവിടാതെ മാതാപിതാക്കളും മക്കളും തമ്മിൽ തുറന്നു സംസാരിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊണ്ടുക്കണം. മക്കൾക്ക് അവരുടെ ഹൃദയം തുറന്നു സംസാരിക്കാനുള്ള സ്വാതന്ത്ര്യവും അവസരവും, ക്ഷമയോടെ അവർ പറയുന്നതു കേൾക്കാനുള്ള സന്നദ്ധതയും മാതാപിതാക്കൾക്ക് ഉണ്ടായിരിക്കണം. അവരുടെ അഭിപ്രായങ്ങൾക്കും ആലോചനകൾക്കും പ്രാധാന്യം നല്കി തെറ്റിനെ തെറ്റായും ശരിയെ ശരിയായും അംഗീകരിച്ച് വിശദീകരിക്കുക.

തെറ്റുകൾക്കുള്ള ശിക്ഷയും ശിക്ഷണവും നല്കുന്നതിൽ മാതാപിതാക്കൾ ബുദ്ധിപൂർവം ചെയ്യേണ്ടതാകുന്നു. തങ്ങളുടെ കോപം തീർക്കാനുള്ള ശിക്ഷയാകരുത് അത്. അവരിൽ രോഷവും വൈരാഗ്യവും പ്രതികാരേച്ഛയും വളർന്നുവരാൻ ഇടയാക്കരുത്. ഭാവിയിൽ അവ അങ്ങേയറ്റം ദോഷകരങ്ങളായ സാമൂഹ്യവിരുദ്ധ സ്വഭാവങ്ങൾക്കിടയാക്കും എന്നോർക്കുക. മക്കളുടെ കൂട്ടുകാർ ആരൊക്കെയാണെന്നും അവരുടെ സംസാരങ്ങൾ, പെരുമാറ്റങ്ങൾ ഇവയൊക്കെ എങ്ങനെയാണെന്നും ശ്രദ്ധിക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. ഇന്ന് ഐ ഫോൺ എന്ന ഉപകരണം ഇല്ലാതെ ജീവിക്കുവാൻ അസാദ്ധ്യം എന്ന ഒരു സാഹചര്യത്തിലെത്തിയിരിക്കുകയാണല്ലോ. ഈ ലോകം മുഴുവനും കൂടി ചേർത്തിണക്കിയ ഈ ചെറിയ (ശേഷം 28–ാം പേജിൽ)

# ലിൻഡൻ സെന്റ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

ഉമ്മൻ കാപ്പിൽ

ന്യൂജേഴ്‌സി: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ഡിസംബർ 28-ന് ഞായറാഴ്ച ന്യൂജേഴ്‌സി ലിൻഡൻ സെ. മേരീസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. വികാരി ഫാ. സണ്ണി ജോസഫ് നയിച്ച കുർബാനയ്ക്ക് ശേഷം ഫാമിലി & യൂത്ത് കോൺഫറൻസിനായി ഒരു കിക്കോഫ് മീറ്റിംഗ് ഉണ്ടായിരുന്നു.

ഫാ. സണ്ണി ജോസഫ് കോൺഫറൻസ് ടീം അംഗങ്ങളെ പരിചയപ്പെടുത്തുകയും അവരുടെ സമർപ്പണത്തെയും സേവനത്തെയും വളരെ പ്രശംസിക്കുകയും ചെയ്തു. സ്റ്റാറ്റൻ ഐലൻഡ് മാർ ഗ്രീഗോറിയോസ് ഇടവകയുടെ വികാരിയും ഫാമിലി & യൂത്ത് കോൺഫറൻസിന്റെ മുൻ കോ–ഓർഡിനേറ്ററുമായ ഫാ. സണ്ണി ജോസഫ്, കോൺഫറൻസിന്റെ പ്രാധാന്യം എടുത്തുകാണിക്കുകയും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ സമ്മേളനമായ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ആശ ജോർജ് (ജോയിന്റ് സെക്രട്ടറി), റിംഗിൾ ബിജു (ജോയിന്റ് ട്രഷറർ), ഡോ. ഉമ്മൻ സ്കറിയ (ഫിനാൻസ് കമ്മിറ്റി), അഖില സണ്ണി (കരിക്കുലം കമ്മിറ്റി), സോഫിയ ജോർജ് (രജിസ്ട്രേഷൻ കമ്മിറ്റി), റിയ ജോർജ് (രജിസ്ട്രേഷൻ കമ്മിറ്റി) എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു.

കോൺഫറൻസിന്റെ സ്ഥലം, തീം, മുഖ്യ പ്രഭാഷകർ, ക്രമീകരണങ്ങൾ, രജിസ്ട്രേഷൻ ഫീസ്, ലൈറ്റ് & സൗണ്ട് തിയേറ്ററിലേക്കുള്ള സന്ദർശനം എന്നിവയെക്കുറിച്ചു ജെയ്സൺ തോമസ് സംസാരിച്ചു. ട്രൈസ്റ്റേറ്റ് ഏരിയയിൽനിന്ന് കോൺഫറൻസിലേക്ക് ഗതാഗതത്തിനായി ഒരു ചാർട്ടർ ബസ് ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്പോൺസർഷിപ്പുകളും സുവനീർ പരസ്യങ്ങളും ഉൾപ്പെടെ കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള വിവിധ മാർഗങ്ങളെക്കുറിച്ച് ആശ ജോർജ് സംസാരിച്ചു. റാഫിൾ ടിക്കറ്റെടുത്തും കോൺഫറൻസിനെ പിന്തുണയ്ക്കുവാൻ എല്ലാ ഇടവക അംഗങ്ങളെയും ആശ പ്രോത്സാഹിപ്പിച്ചു.

ഡോ. ഉമ്മൻ സ്കറിയ മുമ്പ് കോൺഫറൻസിൽ എങ്ങനെ പങ്കെടുത്തിരുന്നുവെന്നും അത് തന്റെ ആത്മീയ യാത്രയെ എങ്ങനെ സ്വാധീനിച്ചുവെന്നും പങ്കുവെച്ചു.



രജിസ്ട്രേഷൻ, സുവനീർ ആശംസകൾ, പരസ്യങ്ങൾ, റാഫിൾ ടിക്കറ്റുകൾ എന്നിവയിലൂടെ നിരവധി അംഗങ്ങൾ പിന്തുണ അറിയിച്ചു. വികാരിയും ഇടവകാംഗങ്ങളും നൽകിയ ആവേശകരമായ പിന്തുണയ്ക്ക് ജെയ്സൺ തോമസ് നന്ദി അറിയിച്ചു.

2026 ഫാമിലി & യൂത്ത് കോൺഫറൻസ് ജൂലൈ 15 ബുധനാഴ്ച മുതൽ ജൂലൈ 18 ശനിയാഴ്ച വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻധം റിസോർട്ടിൽ നടക്കും. "കൃപയുടെ പാത്രങ്ങൾ" എന്ന കോൺഫറൻസ് തീം 2 തിമോത്തി 2:20–22 അടിസ്ഥാനമാക്കിയുള്ളതാണ്.

പ്രധാന പ്രഭാഷകർ:

ഡോ. തോമസ് മാർ അത്താനാസിയോസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത

ഹൈറോമോങ്ക് വാസിലിയോസ്, സെന്റ് ഡയോണിഷ്യസ് മൊണാസ്ട്രി

ഫാ. ഡോ. എബി ജോർജ്, ലോങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി

ലിജിൻ തോമസ്, സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം.

കൂടുതൽ വിവരങ്ങൾക്ക്:

ഫാ. അലക്സ് ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ- 973-489-6440)

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി- 917-612-8832)

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ- 917-533-3566)

FYC/Registration link:
www.fycnead.org

# ഫൊക്കാന സ്വിം കേരളാ പദ്ധതിക്ക് ടീം ഇന്റഗ്രിറ്റിയുടെ ആശംസകൾ

ന്യൂജേഴ്സി: ഡോ. സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഫൊക്കാന 2024-2026 ടീം നടപ്പിലാക്കുന്ന സ്വിം കേരള പദ്ധതി ദീർഘകാല വീക്ഷണവും ലോകമാതൃകയുമാണെന്ന് ഫൊക്കാന 2026-2028 മത്സര രംഗത്തുള്ള ടീം ഇന്റഗ്രിറ്റി നേതൃത്വവും പ്രസിഡണ്ട് സ്ഥാനാർത്ഥിയുമായ ഫിലിപ്പോസ് ഫിലിപ്പും അഭിപ്രായപ്പെട്ടു. കേരളത്തിലെ മുങ്ങിമരണങ്ങൾ നിയന്ത്രിക്കുന്നതിന് അമേരിക്കൻ മലയാളികൾ ഫൊക്കാനയ്ക്ക് പിന്നിൽ അണിനിരക്കുന്ന ചരിത്രകാഴ്ചയാണത്. ഫൊക്കാനയുടെ നേതൃത്വത്തിൽ ദേശീയ നീന്തൽ താരം മുരളീധരന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ കുട്ടികൾക്കും യുവതി യുവാക്കൾക്കുമായി നല്കിവരുന്ന സൗജന്യ നീന്തൽ പരിശീലന പരിപാടിയായ സ്വിം കേരളാ സ്വിമ്മിന്റെ ഭാഗമായി രണ്ട് എഡിഷൻ പരിപാടികളാണ് ഫൊക്കാന നടപ്പിലാക്കിയത്. ഒരു കുട്ടി നീന്തൽ പഠിക്കുന്നതോടു കൂടി, അത് ശാസ്ത്രീയമായി അഭ്യസിക്കുന്നതോടു കൂടി മറ്റൊരു ജീവനം രക്ഷപ്പെടുത്താൻ അവസരമൊരുക്കുന്ന ജീവൽ പ്രവർത്തനമാണ് നടക്കുന്നത്.ഡോ. സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ ടീമിനെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ഇത് ഒരു തുടർപദ്ധതിയായി മാറുവാൻ ഈ പദ്ധതിക്കൊപ്പം ടീം ഇന്റഗ്രിറ്റിയും എന്നും ഉണ്ടാകും. ജനുവരി 18-ന് പാലാ സെന്റ് തോമസ് കോളജിന്റെ നീന്തൽകുളത്തിൽ നടന്ന പരിശീലന ക്യാമ്പിന്റെ സമാപനം പുതിയ ചരിത്രം കുറിക്കുന്ന നിമിഷമായി മാറി എന്നതിൽ സംശയമില്ല. മുഖ്യപരിശീലകനായ എസ്.പി. മുരളീധരനെ പോലെയുള്ള ലോകോത്തര സാഹസിക നീന്തൽ താരത്തിന്റെ പരിശീലനത്തിൽ ചുണക്കുട്ടന്മാരായ നീന്തൽ താരങ്ങളെ സൃഷ്ടിക്കുവാനും അവരുടെ കഴിവും അറിവും കേരളത്തിന്റെ യുവസമൂഹത്തിന് ലഭിക്കുമ്പോൾ ഫൊക്കാന ഒരു വലിയ ജീവകാരുണ്യ പ്രവർത്തനത്തിനാണ് തുടക്കമിടുന്നതെന്ന് ടീം ഇന്റഗ്രിറ്റി സ്ഥാനാർത്ഥികളായ ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ, ആന്റോ വർക്കി, ലിൻഡോ ജോളി, ജോസി കാരക്കാട്ട്, അപ്പുക്കുട്ടൻ പിള്ള, സോണി അമ്പൂക്കൻ, ഡോ. ഷൈനി രാജു, ഡോ. അജു ഉമ്മൻ, ഗ്രേസ് മറിയ ജോസഫ് എന്നിവർ അറിയിച്ചു.




# കൈപ്പുഴ സെന്റ് ജോർജ് സ്കൂൾ ശതാബ്ദി ആഘോഷ സമാപനം

**കൈപ്പുഴ ജയകുമാർ**

കോട്ടയം: കൈപ്പുഴ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം 23-ന് വൈകുന്നേരം ആറിന് പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസ് ഉദ്ഘാടനം ചെയ്യും. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിൽ അദ്ധ്യക്ഷത വഹിക്കും. മന്ത്രി വി.എൻ. വാസവൻ സൗരോർജ്ജ പദ്ധതി ഉദ്ഘാടനം ചെയ്യും. ഫ്രാൻസിസ് ജോർജ് എംപി മുഖ്യപ്രഭാഷണം നടത്തും. സുപ്രീം കോടതി റിട്ട. ജഡ്ജി ജസ്റ്റിസ് ഡോ. സിറിയക് ജോസഫ്, കോട്ടയം അതിരൂപത കോർപ്പറേറ്റ് സെക്രട്ടറി റവ.ഡോ. തോമസ് പുതിയകുന്നേൽ, ശതാബ്ദി കമ്മിറ്റി ചെയർമാൻ ഫാ. സാബു മാലിത്തുരുത്തേൽ, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ് എന്നിവർ പ്രസംഗിക്കും. സമ്മേളനത്തിനുശേഷം കലാപരിപാടി നടക്കും.

21-ന് ഉച്ചകഴിഞ്ഞ് 3.30-ന് പൂർവ അദ്ധ്യാപക-അനദ്ധ്യാപക സംഗമം (സ്മൃതി മധുരം) നടക്കും. കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ ഉദ്ഘാടനം ചെയ്യും. ശതാബ്ദി കമ്മിറ്റി വൈസ് ചെയർമാൻ സൈമൺ പുല്ലാടൻ, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ്, പ്രിൻസിപ്പാൾ ഇൻ-ചാർജ് ജിയോമോൻ ജോസഫ് എന്നിവർ പ്രസംഗിക്കും. വൈകുന്നേരം 3.30-ന് പൂർവ്വ അദ്ധ്യാപക-അനദ്ധ്യാപക-പൂർവ്വ വിദ്യാർത്ഥി സംഗമം (ഒരുവട്ടം കൂടി) നടക്കും. ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്യും. ന്യൂനപക്ഷ പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ മുൻ എംഎൽഎ സ്റ്റീഫൻ ജോർജ് മുഖ്യപ്രഭാഷണം നടത്തും. ഹയർ സെക്കൻഡറി റിട്ട. ഡയറക്ടർ ജെയിംസ് ജോസഫ്, മീഡിയ അക്കാഡമി മാനേജിംഗ് ഡയറക്ടർ സി.എൽ. തോമസ്, ലിസി പി. തോമസ്, ഫാ. സാബു മാലിത്തുരുത്തേൽ, ടോം കരികുളം, പ്രിൻസിപ്പൽ തോമസ് മാത്യു എന്നിവർ പ്രസംഗിക്കും. തുടർന്ന് ഓർമ്മയിലെ പാഠശാലയും സംഗീത സായാഹ്നവും നടക്കും.



22-ന് വൈകുന്നേരം 5.30-ന് സ്കൂൾ വാർഷികവും യാത്രയയപ്പും നടക്കും. സാനു ഏബ്രഹാം, സിസ്റ്റർ പ്രകാശ്, മിനി ഏബ്രഹാം, എത്സമ്മ ലൂക്കോസ് എന്നിവരാണ് സർവീസിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകർ. റവ. ഡോ. തോമസ് പുതിയകുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. നടി മീനാക്ഷി അനൂപ് മുഖ്യാതിഥിയായിരിക്കും.

നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സവിത ജോമോൻ മുഖ്യപ്രഭാഷണം നടത്തും. ഫാ. സാബു മാലിത്തുരുത്തേൽ അദ്ധ്യക്ഷത വഹിക്കും. നീണ്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർ സിന്ധുരാജു, പിടിഎ പ്രസിഡണ്ട് സുരേഷ് നാരായണൻ, തോമസ് മാത്യു, കെ.എസ്. ബിനോയ്, സ്കൂൾ ലീഡർ മേഘ്ന ആർ. ആചാര്യ, സ്കൂൾ ചെയർപേഴ്സൺ എയ്ഞ്ചൽ മരിയ സാബു, സ്റ്റാഫ് സെക്രട്ടറി ഫാ. ബേബി കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിക്കും.

ഇന്നത്തെ സെ. ജോർജ് വിഎച്ച്എസ്എസ് കൈപ്പുഴയിൽ പ്രിപ്പറേറ്ററി ക്ലാസ് ആരംഭിക്കുന്നത് 1926 മെയ് 17-നാണ്. 1948-ൽ ഹൈസ്കൂളായി. 2001-ൽ ഹയർ സെക്കന്ററിയായി ഉയർന്നു. എം.സി. ചാക്കോ മാന്തുരുത്തിലാണ് പ്രഥമ ഹെഡ്മാസ്റ്റർ. അദ്ദേഹത്തിന്റെ പുത്രൻ ഡോ. ജോസ് സി. മാന്റിലും കുടുംബവുമാണ് പിതാവിന്റെ സ്മരണയ്ക്കായി ഇപ്പോൾ കാണുന്ന സ്കൂൾ കെട്ടിടം നിർമ്മിച്ചു നല്കിയത്. ഹയർ സെക്കൻഡറി വിഭാഗത്തിന്റെ രജത ജൂബിലി കൂടിയാണ് ഈ വർഷം.

കോട്ടയം പ്രസ്ക്ലബിൽ നടന്ന പത്രസമ്മേളനത്തിൽ ശതാബ്ദി കമ്മിറ്റി ചെയർമാൻ ഫാ. സാബു മാലിത്തുരുത്തേൽ, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ്, പ്രിൻസിപ്പൽ ഇൻ-ചാർജ് ജിയോമോൻ ജോസഫ്, പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ കൈപ്പുഴ ജയകുമാർ എന്നിവർ പരിപാടികൾ വിശദീകരിച്ചു.

# അൽ-ഫലാഹ് സർവകലാശാല ചെയർമാനെതിരേ ഇഡി കുറ്റപത്രം സമർപ്പിച്ചു

ന്യൂഡൽഹി: നവംബറിൽ ഡൽഹിയിലെ ചെങ്കോട്ടയ്ക്കു സമീപമുണ്ടായ ഭീകരാക്രമണവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അൽ-ഫലാഹ് സർവകലാശാല ചെയർമാൻ ജവാദ് അഹമ്മദ് സിദ്ദിഖിയും അൽ-ഫലാഹ് ചാരിറ്റബിൾ ട്രസ്റ്റിക്കുമെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കുറ്റപത്രം സമർപ്പിച്ചു. പിഎംഎൽഎ നിയമപ്രകാരം അൽ-ഫലാഹ് കാമ്പസിനുള്ളിലെ 54 ഏക്കർ ഭൂമിയുൾപ്പെടെ 139 കോടിയുടെ സ്വത്തുക്കളും ഇഡി കണ്ടുകെട്ടി.

സിദ്ദിഖിയും കുടുംബാംഗങ്ങളും സർവകലാശാലയിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന്റെ ശക്തമായ തെളിവുകൾ കുറ്റപത്രത്തിൽ ഉൾപ്പെടുന്നതായി ഉദ്യോഗസ്ഥർ പറഞ്ഞു. യൂണിവേഴ്സിറ്റി ഫണ്ടുപയോഗിച്ച് അൽ-ഫലാഹ് ചാരിറ്റബിൾ ട്രസ്റ്റ് ഭൂമി ഏറ്റെടുത്തതായും അന്വേഷണ ഏജൻസി അവകാശപ്പെട്ടു. സർവകലാശാലയുടെ അക്രഡിറ്റേഷൻ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന അവകാശവാദങ്ങൾ നടത്തി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വഞ്ചിച്ചെന്ന ആരോപണത്തെത്തുടർന്ന് നവംബർ 18-ന് ഇഡി സിദ്ദിഖിയെ അറസ്റ്റ് ചെയ്തിരുന്നു. കള്ളപ്പണം വെളുപ്പിക്കൽ കുറ്റം ചുമത്തിയായിരുന്നു അറസ്റ്റ്. വ്യാജ അവകാശവാദങ്ങളിലൂടെ സർവകലാശാലയും ട്രസ്റ്റും കുറഞ്ഞത് 415.10 കോടി വരുമാനമുണ്ടാക്കിയെന്നായിരുന്നു ആരോപിക്കപ്പെട്ടതെന്ന് ഇഡി കോടതിയെ അറിയിച്ചു.

വൈറ്റ് കോളർ ഭീകരവാദത്തെക്കുറിച്ചുള്ള അന്വേഷണവുമായി കേസിനു ബന്ധമുണ്ട്. നവംബർ 10-നു ചെങ്കോട്ടയ്ക്കു സമീപം ചാവേർ കാർബോംബ് സ്ഫോടനം നടത്തിയത് അൽ- ഫലാഹ് മെഡിക്കൽ കോളേജിലെ ഡോക്ടർ ഉമർ-ഉൻ-നബി ആയിരുന്നു. 11 പേരുടെ മരണത്തിനു ഇടയാക്കിയ ഈ സംഭവത്തിനു ശേഷം മൂന്നു ഡോക്ടർമാർ ഉൾപ്പെടെ രണ്ടു ഡസനിലധികം പേരെ ദേശീയ അന്വേഷണ ഏജൻസിയും (എൻഐഎ) ജമ്മു കാശ്മീർ പോലീസും അറസ്റ്റ് ചെയ്തിട്ടുണ്ട്. അൽ- ഫലാഹ് ചാരിറ്റബിൾ ട്രസ്റ്റ്, അൽ ഫലാഹ് സർവകലാശാല, അൽ ഫലാഹ് സ്കൂൾ ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്റർ, ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തിവരികയാണെന്ന് ഇഡി ഉദ്യോഗസ്ഥർ പറഞ്ഞു.

അനധികൃതമെന്നു സംശയിക്കുന്ന വരുമാനം, ചാരിറ്റബിൾ സ്ഥാപനങ്ങളിലേക്കു കുട്ടിച്ചേർക്കൽ, വഞ്ചനാപരമായി ഭൂമി ഏറ്റെടുക്കൽ, ചാരിറ്റബിൾ ഫണ്ടുകളുടെ വഴിതിരിച്ചുവിടൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സർവകലാശാല ചെയർമാൻ സിദ്ദിഖിയുടെ മക്കളായ മകൻ അഫ്ഹാം അഹമ്മദ്, മകൾ അഫിയ സിദ്ദിഖ എന്നിവരെ ബ്രിട്ടീഷ് പൗരന്മാരായി വിശേഷിപ്പിക്കുന്ന രേഖകളും കണ്ടെത്തി. ഇവരുടെ പൗരത്വവിവരങ്ങൾ പരിശോധിക്കുന്നുണ്ടെന്നും ഇഡി അറിയിച്ചു. ഫരീദാബാദിലെ ധൗജിലുള്ള മെഡിക്കൽ കോളജ് സമുച്ചയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഇടപാടുകളിൽ ഒന്നിലധികം ഫണ്ട് വകമാറ്റം നടന്നിട്ടുണ്ട്. സിദ്ദിഖിയുടെ രണ്ടു മക്കൾക്ക് 49 ശതമാനവും ഒരു ജീവനകാരന് രണ്ടു ശതമാനവും ഓഹരിയുള്ള കാർകുൻ കൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്പേഴ്സ് ആണ് ഈ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത്. സിദ്ദിഖിയുടെ ഭാര്യ ഉസ്മ അക്തറിനും മകനും 49 ശതമാനം വീതം ഓഹരിയുള്ള അംല എന്റർപ്രൈസസിന് ഹോസ്റ്റൽ കാറ്ററിങ് കരാറുകൾ നൽകിയെന്നും അന്വേഷണ ഏജൻസികൾ പറയുന്നു.

സിദ്ദിഖിയുടെ സഹോദരന്റെ ഉടമസ്ഥതയിലുള്ള സ്റ്റാർ ഫുഡ്സ് എന്ന സ്ഥാപനം 2016 വരെ സർവകലാശാലയിലേക്കു ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തിരുന്നതായാണ് മറ്റൊരു കണ്ടെത്തൽ. ഇത്തരം ഇടപെടൽ ട്രസ്റ്റിന്റെയോ അനുബന്ധ സ്ഥാപനങ്ങളുടെയോ വരുമാന റിട്ടേണുകളിലോ മറ്റ് നിയമപരമായ രേഖകളിലോ വെളിപ്പെടുത്തിയിട്ടില്ലെന്നും ഇഡിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

# നാസയുടെ ആർട്ടെമിസ് വിക്ഷേപണം ഫെബ്രുവരി ആറിന്

വാഷിങ്ടൺ: അരനൂറ്റാണ്ടിനുശേഷം ചന്ദ്രനിലേക്ക് മനുഷ്യർ ഉൾപ്പെടുന്ന ദൗത്യവുമായി നാസ. ആർട്ടെമിസ്2 ദൗത്യം ഫെബ്രുവരി ആറിന് വിക്ഷേപിക്കുമെന്ന് നാസ അറിയിച്ചു. നാസയുടെ ബഹിരാകാശ സഞ്ചാരികളായ റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോച്ച് എന്നിവരും കനേഡിയൻ ബഹിരാകാശ ഏജൻസിയിലെ ജറമി ഹാൻസനും ചന്ദ്രനെ ചുറ്റി ഭൂമിയിലേക്ക് തിരിച്ചെത്തുന്ന 10 ദിവസത്തെ യാത്രയിൽ പങ്കെടുക്കും.

1972-ലായിരുന്നു നാസയുടെ അവസാന ചാന്ദ്രയാത്ര. ആർട്ടെമിസ് 2-ന്റെ ഔദ്യോഗിക വിക്ഷേപണ സമയം ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെയാണെന്നും കൂടാതെ നിരവധി ബദൽ തീയതികളും നിശ്ചയിച്ചിട്ടുണ്ടെന്നും നാസ അറിയിച്ചു.

ആർട്ടെമിസ് 2 ദൗത്യം ചന്ദ്രോപരിതലത്തിൽ ഇറങ്ങില്ല. മനുഷ്യരുമായി ചന്ദ്രനിൽ ഇറങ്ങുക ആർട്ടെമിസ് 3-ൽ ആയിരിക്കും. ആ ദൗത്യം അടുത്ത വർഷമായിരിക്കുമെന്നാണു സൂചന.

സാധാരണ ബഹിരാകാശ യാത്ര പോലെ ചാന്ദ്ര ദൗത്യങ്ങൾ നിശ്ചയിക്കാൻ കഴിയില്ല. ഭൂമിയും ചന്ദ്രനും തമ്മിലുള്ള അകലം, ചന്ദ്രന്റെ ഭ്രമണപഥ പ്രവേഗം, റോക്കറ്റിന്റെ പ്രകടനം, ഫ്ളോറിഡയിലെ കെന്നഡി ബഹിരാകാശ കേന്ദ്രത്തിലെ വിക്ഷേപണ സ്ഥലത്തെ കാലാവസ്ഥ എന്നിവയെ ആശ്രയിച്ചിരിക്കും വിക്ഷേപണ സമയം.

ഫെബ്രുവരി 7, 8, 10, 11 എന്നീ തീയതികൾ സാധ്യതയുള്ള ബദൽ വിക്ഷേപണ തീയതികളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഫെബ്രുവരിയിൽ വിക്ഷേപണം തടസപ്പെട്ടാൽ, മാർച്ചിലെയും ഏപ്രിലിലെയും ആദ്യ ദിവസങ്ങളും ഈ ചാന്ദ്രയാത്രയ്ക്ക് പരിഗണിക്കാനുണ്ട്.

53 വർഷത്തിനിടയിൽ ലോ എർത്ത് ഓർബിറ്റ് വിട്ടുപോകുന്ന ആദ്യത്തെ മനുഷ്യസഞ്ചാരികൾ അടങ്ങുന്ന ബഹിരാകാശ ദൗത്യമായിരിക്കും ആർട്ടെമിസ് 2 ഫെബ്രുവരി ആറിന് തന്നെ, നാസയുടെ ശക്തമായ സ്പേസ് ലോഞ്ച് സിസ്റ്റം (എസ്.എൽ.എസ്) റോക്കറ്റ് സംവിധാനം ഉപയോഗിച്ച് ഓർബിയോൺ ബഹിരാകാശ പേടകത്തിൽ ബഹിരാകാശ യാത്രികൻ കേപ് കനാവെറലിൽനിന്ന് യാത്ര തുടങ്ങും. ആദ്യം ഭൂമിയെ രണ്ട് തവണ ചുറ്റി ജീവൻ നിലനിർത്താനുള്ള ഉപകരണങ്ങളുടെ പ്രവർത്തനം പരിശോധിച്ച ശേഷം, ചന്ദ്രനിലേക്ക് ഒരു ഫ്ളൈബൈ (ചന്ദ്രനെ ചുറ്റാതെ അടുത്തുകൂടി കടന്നുപോകൽ) നടത്തും.



ആർട്ടെമിസ്2-ന്റെ ഭാഗമായി ചന്ദ്രനിലേക്കുള്ള ദൗത്യത്തിനു തെരഞ്ഞെടുക്കപ്പെട്ട ബഹിരാകാശ സഞ്ചാരികൾ.

പേടകം ചന്ദ്രന്റെ ഗുരുത്വാകർഷണം ഉപയോഗിച്ച് ഭൂമിയിലേക്ക് തിരിച്ചെത്തുന്ന സംവിധാനമാണു നാസ ലക്ഷ്യമിടുന്നത്.

യാത്രയിൽ എന്തെങ്കിലും തടസമുണ്ടായാൽ എൻജിനെ കാര്യമായി ആശ്രയിക്കാതെ തന്നെ ഭൂമിയിൽ സുരക്ഷിതമായി തിരിച്ചെത്താൻ ആ സംവിധാനം സഹായിക്കും.

മനുഷ്യരുമായി യാത്ര ചെയ്യുമ്പോൾ റോക്കറ്റ്, ബഹിരാകാശ പേടകം, മറ്റ് സംവിധാനങ്ങൾ എന്നിവ കൃത്യമായി പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. ഇത് അടുത്ത വർഷത്തെ ആർട്ടെമിസ് 3 ദൗത്യത്തിനു വഴിയൊരുക്കും. ആർട്ടെമിസ് 2 ദൗത്യത്തിന്റെ തയാറെടുപ്പുകൾ അവസാന ഘട്ടത്തിലാണ്. ആദ്യ ഘട്ടം 17-ന് ആരംഭിക്കാൻ നാസ തയാറെടുക്കുകയാണ്. പൂർണമായി സജ്ജീകരിച്ച എസ്എൽഎസ് റോക്കറ്റും ഓർബിയോൺ ബഹിരാകാശ പേടകവും നാസയുടെ വെഹിക്കിൾ അസംബ്ലി ബിൽഡിങ്ങിൽനിന്ന് കെന്നഡി ബഹിരാകാശ കേന്ദ്രത്തിലെ ലോഞ്ച് പാഡ് 39ബി-യിലേക്ക് മാറ്റും.

ഭീമാകാരമായ ഒരു ക്രാളർ ട്രാൻസ്പോർട്ടർ ഉപയോഗിച്ച് 7.25 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്ന ഈ യാത്രയ്ക്ക് 12 മണിക്കൂർ വരെ എടുത്തേക്കാം. പാഡിൽ എത്തിയ ശേഷം, ഊർജവും ഇന്ധന ലൈനുകളും ബന്ധിപ്പിക്കുകയും റോക്കറ്റിന്റെ അന്തിമ പരിശോധനകൾ നടത്തുകയും ചെയ്യും. അതിനുശേഷമായിരിക്കും യാത്രികർ യാത്രയ്ക്കുള്ള തയാറെടുപ്പുകൾ ആരംഭിക്കുന്നത്.

ആർട്ടെമിസ് 2 ലോഞ്ച് പാഡിൽ എത്തിയ ശേഷം, നാസ ടീമുകൾ 'വെറ്റ് ഡ്രസ് റിഹേഴ്സൽ' (ഇന്ധനം നിറച്ചുള്ള പരിശീലനപരിശോധന) നടത്തുകയും 'ടാങ്കിങ്' (ഇന്ധനം നിറക്കുന്ന) നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്യും. എസ്എൽഎസ് റോക്കറ്റിൽ 26.5 ലക്ഷം ലിറ്റർ ദ്രാവക ഹൈഡ്രജനും ഓക്സിജനും നിറയ്ക്കും. ഇവയാണു വിക്ഷേപണത്തിന് ആവശ്യമായ ഇന്ധനം.

## ജസ്റ്റിസ് വർമ കേസിൽ സമിതി രൂപീകരിച്ചതിൽ തെറ്റില്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: വിവാദ ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയുടെ കുറ്റവിചാരണയുമായി ബന്ധപ്പെട്ടു ലോക്സഭാ സ്പീക്കർ പാർലമെന്ററി സമിതി രൂപീകരിച്ചതിൽ നിയമപ്രശ്നമില്ലെന്നു സുപ്രീം കോടതി വിധിച്ചു. രാജ്യസഭാദ്ധ്യക്ഷനുമായി കൂടിയാലോചന നടത്താതെയാണ് സ്പീക്കർ സമിതി രൂപീകരിച്ചതെന്നും ഇതു ജഡ്ജസ് എൻക്വയറി നിയമത്തിന് എതിരാണെന്നുമുള്ള വാദം തള്ളിക്കൊണ്ടാണു തീരുമാനം. ഔദ്യോഗിക വസതിയോടു ചേർന്ന ഔട്ട്ഹൗസിൽ നോട്ടുകെട്ട് കണ്ടെത്തിയതിനാണു ജസ്റ്റിസ് വർമയ്ക്കെതിരെ പാർലമെന്റ് കുറ്റവിചാരണ നടപടിയുമായി മുന്നോട്ടുപോകുന്നത്.

'ഇരുസഭകളിലും ഒരേ ദിവസം നോട്ടീസ് നൽകുകയും ഒരിടത്തു അതു സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ സംയുക്ത സമിതിയുടെ ആവശ്യമില്ല. സ്പീക്കർക്കോ രാജ്യസഭാ അദ്ധ്യക്ഷനോ മാത്രമായി സമിതി രൂപീകരിച്ചു മുന്നോട്ടുപോകാം. രണ്ടിടത്തും നോട്ടീസ് സ്വീകരിച്ചാൽ മാത്രമേ, സംയുക്ത സമിതി വേണ്ടതുള്ളൂ'- കോടതി പറഞ്ഞു.

എംപിമാർ നൽകിയ കുറ്റവിചാരണ നോട്ടീസിന്റെ വസ്തുതകളിലേക്ക് കടന്നു സെക്രട്ടറി ജനറൽ നടത്തിയ പരാമർശത്തെ സുപ്രീംകോടതി വിമർശിച്ചു. സെക്രട്ടറി ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉപാദ്ധ്യക്ഷൻ നോട്ടീസ് നിരസിച്ചത്. ഇതു നിയമപ്രകാരമല്ലെന്നാണ് കോടതിയുടെ നിരീക്ഷണം.

നേരത്തേ, ജസ്റ്റിസ് വർമയ്ക്കെതിരെ ചീഫ് ജസ്റ്റിസ് സമിതിയെ വെച്ചു അന്വേഷിച്ചത് ചോദ്യം ചെയ്തു നൽകിയ ഹർജിയും സുപ്രീംകോടതി തള്ളിയിരുന്നു. ജസ്റ്റിസ് വർമ ഉന്നയിച്ച സാങ്കേതിക നിയമപ്രശ്നങ്ങൾ സുപ്രീം കോടതി പൂർണമായും തള്ളിയതോടെ കുറ്റവിചാരണ ചെയ്തു ജഡ്ജിപദവിയിൽനിന്നു നീക്കാനുള്ള വഴി കൂടുതൽ തെളിഞ്ഞു.

നിലവിൽ അലഹബാദ് ഹൈക്കോടതി ജഡ്ജിയാണ് ജസ്റ്റിസ് വർമ. ഡൽഹി ഹൈക്കോടതിയിൽ ജഡ്ജിയായിരിക്കെ, കഴിഞ്ഞ വർഷം മാർച്ച് 14-നാണ് ജസ്റ്റിസ് വർമയുടെ വീടിനോടു ചേർന്ന ഔട്ട്ഹൗസിൽ തീപിടിത്തമുണ്ടായത്.

തുടർന്നു സ്ഥലത്തെത്തിയ പോലീസും ഫയർഫോഴ്സ് സംഘവും ഇവിടെ നോട്ടുകെട്ട് അടങ്ങിയ ചാക്കുകൾ കണ്ടെത്തിയതാണ് കേസിന് ആധാരം. ഈ സമയം ജസ്റ്റിസ് വർമയും ഭാര്യയും മദ്ധ്യപ്രദേശിലായിരുന്നു.

## ചരിത്രത്തിലാദ്യമായി ഓൺലൈനായി കലോത്സവത്തിൽ പങ്കെടുത്ത് മത്സരാർത്ഥി

തൃശൂർ: ചരിത്രത്തിലാദ്യമായി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഓൺലൈൻ ആയൊരു മത്സരാർത്ഥി പങ്കെടുക്കുന്നു. രക്തക്കുഴലുകൾ ചുരുങ്ങുന്ന ഗുരുതര രോഗാവസ്ഥയായ വാസ്കുലൈറ്റിസ് ബാധിച്ച സിയ ഫാത്തിമയ്ക്ക് ഓൺലൈനായി പങ്കെടുക്കാൻ പ്രത്യേക അനുമതി നൽകിയതായി മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. കാസർകോട് പടന്ന വികെപികെ എച്ച്എംഎംആർവിഎച്ച്എസ്എസിലെ വിദ്യാർത്ഥിയാണു സിയ ഫാത്തിമ. ജില്ലാ കലോത്സവത്തിൽ നേരിട്ടു പങ്കെടുത്ത സിയയ്ക്ക് നാലാഴ്ച മുൻപാണു രോഗം സ്ഥിരീകരിച്ചത്. കാസർകോട്ടുനിന്നു തൃശൂരെത്തി കലോത്സവത്തിൽ പങ്കെടുക്കുന്നതു ജീവനുതന്നെ ഭീഷണിയായേക്കാം എന്നു ഡോക്ടർമാർ മുന്നറിയിപ്പു നൽകിയിരുന്നു. കലോത്സവത്തിൽ പങ്കെടുക്കാൻ കഴിയാത്തതിന്റെ വേദന സിയയും സ്കൂൾ അധികൃതരും ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണു നടപടി. താൻ ക്വാറന്റീനിലാണെന്നും ഗുരുതരാവസ്ഥയാണെന്നും സിയ സമൂഹമാധ്യമത്തിലൂടെ അറിയിച്ചിരുന്നു. ജനുവരി 17-ന് ശനിയാഴ്ച രാവിലെ 11-നു 17-ാം വേദിയായ സിഎംഎസ് എച്ച്എസ്എസിൽ അറബിക് പോസ്റ്റർ ഡിസൈനിങ് മത്സരത്തിൽ വീഡിയോ കോൺഫറൻസിങ്ങിലൂടെ സിയ പങ്കെടുത്തു.



സിയ ഫാത്തിമ

## കെഎസ്ഇബിയിൽ വൻ ക്രമക്കേടുകൾ കണ്ടെത്തി വിജിലൻസ്

തിരുവനന്തപുരം: കെഎസ്ഇബിയിൽ 'ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്' എന്ന പേരിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വൻ ക്രമക്കേടുകൾ കണ്ടെത്തി. വൈദ്യുതി ബോർഡിൽ നടപ്പാക്കുന്ന കരാർ പ്രവൃത്തികളുടെ ടെൻഡർ അനുവദിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വ്യാപക ക്രമക്കേടുകളും അഴിമതിയും നടക്കുന്നതായാണ് കണ്ടെത്തൽ. കരാറുകാരിൽനിന്ന് കമ്മീഷൻ ഇനത്തിൽ കൈക്കൂലിപ്പണം കൈപ്പറ്റുന്ന ചില ഉദ്യോഗസ്ഥർ കരാർ പ്രവൃത്തികളിൽ പരിശോധന നടത്താതെ ബിൽ മാറി പണം അനുവദിക്കുന്നു. ഉപയോക്താക്കളുടെ എനർജി ഉപയോഗം കണക്കാക്കാനുള്ള മീറ്റർ റീഡിംഗിൽ കൃത്രിമം നടത്തി അനധികൃത കിഴിവുകൾ പലയിടത്തും നൽകുന്നു. എനർജി മീറ്ററുകൾ തകരാറിലാക്കുകയോ തകരാറായതായി കാണിച്ചു മാറ്റി സ്ഥാപിക്കുകയോ ചെയ്യുന്നു. ഇതു ബോർഡിന് വലിയ സാമ്പത്തികനഷ്ടമുണ്ടാക്കുന്നു. കെഎസ്ഇബിയിൽ നടക്കുന്ന അഴിമതിയും ക്രമക്കേടുകളും കണ്ടെത്താനായി വിജിലൻസ് ഡയറക്ടർ മനോജ് ഏബ്രഹാമിന്റെ നിർദേശ പ്രകാരം കേരളത്തിലെ തെരഞ്ഞെടുത്ത 70 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ജനുവരി 16-ന് രാവിലെ 10.30 മുതലാണ് വിജിലൻസ് മിന്നൽ പരിശോധന തുടങ്ങിയത്. പല ഓഫീസുകളിലും രാത്രി വൈകിയും പരിശോധന തുടരുകയാണ്. ഓഫീസുകളിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൈറ്റുകളിൽകൂടി പരിശോധന നടത്തിയ ശേഷമേ തട്ടിപ്പിന്റെ വ്യാപ്തി വ്യക്തമാകുകയുള്ളൂവെന്ന് വിജിലൻസ് ഉദ്യോഗസ്ഥർ അറിയിച്ചു.

# അനാവശ്യ റിട്ട് ഹർജി: അതൃപ്തി അറിയിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: ഹൈക്കോടതിയിൽ തീർപ്പാകാതെ നിൽക്കുന്ന വിഷയങ്ങളിൽ പോലും റിട്ട് ഹർജിയുമായി നേരിട്ടു സമീപിക്കുന്നതിൽ സുപ്രീം കോടതി അതൃപ്തി അറിയിച്ചു.

കോടതികളുടെ അധികാര പരിധിയുടെ ദുരുപയോഗമാണിതെന്നും വിമർശിച്ചു. മൗലികാവകാശങ്ങളുടെ ലംഘനം ചൂണ്ടിക്കാട്ടി സുപ്രീം കോടതിയെ നേരിട്ടു സമീപിക്കാനാണ് 32-ാം വകുപ്പുപ്രകാരമുള്ള റിട്ട് ഹർജി.

ഈ ഹർജി പൗരർക്കുള്ളതാണെന്നും ഡൽഹി പരിസരത്തുമുള്ളവർ ഇതു ദുരുപയോഗം ചെയ്യുകയാണെന്നും ജഡ്ജിമാരായ ബി.വി. നാഗരത്ന, ജസ്റ്റിസ് ഉജ്വൽ ഭുയാൻ എന്നിവരുടെ ബെഞ്ച് പറഞ്ഞു.

# സണ്ണി ജോൺ രത്തപ്പിള്ളിൽ ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: അമേരിക്കൻ പോസ്റ്റൽ ജീവനക്കാരനും ബിസിനസുകാരനുമായ സണ്ണി ജോൺ രത്തപ്പിള്ളിൽ (61) ചിക്കാഗോയിൽ അന്തരിച്ചു. മൂവാറ്റുപുഴ തഴുവാംകുന്ന് രത്തപ്പിള്ളിൽ പരേതനായ ജോണിന്റെയും അന്നക്കുട്ടിയുടെയും മകനാണ്.

ഭാര്യ ലവ്‌ലി ജോൺ. മക്കൾ: എഡ്വിൻ, മേഗൻ (കെവിൻ), ജെസൻ.

സഹോദരങ്ങൾ: പരേതനായ അഗസ്റ്റിൻ, ജോസ്, മേരി മേതിപ്പാറ (ജോയി), ഗ്രേസി ജെയിംസ് (ജെയിംസ്), ആനി പാലാകുന്നേൽ (ബെന്നി), ഡോമി (സുജ), അലോഷി (ഷേർളി), സജി (ബെൻസി).

# റവ. ഡോ. ടി.ജെ. തോമസ് അന്തരിച്ചു


കോട്ടയം: മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ പ്രമുഖ വൈദികനും പ്രശസ്ത പാസ്റ്ററൽ കൗൺസിലറുമായിരുന്ന റവ.ഡോ. ടി.ജെ. തോമസ് അന്തരിച്ചു.

തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. ആത്മീയ ശുശ്രൂഷയിലും പ്രഫഷണൽ കൗൺസിലിംഗിലും ദീർഘകാലം സംഭാവനകൾ നല്കിയ അദ്ദേഹത്തിന്റെ വിയോഗം സഭയ്ക്കും സമൂഹത്തിനും വലിയ നഷ്ടമാണ്.

1976 മുതൽ 1979 വരെ ഡാളസ് മാർത്തോമ്മാ സഭയുടെ ആദ്യവികാരിയായി സേവനമനുഷ്ഠിച്ച റവ.ഡോ. ടി.ജെ. തോമസ്, അന്ന് ഡാളസിലെ സൗത്ത് മെത്തഡിസ്റ്റ് യൂണിവേഴ്സിറ്റിയിൽ (എസ്എംയു) വിദ്യാർത്ഥി ആയിരിക്കെ, ഉത്തര ടെക്സസിലെ വളർന്നുവരുന്ന മാർത്തോമ്മാ വിശ്വാസിസമൂഹത്തിന് ശക്തമായ ആത്മീയ നേതൃത്വം നല്കി.

പിന്നീട് ശക്തവും സജീവവുമായ ഇടവകയായി വളർന്ന ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ഇടവകയുടെ ആത്മീയ-സംഘടനാത്മക അടിത്തറ പാകിയത് അദ്ദേഹത്തിന്റെ ശുശ്രൂഷക്കാലത്തായിരുന്നു.

കേരളത്തിലേക്ക് മടങ്ങിയശേഷം മാർത്തോമ്മാ സഭയിലെ വിവിധ ശുശ്രൂഷകളിൽ സജീവമായിരുന്ന അദ്ദേഹം, പ്രത്യേകിച്ച് പ്രഫഷണൽ കൗൺസിലിംഗും പാസ്റ്ററൽ കെയറും എന്ന



മേഖലയിൽ നല്കിയ നേതൃത്വംമൂലം ഏറെ ശ്രദ്ധേയനായി.

കോട്ടയം ടിഎംഎ കൗൺസിലിംഗ് സെന്ററിന്റെ (Titus II Mar Thoma Metropolitan Memorial Counselling Centre) ഡയറക്ടറായി പ്രവർത്തിച്ച അദ്ദേഹം അനവധി വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്വാസവും മാർഗ്ഗനിർദ്ദേശവും നല്കി.

മുതിർന്ന വൈദികനെന്ന നിലയിൽ കോട്ടയംപ്രദേശത്തും പുറത്തുമായി നടന്ന സഭാസമ്മേളനങ്ങൾ, കുടുംബസംഗമങ്ങൾ, ആത്മീയ ശിബിരങ്ങൾ എന്നിവയിൽ മുഖ്യാതിഥിയായും പ്രഭാഷകനായും അദ്ദേഹം പങ്കെടുത്തു. വ്യക്തതയും പ്രായോഗികതയും മനുഷ്യന്റെ സമഗ്രക്ഷേമത്തോടുള്ള ആഴമുള്ള കരുതലും അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ വ്യത്യസ്തമാക്കി.

'പുരോഹിത ദർശനം' ഉൾപ്പെടെയുള്ള ടെലിവിഷൻ പരിപാടികളിലൂടെയും അദ്ദേഹം വിശാലമായ ശ്രോതസമൂഹത്തെ സമീപിച്ചു. ആത്മീയനേതൃത്വം, സഭയുടെ സാമൂഹിക ഉത്തരവാദിത്വം, കുടുംബജീവിതത്തിലെ വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾ ഏറെ ശ്രദ്ധേയമായിരുന്നു.

സൗമ്യസ്വഭാവവും ആഴമുള്ള കരുതലും നിറഞ്ഞ ഒരു ഇടയനായാണ് റവ.ഡോ. ടി.ജെ. തോമസ് വിശ്വാസികളുടെ ഹൃദയങ്ങളിൽ ഇടം നേടിയത്.

കുടുംബങ്ങളും സഹവൈദികരും ഇന്ത്യയിലും അമേരിക്കയിലുമുള്ള ഇടവകാംഗങ്ങളും അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ ജീവിതം മാറ്റം കണ്ട അനവധി പേരുമാണ് അദ്ദേഹത്തെ സ്നേഹത്തോടെ അനുസ്മരിക്കുന്നത്.

**ആൻഡ്രൂസ് അഞ്ചേരി**

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.96 |
| യൂറോ | 105.73 |
| സ്റ്റെർലിംഗ്പൗണ്ട് | 121.83 |
| സ്വിസ് ഫ്രാങ്ക് | 113.79 |
| സിംഗപ്പൂർ ഡോളർ | 70.71 |
| കനേഡിയൻ ഡോളർ | 65.50 |
| ഒമാൻ റിയാൽ | 236.58 |
| ബഹ്റൈൻ ദിനാർ | 241.27 |
| സൗദി റിയാൽ | 24.26 |
| യു.എ.ഇ. ദിർഹം | 24.75 |
| കുവൈത്ത് ദിനാർ | 295.21 |

# INAUGURATION OF KERALA CHRISTIAN FEDERATION OF GUYANA

Inauguration of Kerala Christian Federation of Guyana.

Malayalam Mass in the Syromalabar right by Fr. George. 40 faithful attended. Choir led by George Nellamattathil.

Everyone enjoyed Kerala style breakfast sponsored by Cancer institute of Guyana.






# കേന്ദ്രഭരണ പ്രദേശത്തിനായി കുക്കികൾ

ന്യൂഡൽഹി: മണിപ്പൂരിലെ കുക്കി-സോ ഗോത്രവർഗ വിഭാഗങ്ങൾക്കായി നിയമസഭയോടു കൂടിയ പ്രത്യേക കേന്ദ്രഭരണ പ്രദേശം അനുവദിക്കുന്നതിന് രേഖാമൂലം ഉറപ്പു കിട്ടിയശേഷമേ പുതിയ സർക്കാർ രൂപീകരണത്തോട് സഹകരിക്കുകയുള്ളുവെന്ന് ഏഴു ബിജെപിക്കാരടക്കം പത്ത് കുക്കി എംഎൽഎമാർ. അടുത്തവർഷം മാർച്ചിൽ നിയമസഭയുടെ കാലാവധി അവസാനിക്കും.

കുക്കി ഭൂരിപക്ഷ മലയോര ജില്ലകൾക്കായി പ്രത്യേക കേന്ദ്രഭരണപ്രദേശം പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ചുരാചന്ദ്പൂരിലും മോ റെയിലും തെംഗോപാലിലുമടക്കം നടന്ന റാലികളിൽ പതിനായിരങ്ങൾ പങ്കെടുത്തു. കുക്കി എംഎൽഎമാരും ഗോത്രസംഘടനകളായ കുക്കി സോ കൗൺസിലും ഇൻഡിജിനസ് ട്രൈബൽ ലീഡേഴ്സ് ഫോറം നേതാക്കളും വീട്ടമ്മമാരും പങ്കെടുത്ത റാലിയിൽ പ്രത്യേക ഭരണ പ്രദേശമെന്ന ആവശ്യമുയർത്തി പ്ലക്കാർഡുകളും മുദ്രാവാക്യം വിളികളുമുണ്ടായി. ജില്ലാ ആസ്ഥാനമായ ചുരാചന്ദ്പൂർ നഗരത്തിൽ നാല് കിലോമീറ്റർ നീണ്ട ശക്തിപ്രകടനമാണ് കുക്കികൾ നടത്തിയത്. നിലവിലെ നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിനു മുമ്പായി കുക്കികൾക്കായി പ്രത്യേക കേന്ദ്രഭരണ പ്രദേശമെന്ന ആവശ്യം കേന്ദ്രം നിറവേറ്റണമെന്ന് ആവശ്യപ്പെട്ടുള്ള പ്രത്യേക പ്രമേയം ഗോഹട്ടിയിൽ നടന്ന കുക്കി ഗോത്രനേതാക്കളുടെയും എംഎൽഎമാരുടെയും യോഗം പാസാക്കി. വ്യക്തമായ ഉറപ്പുകൾ നല്കുന്നതുവരെ പുതിയ സർക്കാർ രൂപവത്കരണ പ്രക്രിയയിൽ നിന്നു വിട്ടുനില്ക്കാനും നേതൃയോഗം തീരുമാനിച്ചു.

കുക്കി-സോ നേതാക്കളും കേന്ദ്ര സർക്കാരുമായി സസ്പെൻഷൻ ഓഫ് ഓപ്പറേഷൻസ് (എസ്ഒഒ)കരാർ ഒപ്പിട്ട ഗ്രൂപ്പുകളും യോഗത്തിൽ പങ്കെടുത്തു. മെയ്തെയ് ഭൂരിപക്ഷ ബിജെപി സർക്കാരിൽ നിന്ന് സംരക്ഷണം കിട്ടില്ലെന്ന് ഉറപ്പായതിനാൽ കുക്കികൾക്കായി പ്രത്യേക സ്വയംഭരണ പ്രദേശം വേണമെന്നു ബിജെപിക്കാരായ ഏഴു പേർ ഉൾപ്പെടെ പത്ത് കുക്കി-സോ എംഎൽഎമാർ 2023 മെയ് 12-ന് ആദ്യമായി ആവശ്യപ്പെട്ടിരുന്നു.

2023 മെയ് മൂന്നിന് മണിപ്പൂരിൽ വംശീയകലാപം തുടങ്ങി ഒരാഴ്ച കഴിഞ്ഞായിരുന്നു കുക്കി എംഎൽഎമാർ ഒപ്പുവെച്ച പ്രസ്താവനയുണ്ടായത്. തലസ്ഥാനമായ ഇംഫാലിൽ പിന്നീട് നടന്ന നിയമസഭാ സമ്മേളനങ്ങൾ പത്തുപേരും ബഹിഷ്കരിച്ചു.

2024 ഫെബ്രുവരി മുതൽ രാഷ്ട്രപതി ഭരണത്തിലുള്ള മണിപ്പൂരിൽ പുതിയ സർക്കാർ രൂപീകരണത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് കഴിഞ്ഞ ഡിസംബർ 10-ന് കുക്കി ഗോത്രനേതാക്കൾ വ്യക്തമാക്കിയിരുന്നു. നിയമനിർമാണ സഭയുള്ള കേന്ദ്രഭരണപ്രദേശത്തിനായുള്ള ആവശ്യം ഔദ്യോഗികമായി സമർപ്പിച്ചശേഷം മണിപ്പൂർ സർക്കാരിൽ ചേരുന്നതിൽ യുക്തിയില്ലെന്ന് ഇൻഡിജിനസ് ട്രൈബൽ ലീഡേഴ്സ് ഫോറം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

പ്രത്യേക കേന്ദ്രഭരണ പ്രദേശം മാത്രമാണ് മണിപ്പൂരിലെ അശാന്തിക്കുള്ള രാഷ്ട്രീയ പരിഹാരമെന്ന് കുക്കി ഗോത്രവിഭാഗങ്ങൾ കരുതുന്നു.

### ആരോഗ്യപ്രശ്നം:
# യാത്രികർ ഐഎസ്എസിൽനിന്ന് മടങ്ങിയെത്തി

വാഷിങ്ടൺ: രാജ്യാന്തര ബഹിരാകാശ നിലയ (ഐഎസ്എസ്) ത്തിൽ നിന്നു ആരോഗ്യകാരണങ്ങളാൽ ഒഴിപ്പിക്കപ്പെട്ട നാല് ബഹിരാകാശ യാത്രികർ ഭൂമിയിൽ തിരിച്ചെത്തി. നാസയുടെ മൈക്ക് ഫിൻകെ, സീന കാർഡ്മാൻ, ജപ്പാന്റെ കിമിയ യൂയി, റഷ്യയുടെ ഒലെഗ് പ്ലാറ്റനോവ് എന്നിവരാണു മടങ്ങിയെത്തിയത്. ഇവരിലൊരാളുടെ ആരോഗ്യപ്രശ്നമാണു മടക്കയാത്ര നേരത്തെയാക്കാൻ കാരണമായത്. 1998-ൽ ബഹിരാകാശ നിലയം ഭൂമിയുടെ ഭ്രമണപഥത്തിൽ സ്ഥാപിച്ചതിനു ശേഷം ആരോഗ്യപരമായ കാരണങ്ങളാൽ ബഹിരാകാശ യാത്രികരെ ഒഴിപ്പിക്കുന്നത് ഇതാദ്യമായാണ്.



ബഹിരാകാശ യാത്രികരായ മൈക്ക് ഫിൻകെ, സീന കാർഡ്മാൻ, കിമിയ യുയി, ഒലെഗ് പ്ലാറ്റനോവ് എന്നിവർ ഭൂമിയിലേക്കുള്ള മടക്കയാത്രയിൽ.

'ക്രൂ 11' എന്നറിയപ്പെടുന്ന സംഘത്തെ ആരോഗ്യപരിശോധനകൾക്കു ശേഷം പ്രത്യേക കേന്ദ്രത്തിലേക്കു കൊണ്ടുപോയി. രോഗിയായ ബഹിരാകാശ യാത്രികൻ സുഖമായിരിക്കുന്നതായി നാസ അഡ്മിനിസ്ട്രേറ്റർ ജാരെഡ് ഐസക്മാൻ പറഞ്ഞു. റഷ്യൻ ബഹിരാകാശ യാത്രികൻ സെർജി കുഡ്സ്വർ ചെക്കോവിനും മറ്റ് രണ്ടുപേർക്കുമാണ് ഇപ്പോൾ ഐഎസ്എസിന്റെ നിയന്ത്രണം. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിനാണു 'ക്രൂ11' ഐഎസ്എസിലെത്തിയത്. സാധാരണയായി ആറര മാസത്തെ താമസമാണ് അവർ ലക്ഷ്യമിട്ടിരുന്നത്. ഫെബ്രുവരി പകുതിയോടെ ആ ദൗത്യം പൂർത്തിയാകേണ്ടതായിരുന്നു. ഭൂമിയിൽനിന്ന് ഏകദേശം 400 കിലോമീറ്റർ അകലത്തിലാണു രാജ്യാന്തര ബഹിരാകാശ നിലയം. അതു ദിവസവും 16 തവണ ഭൂമിയെ ചുറ്റുന്നു.

മണിക്കൂറിൽ 28,163 കിലോമീറ്റർ വേഗത്തിലാണു ഭൂമിയെ ചുറ്റുന്നത്. ബഹിരാകാശത്തെക്കുറിച്ചും മൈക്രോഗ്രാവിറ്റിയിൽ ജീവിക്കുന്ന മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയിലുള്ള സ്വാധീനത്തെക്കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ നടത്തുകയാണു ഐഎസ്എസിലെത്തുന്ന യാത്രികരുടെ ദൗത്യം. മുമ്പ് രണ്ട് തവണ മാത്രമാണ് ആരോഗ്യപരമായ കാരണങ്ങളാൽ ബഹിരാകാശ ദൗത്യങ്ങൾ നേരത്തെ അവസാനിപ്പിച്ചിട്ടുള്ളത്. 1985-ൽ സോവിയറ്റ് കോസ്മോനോട്ട് വ്ളാഡിമിർ വാസ്യൂട്ടിനും സഹയാത്രികർക്കും സല്യൂട്ട് 7 ബഹിരാകാശ നിലയത്തിലേക്കുള്ള അവരുടെ ദൗത്യം മൂന്നുമാസം മുൻപേ അവസാനിപ്പിച്ച് മടങ്ങേണ്ടിവന്നു. 1987-ൽ, ഹൃദയമിടിപ്പിലെ അസ്വാഭാവികത സോവിയറ്റ് കോസ്മോനോട്ട് അലക്സാണ്ടർ ലവേകൈനെ മിർ ബഹിരാകാശ നിലയത്തിൽനിന്ന് നേരത്തെ പുറത്തുപോകാൻ കാരണമായി.

# ആരവല്ലിയിലെ തണ്ണീർത്തടങ്ങൾ അപ്രത്യക്ഷമാകുന്നു

ന്യൂഡൽഹി: കൈയേറ്റങ്ങളും അനധികൃതഖനനവും നഗരവികസനവുമെല്ലാം ആരവല്ലി മലനിരകളെ ബാധിക്കുന്നുവെന്ന് പഠനം. പരിസ്ഥിതിയെയും കാലാവസ്ഥയെയും ബാധിക്കുന്ന തരത്തിലെ പ്രവർത്തനങ്ങൾക്കു തടയിട്ട് വനമേഖലയുടെ പുനരുദ്ധാരണത്തിനു നടപടിയെടുക്കണമെന്ന് കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദ്ര യാദവ് പുറത്തിറക്കിയ പഠന റിപ്പോർട്ട് നിർദേശിക്കുന്നു.

പ്രാദേശികമായ ഊന്നൽ നൽകിക്കൊണ്ട്, സാമൂഹികപങ്കാളിത്തവും ഉറപ്പാക്കിവേണം ആരവല്ലിയിലെ പരിസ്ഥിതിസംരക്ഷണം. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, ഹരിയാന സർക്കാർ എന്നിവയുടെ സഹകരണത്തോടെ സങ്കല ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയാണ് പഠനം നടത്തിയത്. ആരവല്ലി മലനിരകളിലെ തണ്ണീർത്തടങ്ങൾ അപ്രത്യക്ഷമാകുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. പഠനം നടത്തിയ ഗുരുഗ്രാമിലെ നാലുമേഖലകളിൽ കഴിഞ്ഞ പത്തുവർഷത്തിനിടെ 20 ശതമാനം തണ്ണീർത്തടങ്ങൾ ഇല്ലാതായി. 41 കുളങ്ങളുണ്ടായിരുന്നതിൽ ഏഴെണ്ണം ഇപ്പോഴില്ല. ബാക്കിയുള്ളവയാകട്ടെ പരിതാപകരമായ അവസ്ഥയിലുമാണ്. ആരവല്ലിയും പശ്ചിമഘട്ടവുമുൾപ്പെട്ട ഇന്ത്യയിലെ വനമേഖലകൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ഭൂപേന്ദ്ര യാദവ് പറഞ്ഞു. കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനിടെ ആരവല്ലി മേഖലയിലെ ആയിരക്കണക്കിന് ഹെക്ടർ വനഭൂമി തിരിച്ചുപിടിച്ചു. നഷ്ടപ്പെട്ട 2.6 കോടി ഹെക്ടർ ഭൂമി 2030-ഓടെ തിരിച്ചെടുക്കാനാണ് ആരവല്ലി ഗ്രീൻ വാൾ പ്രോജക്ട് പ്രഖ്യാപിച്ചത്- മന്ത്രി പറഞ്ഞു.

# പ്രതിരോധ, ബഹിരാകാശ മേഖലകളിൽ സ്റ്റാർട്ടപ്പുകൾക്ക് വലിയ പങ്കെന്ന് മോദി

ന്യൂഡൽഹി: ഇന്ത്യയിൽ തുടക്കമിട്ട അതിവേഗ പരിഷ്കരണങ്ങൾ കാരണം മുൻപ് ചിന്തിക്കാനാകാത്ത മേഖലകളിലേക്കുവരെ സ്റ്റാർട്ടപ്പുകൾക്ക് കടന്നെത്താൻ കഴിയുന്ന സാഹചര്യം സംജാതമായതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

ഇന്ത്യയിൽ ബഹിരാകാശ, പ്രതിരോധ മേഖലകളിൽ സ്റ്റാർട്ടപ്പുകൾക്ക് വലിയ പങ്കുണ്ട്. ആത്മനിർഭർ ഭാരത് കെട്ടിപ്പടുക്കുന്നതിൽ സ്റ്റാർട്ടപ്പുകൾ പ്രധാന പങ്കുവഹിക്കുന്നത് അഭിമാനകരമാണ്. ഈ രംഗത്ത് വിജയക്കൊടി നാട്ടുന്ന യുവാക്കളെ സഹായിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ഈ മേഖലയിൽ ലോകത്ത് ഒന്നാം നിരയിൽ ഇന്ത്യയെ എത്തിക്കുകയാണ് ലക്ഷ്യമെന്നും പ്രധാനമന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പ് ഇന്ത്യ 10 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായുള്ള ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയുടെയും സമൂഹത്തിന്റെയും ഭാവി മാറ്റിമറിക്കുന്ന എഞ്ചിനുകളാണ് സ്റ്റാർട്ടപ്പുകൾ. സ്റ്റാർട്ടപ്പുകളുടെ മേഖല ശക്തിപ്പെടുത്താൻ കേന്ദ്രസർക്കാർ എല്ലാവരുമായും ചേർന്ന് പ്രവർത്തിക്കുകയാണ്. ഇന്ത്യയിലെ യുവ സംരംഭകരുടെ നിശ്ചയദാർഢ്യത്തെയും പ്രതിബദ്ധതയെയും പ്രധാനമന്ത്രി പ്രകീർത്തിച്ചു.

യുവസംരംഭകരുടെ പരിശ്രമം ഈ മേഖലയിൽ പുതിയ റെക്കോഡുകൾ സൃഷ്ടിക്കുന്നു. നവീനാശയങ്ങൾ ഈ മേഖലയിൽ അവലംബിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

# അയോണ 'ജീവിക്കും' നാലുപേരിലൂടെ



കണ്ണൂർ: തന്റെ അവയവങ്ങൾ നാലുപേർക്ക് പങ്കുവെച്ച് പയ്യാവൂർ തിരൂരിലെ അയോണ മോൻസൻ (17) വിടവാങ്ങി. പയ്യാവൂർ സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ മൂന്നാംനിലയിൽനിന്ന് ചാടി കണ്ണൂർ ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ജനുവരി 14-ന് ബുധനാഴ്ച രാത്രി മസ്തിഷ്കമരണം സ്ഥിരീകരിച്ചതോടെ ഡോക്ടർമാർ അവയവദാന സാധ്യതയെയും പ്രാധാന്യത്തെയും കുറിച്ച് സംസാരിച്ചു. 15-ന് വ്യാഴാഴ്ച രാവിലെ 6.30-ഓടെ ശസ്ത്രക്രിയ ഉൾപ്പെടെ നടത്തി അവയവങ്ങൾ കൈമാറി. അയോണയുടെ രണ്ട് വൃക്കകളും കരളും കോർണിയയുമാണ് ദാനം ചെയ്തത്.

ഒരു വൃക്ക തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. കണ്ണൂരിൽനിന്ന് രാവിലെ 8.45-നുള്ള ഇൻഡിഗോ വിമാനമാണ് അവയവവുമായി പറന്നത്. 10.42-ന് തിരുവനന്തപുരം വിമാനത്താവളത്തിൽ. 11 മണിക്ക് മെഡിക്കൽ കോളജിലുമെത്തി. കേരളത്തിൽ ആദ്യമായാണ് യാത്രാവിമാനം വഴി അവയവം എത്തിക്കുന്നത്. 27 വയസ്സുള്ള പാറശ്ശാല സ്വദേശിനിക്കാണ് വൃക്ക നൽകിയത്. അയോണയുടെ രണ്ടാമത്തെ വൃക്ക കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗിക്കും നൽകി. കരൾ കോഴിക്കോട്ടെ മെയ്ത്ര ആശുപത്രിക്കാണ് കൈമാറിയത്. പയ്യാവൂർ സേക്രഡ് ഹാർട്ട് സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിനിയാണ് അയോണ. പിതാവ്: കട്ടിയാങ്കൽ മോൻസൺ. മാതാവ്: അനിത. സഹോദരങ്ങൾ: മാർഫിൻ, എയ്ഞ്ചൽ.

## ലജ്ജാശീലമുള്ളവരായിരിക്കണം

(24-ാം പേജിൽനിന്നും)

ഉപകരണത്തിന്റെ അപകടം എത്ര വലുതാണെന്നു പറയേണ്ടതില്ലല്ലോ. പ്രായവ്യത്യാസമില്ലാതെ എല്ലാവരെയും അടിമകളാക്കുവാൻ ശക്തിയേറിയ മറ്റ് ഏതെങ്കിലും ഉപകരണമുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നുതന്നെ വേണം പറയാൻ.

അതു മനസ്സിലാക്കി വേണം അതു കൈയിൽ കൊണ്ടുനടക്കുവാൻ. അതിലൂടെ തകർന്നു തരിപ്പണമാകുന്നവർ നിരവധിയാകുന്നു എന്നോർക്കുക. പറിക്കുന്ന കുട്ടികൾക്കു പോലും അതു പ്രയോജനകരമാകയാൽ അതിന്റെ മറവിൽ ഉയർന്നുവരുന്ന ദോഷങ്ങളെക്കുറിച്ച് മാതാപിതാക്കളും മക്കളും ഒരുപോലെ മനസ്സിലാക്കുക എന്നു മാത്രം പറയുന്നു.

മക്കളെ മാതൃകാപരമായി വളർത്തി ദൈവത്തിനും മനുഷ്യർക്കും പ്രയോജനമുള്ള ശ്രേഷ്ഠപൗരന്മാരാക്കുവാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണമേ എന്ന അപേക്ഷയോടും ആശംസയോടും കൂടെ നിർത്തട്ടെ.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

## SEEKING BRIDEGROOM CONTD.....

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## എ.കെ. മാത്യു

**പാലാരിവട്ടം:** സൗത്ത് ജനതാ റോഡ് അടങ്ങപ്പുറത്ത് എ.കെ. മാത്യു (85) അന്തരിച്ചു. ഭാര്യ: കോട്ടയം കളരിക്കൽ ലളിത. മക്കൾ: അനിൽ (ദുബായ്), സുനിൽ (യുഎസ്). മരുമക്കൾ: ചെങ്ങന്നൂർ ചെറിയനാട് കളീക്കൽ ദീപ്തി, ചെങ്ങന്നൂർ പേരിശേരി ചെങ്ങഴത്തു പ്രിയ.

**നെടുങ്കുന്നം:** സംസ്ഥാന ബാസ്കറ്റ്ബോൾ റഫറിയും കളിക്കാരനുമായിരുന്ന പുതുപ്പള്ളി ഡോൺബോസ്കോ സ്കൂൾ കായിക അധ്യാപകൻ പാലയ്ക്കൽ ജോൺസൺ മാത്യു (52) അന്തരിച്ചു.

## ത്രേസ്യാക്കുട്ടി

**കൂനംതൈ:** മൂവാറ്റുപുഴ ഈസ്റ്റ് മാറാടി വിഎച്ച്എസ്എസ് റിട്ട. പ്രിൻസിപ്പൽ വളവി മുളക്കൽ വീട്ടിൽ ത്രേസ്യാക്കുട്ടി (സോഫിയാമ്മ-80) അന്തരിച്ചു. എടത്വ പാണ്ടി പള്ളിത്താനം കുടുംബാംഗമാണ്. ഭർത്താവ്: ജേക്കബ് വി. വളവി. (റിട്ട. എജിഇ മിലിറ്ററി എൻജിനീയറിങ് സർവീസ്). മക്കൾ: ടോണി (ബെംഗ്ളൂർ), സോണി (യൂണിയൻ ബാങ്ക്), ജോൺ (യുഎസ്). മരുമക്കൾ: റോസി മാർസൽ, റാണി ഏബ്രഹാം, സജിത.

## ലില്ലി തോമസ്

**പുതുപ്പള്ളി:** അങ്ങാടികാട്ടിൽ ലില്ലി തോമസ് (100) ഡെലവെയറിൽ അന്തരിച്ചു. ഭർത്താവ് ചെങ്ങന്നൂർ വെണ്മണി വടക്കേടത്ത് പരേതനായ എ.ഒ. തോമസ് (റിട്ട. സീനിയർ എൻജിനീയർ ഭിലായ് സ്റ്റീൽ പ്ലാന്റ്). മക്കൾ: വി.ടി. രാജൻ (റിട്ട. സയന്റിസ്റ്റ്, ന്യൂയോർക്ക്), ലീല തോമസ് (പ്രഫ.സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഡെലവെയർ), മീന തോമസ് (റിട്ട. പബ്ലിക് യൂട്ടിലിറ്റി കമ്മീഷണർ ടെക്സസ്). മരുമകൾ: പരേതയായ ആലീസ് ജേക്കബ് രാജൻ (ന്യൂയോർക്ക്).

## അന്നമ്മ ജോസഫ്

**കരിങ്കുന്നം:** പൈമ്പുള്ളിയിൽ അന്നമ്മ (102) അന്തരിച്ചു. രാമപുരം ആലനോലിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ഫ്രാൻസിസ് (യുഎസ്), മേഴ്സി, സെലിൻ, പരേതനായ പി.ജെ. അവിര (കരിങ്കുന്നം പഞ്ചായത്ത് മുൻ പ്രസിഡണ്ട്). മരുമക്കൾ: മേരിക്കുട്ടി (യുഎസ്), കുഞ്ഞിഞ്ഞി കീത്താപ്പിള്ളി ബേബി, അഞ്ചിരി വടക്കേക്കര ആനി, ഒറ്റല്ലൂർ തുടുവിനാനിക്കൽ അലോഷി.

**കാഞ്ഞിരപ്പള്ളി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ കാഞ്ഞിരപ്പള്ളി സെന്റ് തോമസ് പ്രോവിൻസ് ചോറ്റി അസീസി ഭവനാംഗം സിസ്റ്റർ റോസിറ്റ കളപ്പുരയ്ക്കൽ (89) അന്തരിച്ചു.

**കലഞ്ഞൂർ:** പത്തനാപുരം മൗണ്ട് താബോർ എച്ച്.എസ്. റിട്ട. പ്രധാനാധ്യാപിക വയലിറക്കത്ത് ഏലിയാമ്മ തോമസ് (84) അന്തരിച്ചു.

## പ്രഫ. പാസ്റ്റർ ടി.സി. കോശി



**ചിക്കാഗോ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകനും സൺഡേസ്കൂൾ അസോസിയേഷന്റെ മുൻ ഡയറക്ടറും ഹോസ്പിറ്റൽ മിനിസ്ട്രീസ് ഓഫ് ഇന്ത്യ ചെയർമാനും ഐപിസി പാമ്പാടി, വൈക്കം സെന്ററുകളുടെ മുൻ സെന്റർ മിനിസ്റ്ററുമായ പ്രഫ. പാസ്റ്റർ ടി.സി. കോശി (90) ചിക്കാഗോയിൽ അന്തരിച്ചു. ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഇംഗ്ലീഷ് വിഭാഗം മേധാവിയായി സേവനമനുഷ്ഠിച്ചിട്ടുള്ള പരേതൻ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ബൈബിൾ പരിഭാഷ നിർവഹിച്ചിട്ടുണ്ട്. വേൾഡ് വിഷന്റെ വിവിധ പ്രോജക്ടുകൾക്കും നേതൃത്വം നല്കിയിട്ടുണ്ട്. റാന്നി കപ്പമാമൂട്ടിൽ കുടുംബാംഗമായ ചിന്നമ്മയാണ് ഭാര്യ. ഡോ. അലക്സ് ടി. കോശി, പരേതനായ പാസ്റ്റർ ബെൻ കോശി, പാസ്റ്റർ സിസിൽ കോശി എന്നിവർ മക്കളും ലിസ അലക്സ് കോശി, അനി ബെൻ കോശി, സിനാ സിസിൽ കോശി എന്നിവർ മരുമക്കളുമാണ്. ടി.സി. ഇട്ടി, പരേതനായ പ്രഫ. ടി.സി. മാത്യു, ഡോ. ടി.സി. മത്തായി, സൂസൻ മണിയാറ്റ് എന്നിവർ സഹോദരങ്ങളാണ്.

**തൃശൂർ:** പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ തായംകുളങ്ങര വാരിയത്ത് കൃഷ്ണൻകുട്ടി വാരിയർ (82) അന്തരിച്ചു.

**അതിരമ്പുഴ:** കൊല്ലപ്പള്ളിൽ സണ്ണി സെബാസ്റ്റ്യൻ (66) അന്തരിച്ചു.

**തിരുവനന്തപുരം:** ഡോ. ഗോപിനാഥ് ഡയഗ്നോസ്റ്റിക് സർവീസ് ഉടമ മെഡിക്കൽ കോളജ് പി.ടി. ചാക്കോ നഗർ ഡോ. ജി. ഗോപിനാഥ് (75) അന്തരിച്ചു.

## ജെയിംസ് ഏബ്രഹാം

**ചങ്ങനാശേരി:** കുരിശുംമൂട് ആലുമ്മൂട്ടിൽ ജെയിംസ് ഏബ്രഹാം (85) അന്തരിച്ചു.ഭാര്യ വൈക്കം വടക്കേടത്ത് തങ്കമ്മ. മക്കൾ: ഷാജിമോൾ, റോബിൻ (ഇരുവരും യുഎസ്).

**വെട്ടിമുകൾ:** കെഎസ്ആർടിസി റിട്ട. ജീവനക്കാരൻ മങ്ങാട്ടുതുണ്ടത്തിൽ (മുര്യൻ മ്യാലിൽ) എം.ടി. ചാക്കോ (82) അന്തരിച്ചു.

**കോതനല്ലൂർ:** തെക്കേക്കര ടി.സി. ജോസഫ് (82) അന്തരിച്ചു.

## കെ.ജെ. ജേക്കബ്

**നെടുങ്കുന്നം:** ചേലക്കൊമ്പ് കിഴക്കയിൽ കെ.ജെ. ജേക്കബ് (അച്ചൻകുഞ്ഞ്-76) ടെക്സസിൽ അന്തരിച്ചു. ഭാര്യ കുളത്തൂർ മുഴി കൊച്ചുമണ്ണിൽ മേരിക്കുട്ടി. മക്കൾ: മിനി, മനോജ് (ഇരുവരും യുഎസ്). മരുമകൻ: ജോ കണ്ണോത്ത് കവുങ്ങുംപ്രയാർ (യുഎസ്).

## അന്നമ്മ ചെറിയാൻ

**കോട്ടയം:** മൂലേടം എള്ളുകാലായിൽ അന്നമ്മ ചെറിയാൻ (മോളി-83) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് പരേതനായ മിതിലേഷ് വർമ. മക്കൾ: ഡോ. ജീന വർമ, അനിൽ വർമ.

**ആലപ്പുഴ:** പാലാ നാഷണൽ ഇൻഷ്വറൻസ് റിട്ട. ഉദ്യോഗസ്ഥൻ മാന്തറ വീട്ടിൽ എം.എക്സ്. തോമസ് (78) അന്തരിച്ചു.

**രാമപുരം:** പുത്തൻപുരയ്ക്കൽ പരേതനായ പി.ടി. ചാക്കോയുടെ മകൻ ദുബായ് ലുലു ഗ്രൂപ്പ് മാനേജർ ജോജോ ജേക്കബ് (53) അന്തരിച്ചു.

**കുറിച്ചി:** തിരുവല്ല നഗരസഭ റിട്ട. വ്യവസായ ഓഫീസർ തുരുത്തുമഠത്തിൽ ടി. തോമസ് മത്തായി (രാജു-75) അന്തരിച്ചു.

**തിരുവനന്തപുരം:** പരിസ്ഥിതി പ്രവർത്തകനും എസ്ബിടി റിട്ട. ജീവനക്കാരനുമായ തൈക്കാട് ഇന്ദിരാഭവനിൽ ജി. രാജ്കുമാർ (കുറിഞ്ഞി രാജ്കുമാർ-70) അന്തരിച്ചു.

## ഏലിയാമ്മ ജോസഫ്



**വായ്പൂര്:** മുക്കാട്ട് പരേതനായ ജോസഫിന്റെ ഭാര്യ ഏലിയാമ്മ (98) അന്തരിച്ചു. വായ്പൂര് മേച്ചേരിമണ്ണിൽ കുടുംബാംഗമാണ്. മക്കൾ: എം.ജെ. തോമസ് (റിട്ട.കെഎസ്ഇബി), ജോയി ജോസഫ് (റിട്ട. പ്രഫ. അലോഷ്യസ് കോളജ് എടത്വ), എം.ജെ. ജോർജ് (റിട്ട. പ്രഫ. സെ. സേവ്യേഴ്സ് കോളജ് തുമ്പ), മാത്യു ജോസഫ് (ചിക്കാഗോ), പരേതയായ മേരിക്കുട്ടി ജോസഫ്, സണ്ണി ജോസഫ് (ഹൂസ്റ്റൺ). മരുമക്കൾ: മേരി ജോസഫ് ഉറുമ്പയ്ക്കൽ കണ്ണിമല, സിൽവി ജോയി ഊരാംവേലിൽ, ജയിനമ്മ ജോർജ് കോവുക്കുന്നേൽ ചമ്പക്കര, റെയ്മോൾ മാത്യു ഏഴാനിക്കാട് കളപ്പുരയ്ക്കൽ നാകപ്പുഴ (ചിക്കാഗോ), ആൻസി പോൾ വന്യം പറമ്പിൽ തൊടുപുഴ (ഹൂസ്റ്റൺ).

**മാവേലിക്കര:** റിട്ട. പോസ്റ്റ് മാസ്റ്റർ കണ്ടിയൂർ ശ്രീവിഹാറിൽ ജി. കൃഷ്ണപിള്ള (87) അന്തരിച്ചു.

## ഏലിയാമ്മ ഫിലിപ്പോസ്

**പാമ്പാടി:** എസ്.എൻ. പുരം ചാണകപാറയ്ക്കലായ തുറുമ്പുങ്കൽ ഏലിയാമ്മ ഫിലിപ്പോസ് (94) അന്തരിച്ചു. ഭർത്താവ് പരേതനായ ഫിലിപ്പോസ്. മക്കൾ: പരേതനായ ഉണ്ണി ഫിലിപ്പോസ്, മാത്യു ഫിലിപ്പോസ്, ബെന്നി ഫിലിപ്പോസ് സൂസൻ തോമസ് (മൂവരും യുഎസ്). മരുമക്കൾ: തങ്കമ്മ ഉണ്ണി, ജോർജ് തോമസ്, ബിനു ബെന്നി (യുഎസ്) ജെയ്സമ്മ മാത്യു.

**വെള്ളൂർ:** വളഞ്ഞാറ്റിൽ പരേതനായ തോമസ് ഏബ്രഹാമിന്റെ ഭാര്യ മേരിക്കുട്ടി തോമസ് (77) അന്തരിച്ചു.

## റവ. റോയ് മാത്യു



**ന്യൂജേഴ്സി/തിരുവല്ല:** മലങ്കര മാർത്തോമ്മ സുറിയാനി സഭയിലെ വൈദികനായ റവ. റോയ് മാത്യു (പാനിക്കന്റത്ത്) അന്തരിച്ചു. കനകപ്പലം ജെറുസലേം മാർത്തോമ്മാ ഇടവകാംഗമാണ്. സഭയുടെ വിവിധ ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം 2013 മുതൽ 16 വരെ ന്യൂജേഴ്സിയിലെ സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് വികാരിയായിരുന്നു. റവ. റോയ് അച്ചന്റെ വേർപാടിൽ മാർത്തോമ്മാ സഭയും സഭാ സെക്രട്ടറി റവ. എബി ടി. മാമ്മനും അനുശോചനം രേഖപ്പെടുത്തി.

**ചെങ്ങന്നൂർ:** കോയിപ്രം ഗവ. സ്കൂൾ റിട്ട. അധ്യാപിക നിധാനത്തിൽ പൊന്നമ്മ ജോൺസൺ (77) അന്തരിച്ചു.

## അന്നമ്മ തോമസ്

**മണർകാട്:** കല്ലുപാലത്തിങ്കൽ പരേതനായ തോമസ് ജോർജിന്റെ (ഓണററി ക്യാപ്റ്റൻ ഇന്ത്യൻ ആർമി) ഭാര്യ അന്നമ്മ തോമസ് (ചിന്നമ്മ-84) അന്തരിച്ചു. അട്ടാർവയലിൽ കുടുംബാംഗവും മണർകാട് ഐറാറ്റുനട സെന്റ് പോൾസ്, ന്യൂലൈഫ് സ്പെഷൽ സ്കൂൾസ്ഥാപകയുമാണ്. മക്കൾ: ജോർജി (യുഎസ്), റോജൻ, ഡോ. തനുജ. മരുമക്കൾ: ഹോളി (യുഎസ്), ലിജി ചാലക്കുഴി (മണർകാട്).

**തിരുവനന്തപുരം:** തകഴി ശിവശങ്കരപ്പിള്ളയുടെ കൊച്ചുമകൾ പ്രിയ രാജഗോപാൽ (53) അന്തരിച്ചു.

**റാന്നി:** ചെറുകുളഞ്ഞി പുളിനിൽക്കുംപറമ്പിൽ കുഞ്ഞമ്മ ഏബ്രഹാം (88) അന്തരിച്ചു.

**കുന്നന്താനം:** വിമുക്തഭടൻ അനു വിഹാറിൽ കെ.വി. ശിവരാമപിള്ള (72) അന്തരിച്ചു.

**അമനകര:** ചാലിൽ അന്നമ്മ (98) അന്തരിച്ചു.

## ലിജി ബാബുക്കുട്ടി

**കോട്ടയം:** എടത്തുംപടിക്കൽ കുരീക്കാട്ട് ബാബുക്കുട്ടിയുടെ ഭാര്യ ലിജി ബാബുക്കുട്ടി (61) അന്തരിച്ചു. എടത്വ വെട്ടുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റൂത്ത് സൂസൻ (ഫെഡറൽ ബാങ്ക്), റൂബൻ ബാബു (യുഎസ്). മരുമക്കൾ: റോഹൻ ചെറിയാൻ തോമസ് (എറണാകുളം), സാറാ റെയ്ച്ചൽ കോശി (യുഎസ്).

## സി.എസ്. ജോസഫ്

**വെട്ടിമുകൾ:** കാട്ടുകുന്നേൽ (മേരിഭവൻ) സി.എസ്. ജോസഫ് (95) അന്തരിച്ചു. എൽഐസി ഏജന്റ്, സോണൽ മാനേജേഴ്സ് ക്ലബ് അംഗം. കെപിസിസി അംഗം വിവിധ സഹകരണ സംഘങ്ങളിൽ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ കുറുപ്പന്തറ വെട്ടുതടത്തിൽ പരേതയായ മേരി ജോസഫ്. മക്കൾ. ഡോ. ടി.ജെ. സെബാസ്റ്റ്യൻ (റിട്ട. സിഎംഒ), മേഴ്സി ജോസഫ് (റിട്ട. മാനേജർ കേരള ബാങ്ക്), പരേതനായ അഡ്വ. ജോൺ ജോസഫ്, ജെസി ജോസഫ്, ടിസ ജോസഫ് (യുഎസ്), ബിനി ജോസഫ് (എൽഐസി പാലാ). മരുമക്കൾ: പരേതയായ മേരി ജേക്കബ് പുതിയിടം കടനാട്, ജോൺ കോരചാലാകരി (കുമരകം സർവീസ് സഹ. ബാങ്ക്), ജോർജ് കെ. ജോൺ കളരിക്കൽ (എൽഐസി, കോട്ടയം), അഡ്വ. കൊച്ചുറാണി ജോൺ തറപ്പേൽ പനച്ചിക്കൽ ഭരണങ്ങാനം, ഡോ. കോശി കെ. വർഗീസ് (യുഎസ്), രാജൻ ജോസഫ് നടക്കൽ പൂവരണം (റിട്ട. കെഎസ്ഇബി).

## പി.സി. ജേക്കബ്

**പുലിയന്നൂർ:** മലപ്പുറം മൊറയൂർ വി.എച്ച്.എം ഹൈസ്കൂൾ റിട്ട. അധ്യാപകൻ പുളിക്കൽ പി.സി. ജേക്കബ് (ചാക്കോച്ചൻ-74) അന്തരിച്ചു. ഭാര്യ രാമപുരം പുന്നത്താനത്ത് ഫിലോമിന ജേക്കബ്. മക്കൾ: ദിവ്യ ജേക്കബ് (ബെംഗ്ളൂരു), ധന്യ ജേക്കബ് (അബുദാബി), നവ്യ ജേക്കബ് (യുഎസ്). മരുമക്കൾ: അലക്സാണ്ടർ സെബാസ്റ്റ്യൻ കോട്ടപ്പുറം (ഹൈദരാബാദ്), തോമസ് പോൾ മാഞ്ഞൂർ (അബുദാബി), റിജോ ജോർജ് കോഴിക്കോട് (യുഎസ്).

**നെയ്യാറ്റിൻകര:** മഞ്ചവിളാകം ശ്രീമാധവത്തിൽ റിട്ട. ഫാർമസിസ്റ്റ് കെ. മാധവൻപിള്ള (96) അന്തരിച്ചു.

**ചിറക്കടവ്:** മുതുകാട്ട് എം.ടി. തോമസിന്റെ ഭാര്യ ഗ്രേസി തോമസ് (86) അന്തരിച്ചു.

**ചിങ്ങവനം:** മൂലംകുളം കാട്ടുവേലിൽ എയർഫോഴ്സ്, ഇന്ത്യൻ എയർലൈൻസ് റിട്ട. ഉദ്യോഗസ്ഥൻ കെ.ഒ. ഉതുപ്പാൻ (കുഞ്ഞുമോൻ-80) അന്തരിച്ചു.

**വഴിത്തല:** കോലടി മഠത്തിപറമ്പിൽ പരേതനായ പൗലോസിന്റെ ഭാര്യ മേരി പൗലോസ് (78) അന്തരിച്ചു.

## ഏലിയാമ്മ ജോസഫ്

**നെടുങ്കുന്നം:** കോഴിമണ്ണിൽ പരേതനായ കെ.ടി. ജോസഫിന്റെ ഭാര്യ സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ റിട്ട. അധ്യാപിക ഏലിയാമ്മ ജോസഫ് (81) അന്തരിച്ചു. കടയനിക്കാട് അമ്പലത്തിങ്കൽ കുടുംബാംഗമാണ്. മക്കൾ: ബിജു ജോസഫ് (റിട്ട. അധ്യാപകൻ, എസ്ബിഎച്ച്എസ്, ചങ്ങനാശേരി), എമിലി ജോസഫ്, ബിജോയ് ജോസഫ് (ഇരുവരും കുവൈറ്റ്), ബോബി ജോസഫ് (യുഎസ്). മരുമക്കൾ: ലത അലക്സ് കറുകക്കളം പുളിങ്കുന്ന് (റിട്ട. അധ്യാപിക സെ. തെരേസാസ്, നെടുങ്കുന്നം), ടോം ജോസഫ് തോട്ടുപുറത്ത് ആനിക്കാട് (ഇരുവരും കുവൈറ്റ്), ദീപ ലീമ ഡേവിഡ് നെടിയാപറമ്പിൽ വടക്കേക്കര (യുഎസ്).

## ത്രേസ്യാമ്മ ജോസഫ്



**വില്ലൂന്നി:** കാഞ്ഞിരത്തിങ്കൽ ത്രേസ്യാമ്മ ജോസഫ് (75) അന്തരിച്ചു. മാന്നാനം പൊൻമല കുടുംബാംഗമാണ്. ഭർത്താവ് കെ.ടി. ജോസഫ്. മക്കൾ: ജയ മത്തായി (യുഎസ്), ജോമോൻ ജോസഫ് (അബുദാബി), ജസ്റ്റിൻ ജോസഫ് (ന്യൂസിലൻഡ്), ജോയ്സ് ജോസഫ്. മരുമക്കൾ: റജി മത്തായി (യുഎസ്), അനിത ജോമോൻ, ട്രീസ ജസ്റ്റിൻ (ന്യൂസിലൻഡ്).

**തലയോലപ്പറമ്പ്:** വ്യാപാരി വ്യവസായി ഏകോപന സമിതി കോട്ടയം ജില്ല മുൻ പ്രസിഡണ്ട് തോട്ടുപുറത്ത് പരേതനായ ടി.എ. കുര്യന്റെ ഭാര്യ ത്രേസ്യാമ്മ കുര്യൻ (91) അന്തരിച്ചു.

## മറിയാമ്മ ഗീവർഗീസ്

**അങ്കമാലി:** മൂക്കന്നൂർ കോക്കുന്ന് പറവട്ടിൽ മറിയാമ്മ (94) അന്തരിച്ചു. ഭർത്താവ് പരേതനായ ഗീവർഗീസ്. മക്കൾ: ഏലിയാമ്മ, മാത്തുക്കുട്ടി (ബഹ്റൈൻ), സ്കറിയ (യുഎസ്). മരുമക്കൾ: കുന്നയ്ക്കാൽ അരിമാലിയിൽ ചിന്നമ്മ, കരയാംപറമ്പ് അയ്യമ്പിള്ളി ശോശാമ്മ, കുറുപ്പംപടി മാണിയാട്ട് പരേതനായ ജോയി.

**കോഴിക്കോട്:** മെഡിക്കൽ കോളജ് ക്യാമ്പസ് ഹൈസ്കൂൾ റിട്ട. പ്രധാനാധ്യാപിക വേങ്ങൽ ചന്ദ്രകാന്തം വീട്ടിൽ ജി. പൊന്നമ്മ (96) അന്തരിച്ചു.

**നീലൂർ:** സെ. ജോസഫ്സ് ഇ.എം.എച്ച്.എസ് മുൻ അധ്യാപകൻ പുതിയിടത്ത് മാത്യു തോമസ് (കുഞ്ഞ്-82) അന്തരിച്ചു.

**കാനം:** പഴവരിക്കൽ ഏലിയാമ്മ സി. വർഗീസ് (പെണ്ണമ്മ-79) അന്തരിച്ചു.

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## HOUSE FOR RENT IN BORDER LONG ISLAND, NEW YORK

Bricks 3 bedrooms, 2 living rooms, house one block from BELL ROSE, NEW YORK CITY, SPRINGFIELD BLVD 89-90TH AVE. Near LIR (Train), One Block Bus in front and all around, NEW YORK CITY Subway very close. With Garage $2900.00. Without garage $2800.00. Minimum rent for 2 bedrooms here is $3800.00. Tenant (MUST) pays all utilities, water, heating and electricity. Available after January 26th, 2026.

**FORE MORE INFORMATION PLEASE CONTACT**

**1-516-376-0631, 1-516-209-7186 (JUSTIN)**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ

**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ**

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ

**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ**

*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**




# ‘കളങ്കാവൽ’ സിനിമ, ‘ഫാർമ’ വെബ്സീരീസ് എന്നിവയുടെ പശ്ചാത്തലത്തിൽ അഭിനേത്രി ശ്രുതി രാമചന്ദ്രൻ സംസാരിക്കുന്നു



സിനിമയിലെത്തി വ്യാഴവട്ടം പിന്നിടുമ്പോൾ അഭിനയത്തിൽ സെലക്ടീവായി മുന്നേറുകയാണ് ശ്രുതി രാമചന്ദ്രൻ. മമ്മൂട്ടിക്കമ്പനിയുടെ ‘കളങ്കാവലി’ൽ മുഖഭാവങ്ങളിലും വർത്തമാനങ്ങളിലുമൊക്കെ വേറിട്ട പ്രണയം അനുഭവിപ്പിച്ച ദീപ എന്ന നായിക കഥാപാത്രം. മരുന്നു മാഫിയയുടെ ഞെട്ടിക്കുന്ന രഹസ്യങ്ങൾ ചുരുളഴിയുന്ന ഹോട്ട്സ്റ്റാർ വെബ്സീരീസ് ‘ഫാർമ’യിൽ നിവിൻപോളിക്കൊപ്പം ഡോ. ജാനകിയെന്ന കരുത്താർന്ന കേന്ദ്രകഥാപാത്രം. ഭർത്താവും തിരക്കഥാകൃത്തുമായ ഫ്രാൻസിസ് തോമസിനൊപ്പം തിരക്കഥയെഴുത്തിലും സജീവം. ശ്രുതി രാമചന്ദ്രൻ സംസാരിക്കുന്നു.

കളങ്കാവലിലേക്ക് അടുപ്പിച്ചത് മമ്മൂട്ടിയാണ്. പക്ഷേ, എനിക്ക് എന്റെ കഥാപാത്രവും പ്രധാനമാണ്. എല്ലാ ഘടകങ്ങളും ആവേശം പകരുമ്പോഴാണല്ലോ ഒരു ആർട്ടിസ്റ്റ് എന്ന നിലയിൽ ഒരു പ്രോജക്ട് കമിറ്റ് ചെയ്യുന്നത്. മമ്മൂക്കപ്പടമാണ്, മമ്മൂട്ടിക്കമ്പനി നിർമിക്കുന്നു എന്നൊക്കെ കേട്ടപ്പോൾതന്നെ ആവേശം തോന്നി. ഒപ്പം, കഥാപാത്രം എങ്ങനെയുണ്ടാവും എന്നറിയാനുള്ള ആകാംക്ഷയും. സംവിധായകൻ ജിതിനും കോ-റൈറ്റർ ജിഷ്ണുവും കഥപറഞ്ഞപ്പോൾ എന്റേതു പടത്തിലെ ഒരു പ്രധാന കഥാപാത്രമാണെന്നു മനസിലായി.

മമ്മൂക്ക ഒരു മെഗാസ്റ്റാറാണ്, ഇതിഹാസമാണ് എന്നൊക്കെയറിയാമായിരുന്നു. ഒപ്പം, ആളുകൾ പറഞ്ഞുതന്ന കുറേ കാര്യങ്ങളും. അതൊക്കെ മാറ്റിവെച്ചിട്ടാണ് ഷൂട്ടിംഗിനു പോയത്. മമ്മൂക്കയ്ക്കു നേരേനിന്ന് അഭിനയിക്കുമ്പോൾ സൂപ്പർസ്റ്റാർ എന്ന ഭാരം അദ്ദേഹത്തിനില്ല. ആ ഭാരം നമ്മൾ എടുത്തുവെക്കേണ്ട ആവശ്യവുമില്ല.

ആ ഭാരം ഞാനെടുത്തു വെച്ചിരുന്നെങ്കിൽ ചിലപ്പോൾ എനിക്ക് അദ്ദേഹത്തിൽനിന്നു പഠിക്കാനോ ചോദിക്കാനോ പറ്റിയെന്നുവരില്ലായിരുന്നു. പക്ഷേ, ഓപ്പോസിറ്റായി ഒരഭിനേത്രി എന്ന നിലയിൽ മമ്മൂക്കയുടെകൂടെ വർക്ക് ചെയ്തപ്പോൾ എനിക്ക് ഏറ്റവുമധികം ഫീൽ ചെയ്തത് അദ്ദേഹത്തിന്റെ ക്യൂരിയോസിറ്റിയാണ്. അനുഭവസമ്പത്തുള്ള ഒരാക്ടറുമായി വർക്ക് ചെയ്യുമ്പോൾ ഉറപ്പായും എനിക്കു കുറേ ചോദ്യങ്ങളുണ്ടാകുമല്ലോ. പക്ഷേ, ഞാൻ ചോദിച്ചതിലും കൂടുതൽ ചോദ്യങ്ങൾ മമ്മൂക്ക എന്നോടാണു ചോദിച്ചത്.

മമ്മൂക്കയുടെ ജിജ്ഞാസയാണ് അദ്ദേഹത്തെ ഈ ഒരു ലെവലിൽ എത്തിച്ചിരിക്കുന്നത്. അത്രമേൽ അനുഭവപരിചയമുണ്ടായിട്ടും എല്ലാത്തിലും ജിജ്ഞാസ, കുട്ടികളുടേതുപോലെ അതിശയം കണ്ടെത്തൽ... അതൊക്കെ ഇപ്പോഴും അദ്ദേഹം കാത്തുസൂക്ഷിക്കുന്നുണ്ട്. ഇത്രയും അനുഭവസമ്പത്തിൽ നിൽക്കുമ്പോഴും ഇനിയുമിനിയും പഠിക്കണമെന്ന കൊതി മാറാത്ത ആളാണു മമ്മൂക്ക.

സിനിമയിലും ജീവിതത്തിലുമുള്ള പുതിയ കാര്യങ്ങളിൽ അപ്-റ്റു-ഡേറ്റ് എന്നാണല്ലോ പൊതുവേ ആളുകൾ മമ്മൂക്കയെക്കുറിച്ചു പറയാറുള്ളത്. ഒരാൾ ക്യൂരിയസ് ആണെങ്കിൽ മാത്രമേ അപ്-റ്റു-ഡേറ്റ് ആയിരിക്കാൻ പറ്റുകയുള്ളൂ. അദ്ദേഹത്തിനു നേരേ നിൽക്കുമ്പോൾ ഒരഭിനേത്രി എന്ന നിലയിൽ അഭിനയത്തെക്കുറിച്ചു കുറേ പഠിച്ചുവെന്നു വരും. അന്തംവിട്ടു നിന്നുവെന്നു വരും. അതൊക്കെ മാറ്റിവെച്ച്, മമ്മൂക്കയെന്ന വ്യക്തി, അദ്ദേഹത്തിന്റെ ജിജ്ഞാസ.... അതാണ് കളങ്കാവൽ അനുഭവങ്ങളിൽനിന്ന് ഞാൻ ഏറ്റവുമധികം എടുത്തിരിക്കുന്നത്.

എനിക്ക് ഇഷ്ടപ്പെട്ട ഒരു ജോണർ തന്നെയാണു റൊമാൻസ്. ‘മധുര’ത്തിനുശേഷം ‘നടന്ന സംഭവം’, ‘മാരിവില്ലിൻ ഗോപുരങ്ങൾ’ എന്നിങ്ങനെ റൊമാൻസ് വരുന്ന കുറച്ചു സിനിമകൾ ഞാൻ ചെയ്തിരുന്നു. ‘മധുര’ത്തിന്റെ അതേസമയം തന്നെയായിരുന്നു ‘കാണെക്കാണെ’യുടെ റിലീസും. അവിടെയും ടൊവിയുമായുള്ള എന്റെ സീനുകൾ റൊമാന്റിക് തന്നെയായിരുന്നു. ഓരോ സിനിമയിലും റൊമാൻസ് വെവ്വേറെ രീതികളിൽ കൈകാര്യം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു. അത് അങ്ങനെതന്നെയാണു ചെയ്തതെന്നു വിശ്വസിക്കുന്നു.

‘കളങ്കാവലി’ൽ ദീപയുടെ കഥയൊന്നും അങ്ങനെ പറഞ്ഞിട്ടില്ല. ഒരു ഡയലോഗിലൂടെയാണ് ദീപയുടെ ബാക്ക് സ്റ്റോറി നമ്മൾ അറിയുന്നത്. പക്ഷേ, എനിക്ക് ഒരു കഥാപാത്രം കിട്ടുമ്പോൾ അതിനൊരു ബാക്ക് സ്റ്റോറിയും മറ്റും ഞാൻതന്നെ മനസിൽ കാണാറുണ്ട്. ആ രീതിയിൽ ദീപ എനിക്കു വളരെ രസകരമായി തോന്നി. ദീപയുടെ മാനറിസങ്ങൾ ചിലപ്പോൾ ഇങ്ങനെയാവാം എന്നു വിചാരിച്ചു തന്നെയാണു പെർഫോം ചെയ്തത്.

‘ഫാർമ’ ചെയ്യാൻ പ്രേരണയായത്, സാമൂഹിക പ്രസക്തി കാരണം ഇതു പറയേണ്ട ഒരു കഥയാണെന്നു തോന്നിയതുകൊണ്ടാണ്. വലിയ ബാക്ക് സ്റ്റോറിയുള്ള ഒരു പ്രമേയം. ഒപ്പം, എനിക്കു കിട്ടിയ ഡോ. ജാനകി എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം.... ഇതൊക്കെയാണ് ആ വെബ്സിലേക്ക് എത്തിച്ചത്. ‘ഫാർമ’ പറയുന്ന വിഷയം നമുക്കെല്ലാവർക്കും അറിയാവുന്ന




കാര്യംതന്നെയാണ്. പക്ഷേ, അതിനെക്കുറിച്ച് അധികം വിവരങ്ങൾ ഇല്ലാത്തതുകൊണ്ടാകാം അതൊക്കെ അംഗീകരിക്കാൻ നമുക്കു ബുദ്ധിമുട്ടുള്ളത്. നമ്മൾ വിശ്വസിച്ച് ആശ്രയിക്കുന്ന ഒരിടമാണല്ലോ ആശുപത്രികൾ.

അത്രമേൽ സെൻസിറ്റീവായ ഒരു പ്രമേയം, ഇത്രയും മനോഹരമായി വിശദാംശങ്ങളോടെ കൈകാര്യം ചെയ്യാനായത്, സംവിധായകൻ അരുൺ ഫാർമസ്യൂട്ടിക്കൽ മേഖലയിൽ ജോലി ചെയ്തിരുന്നതിനാലാണ്. ആ വിഷയം അരുണിന് ആധികാരികമായി സംസാരിക്കാനുള്ള എല്ലാ അറിവും അധികാരവുമുണ്ടെന്ന് എനിക്കുതോന്നി.

ഫാർമയിൽ കാണിച്ചതിലും എത്രയോ വലുതാണ് അതു പറയുന്ന പ്രശ്നം. ഈ സീരീസ് ഇറങ്ങിക്കഴിഞ്ഞാണ് അതിന്റെ ആഘാതം നമ്മൾ മനസിലാക്കുന്നത്. ‘നമ്മുടെ സമൂഹത്തിൽ ഇതു കാണുന്നു, അതുകൊണ്ട് ഞാൻ പറയുന്നു’ എന്നതിനപ്പുറം അങ്ങനെ പറയാൻ കഴിവുള്ള സംവിധായകൻ തന്നെയാണ് പി.ആർ. അരുൺ.

നിവിനെക്കുറിച്ച് പറയുമ്പോൾ നിവിൻ ചിൽ ആണ്. ‘ഫാർമ’ വളരെ ഗൗരവമുള്ള ഒരു പ്രമേയമാണു പറയുന്നത്. ചിത്രീകരണസമയം മുഴുവൻ ഗൗരവത്തോടെ ഇരുന്നാൽ അതു ബുദ്ധിമുട്ടാവും, അതു നമ്മുടെ തലയിൽ കയറും! നിവിൻ എന്ന നടനൊപ്പം വർക്ക് ചെയ്യുമ്പോൾ ആക്ഷനും കട്ടിനുമിടയിലെ ഗൗരവം മാത്രമേയുള്ളൂ. അല്ലാതെയുള്ള സമയം നിവിൻ ടെൻഷൻ ഫ്രീ ആണ്. നർമബോധമുള്ള ഒരാളാണ്. ജീവിതത്തിലെ എല്ലാറ്റിനെയും ലൈറ്റ് ആയി കാണാൻ പറ്റുന്നയാളാണ്. ആ ഒരു ലൈറ്റ്നെസ് തന്നെയാണ് നിവിന്റെ അഭിനയത്തിലും വരുന്നത്. നിവിന്റെ സിനിമകൾ കണ്ടുകൊണ്ടിരിക്കാൻ ഒരു സുഖമുണ്ട്, ഒരു ഫ്രഷ്നെസുണ്ട് എന്നൊക്കെ ആളുകൾ പൊതുവേ പറയില്ലേ. നിവിൻ എന്ന വ്യക്തി അങ്ങനെയാണ്. നിവിൻ ആളുകളെയും സെറ്റും അനായാസം കൈകാര്യം ചെയ്യുന്നതു കാണാൻ നല്ല രസമാണ്.

ആമസോൺ പ്രൈമിന്റെ ‘പുത്തം പുതു കാലൈ’ ആന്തോളജിയിലെ ‘ഇളമൈ ഇതോ ഇതോ’, ഹോട്ട് സ്റ്റാറിന്റെ തെലുങ്ക് വെബ്സീരീസ് ‘മിസ് പെർഫക്ട്’ എന്നിവയിൽ ഭർത്താവ് ഫ്രാൻസിസ് തോമസിനൊപ്പം തിരക്കഥയെഴുതി. ഇപ്പോൾ ഞങ്ങൾ ഒരു സിനിമ എഴുതുന്നുണ്ട്. ഉയരെ, കാണെക്കാണെ സിനിമകളൊരുക്കിയ മനു അശോകന്റെ സംവിധാനത്തിൽ ഞാൻ അഭിനയിച്ച ‘ഐസ്’ എന്ന വെബ് സീരീസ് റിലീസിനൊരുങ്ങുന്നു.

## ഹൊറർ ചിത്രം ‘റൂഹാനി’യുടെ ടൈറ്റിൽ പോസ്റ്റർ

നവാഗതനായ മുഹമ്മദ് റെഫീക്ക് രചനയും സംവിധാനവും നിർവഹിക്കുന്ന ‘റൂഹാനി’ എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ പുറത്തിറങ്ങി. വീക്കെൻഡ് ഫാന്റസീസ് ചിത്രം നിർമിക്കുന്നു. മലയാള സിനിമയിലെ മുൻനിര താരങ്ങളായ ആന്റണി വർഗീസ്, മക്ബൂൽ സൽമാൻ, സംവിധായകരായ ടിനു പാപ്പച്ചൻ, ആർ.എസ്. വിമൽ, ഗൗരി നന്ദ, എൻ.എം. ബാദുഷ, ദേവദത്ത് ഷാജി, അശ്വിൻ ജോസ്, ശരത്ത് സഭ, മണികണ്ഠൻ രാജൻ തുടങ്ങിയവരുടെ സോഷ്യൽ മീഡിയ പേജുകളിലൂടെ പോസ്റ്റർ പ്രകാശനം ചെയ്തു. പ്രമേയത്തിലും അവതരണത്തിലും ഏറെ ദുരൂഹതകൾ ഒളിപ്പിച്ചുവെക്കുന്ന ഒരു ഹൊറർ ത്രില്ലറായാണ് ‘റൂഹാനി’ ഒരുങ്ങുന്നത്. ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ കൊട്ടാരക്കരയിലും പരിസരപ്രദേശങ്ങളിലും ആരംഭിക്കും. വീ




ക്കെൻഡ് ഫാന്റസീസിന്റെ ബാനറിൽ നിർമിക്കുന്ന ചിത്രത്തിന്റെ രചന, സംവിധാനം മുഹമ്മദ് റെഫീക്ക് നിർവഹിക്കുന്നു.




# മമ്മൂട്ടി–മോഹൻലാൽ കേന്ദ്രകഥാപാത്രങ്ങളായി 'പേട്രിയറ്റ്'

മലയാളത്തിൽ പുതിയ ചരിത്രം കുറിക്കാൻ ഒരുങ്ങുന്ന പേട്രിയറ്റ് ചിത്രീകരണം പൂർത്തിയായി. മലയാളത്തിന്റെ മഹാനടന്മാരായ മമ്മൂട്ടി, മോഹൻലാൽ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി മഹേഷ് നാരായണൻ ഒരുക്കുന്ന ഈ മൾട്ടിസ്റ്റാർ ചിത്രം കൊച്ചിയിൽ നടന്ന അവസാന ഷെഡ്യൂളോടെയാണ് പാക്കപ്പ് ആയത്.

മമ്മൂട്ടിയും മോഹൻലാലും പത്തൊമ്പതു വർഷത്തിനുശേഷം ഒരുമിക്കുന്ന ഈ സിനിമ മലയാളത്തിൽ ഇന്നേവരെയുള്ളതിൽവെച്ച് ഏറ്റവും വലിയ ബജറ്റിലാണ് ഒരുങ്ങുന്നത്. വിവിധ രാജ്യങ്ങളിലെ പത്തിലധികം ഷെഡ്യൂളുകളിലായി ഒരുവർഷത്തിലധികം നീണ്ട ചിത്രീകരണത്തിനൊടുവിലാണ് പേട്രിയറ്റ് പൂർത്തിയായത്.

ചിത്രം നിർമിക്കുന്നത് ആന്റോ ജോസഫ് ഫിലിം കമ്പനി, കിച്ചപ്പു ഫിലിംസ് എന്നിവയുടെ ബാനറിൽ ആന്റോ ജോസഫ്, കെ.ജി. അനിൽ കുമാർ എന്നിവർ ചേർന്നാണ്. സി.ആർ. സലിം പ്രൊഡക്ഷൻസ്, ബ്ലൂ ടൈഗേഴ്സ് ലണ്ടൻ എന്നീ ബാനറുകളിൽ സി.ആർ. സലിം, സുഭാഷ് ജോർജ് മാനുവൽ എന്നിവരാണ് ചിത്രത്തിന്റെ സഹനിർമാണം നിർവഹിക്കുന്നത്. സി.വി. സാരഥിയും രാജേഷ് കൃഷ്ണയുമാണ് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാർ.

മമ്മൂട്ടിയുടെ സീനുകളാണ് കൊച്ചിയിൽ ചിത്രത്തിന്റെ പാക്കപ്പ് ദിനത്തിൽ ചിത്രീകരിച്ചത്. ടേക്ക് ഓഫ്, മാലിക് എന്നീ സിനിമകൾക്ക് ശേഷം മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന പേട്രിയറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത ഇതിലെ താരനിരയാണ്. ട്വന്റി 20-ക്ക് ശേഷം മലയാളത്തിലെ പ്രമുഖ താരങ്ങളെല്ലാം ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. മമ്മൂട്ടി, മോഹൻലാൽ എന്നിവർക്കൊപ്പം ഫഹദ് ഫാസിൽ, കുഞ്ചാക്കോ ബോബൻ, നയൻതാര, രേവതി എന്നിവർ ആണ് ചിത്രത്തിലെ പ്രധാന വേഷങ്ങൾ ചെയ്യുന്നത്.

ഇവരെക്കൂടാതെ ജിനു ജോസഫ്, രാജീവ് മേനോൻ, ഡാനിഷ് ഹുസൈൻ, ഷഹീൻ സിദ്ദിഖ്, സനൽ അമൻ, ദർശന രാജേന്ദ്രൻ, സെറിൻ ഷിഹാബ് എന്നിവരും. മദ്രാസ് കഫേ, പത്താൻ തുടങ്ങിയവയിലൂടെ ശ്രദ്ധേയനായ തിയറ്റർ ആർട്ടിസ്റ്റും സംവിധായകനുമായ പ്രകാശ് ബെലവാടിയും ചിത്രത്തിന്റെ താരനിരയിലുണ്ട്.




ഇന്ത്യൻ സിനിമയുടെ ഇതിഹാസങ്ങളായ മമ്മൂട്ടി, മോഹൻലാൽ എന്നിവരെ അതിന്റെ എല്ലാ പ്രൗഢിയോടും കൂടി അവതരിപ്പിക്കുന്ന ചിത്രമായിരിക്കും പേട്രിയറ്റ്. മലയാള സിനിമ ഇന്നേവരെ കണ്ടിട്ടില്ലാത്ത സാങ്കേതിക മേന്മയോടെ തിയറ്ററുകളിലെത്താനൊരുങ്ങുന്ന ചിത്രത്തിന്റെ കാമറ ചലിപ്പിച്ചത് മനുഷ് നന്ദനാണ്. സംഗീതം സുഷിൻ ശ്യാം.

സംവിധായകൻ മഹേഷ് നാരായണൻ തന്നെ രചിച്ച ചിത്രം, അദ്ദേഹവും രാഹുൽ രാധാകൃഷ്ണനും ചേർന്നാണ് എഡിറ്റ് ചെയ്യുന്നത്. 2026 ഏപ്രിലിലാണ് ചിത്രത്തിന്റെ റിലീസ് നിശ്ചയിച്ചിട്ടുള്ളത്. ട്രൂത്ത് ഗ്ലോബൽ ഫിലിംസ് ആണ് ചിത്രത്തിന്റെ ഓവർസീസ് പാർട്ണർ. ഛായാഗ്രഹണം-മനുഷ് നന്ദൻ, സംഗീതം-സുഷിൻ ശ്യാം, എഡിറ്റിംഗ്-മഹേഷ് നാരായണൻ, രാഹുൽ രാധാകൃഷ്ണൻ, പ്രൊഡക്ഷൻ ഡിസൈനേഴ്സ്-ഷാജി നടുവിൽ, ജിബിൻ ജേക്കബ്, ഓഡിയോഗ്രാഫി-വിഷ്ണു ഗോവിന്ദ്, പ്രൊഡക്ഷൻ കൺട്രോളർ-ഡിക്സൺ പൊടുത്താസ്, മേക്കപ്പ്-രഞ്ജിത് അമ്പാടി, ലിറിക്സ്-അൻവർ അലി, സംഘട്ടനം-ദിലീപ് സുബ്ബരായൻ, സ്റ്റണ്ട് സിൽവ, മാഫിയ ശശി, റിയാസ് ഹബീബ്, കോസ്റ്റ്യൂം ഡിസൈൻ-ധന്യ ബാലകൃഷ്ണൻ, നൃത്ത സംവിധാനം-ഷോബി പോൾരാജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ലിനു ആന്റണി, അസോസിയേറ്റ് ഡയറക്ടർ-ഫാന്റം പ്രവീൺ.

ചിത്രം ആൻ മെഗാ മീഡിയ പ്രദർശനത്തിനെത്തിക്കും.

# 'സ്പാ'യുടെ ഫസ്റ്റ്‌ലുക്ക് പോസ്റ്റർ പുറത്തിറങ്ങി

എബ്രിഡ് ഷൈൻ സംവിധാനം ചെയ്യുന്ന സ്പാ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. സിദ്ധാർത്ഥ് ഭരതൻ, വിനീത് തട്ടീൽ, പ്രശാന്ത് അലക്സാണ്ടർ, മേജർ രവി, വിജയ് മേനോൻ, ദിനേശ് പ്രഭാകർ, അശ്വിൻ കുമാർ, ശ്രീകാന്ത് മുരളി, കിച്ചു ടെല്ലസ്, ജോജി കെ. ജോൺ, സജിമോൻ പാറയിൽ, എബി, ഫെബി, മാസ്ക് മാൻ, ശ്രുതി മേനോൻ, രാധിക രാധാകൃഷ്ണൻ, ശ്രീജ ദാസ്, പൂജിത മേനോൻ, റിമ ദത്ത, ശ്രീലക്ഷ്മി ഭട്ട്, നീന കുറുപ്പ്, മേഘ തോമസ് തുടങ്ങിയവരാണ് പ്രമുഖ താരങ്ങൾ. ഒപ്പം പ്രേക്ഷകരുടെ ആകാംക്ഷ കൂട്ടാൻ ഒരു മാസ്ക് മാൻ കൂടി പ്രത്യക്ഷപ്പെടും.




ഒരുവട്ടമെങ്കിലും സ്പായിൽ പോയിട്ടുള്ളവർക്ക് പെട്ടെന്നു മനസിലാക്കാൻ പറ്റുന്ന എന്തൊക്കെയോ ഉള്ള ഒരു ചിത്രം എന്ന ഫീൽ ഈ പോസ്റ്റർ നൽകുന്നത്.

ഒരു സ്പാ നടത്തുന്ന സ്ഥലത്തെ ചുറ്റിപ്പറ്റിയാണ് കഥ പോകുന്നത് എന്നു മനസിലാക്കാനാവും 'രഹസ്യങ്ങൾ രഹസ്യങ്ങളാണ് ചില കാരണങ്ങളാൽ' എന്ന ടാഗ്‌ലൈനോടുകൂടി നേരത്തെ ടൈറ്റിൽ പോസ്റ്റർ പുറത്തിറക്കിയത്. നമ്മുടെ ചുറ്റുവട്ടത്ത് നടക്കുന്ന കാര്യങ്ങളെയും ആളുകളെയും സസൂക്ഷ്മം ശ്രദ്ധിച്ച് അവരെ കഥാപാത്രങ്ങളാക്കി യഥാർത്ഥ ഭാവത്തോടെ വെള്ളിത്തിരയിലെത്തിക്കുന്ന പ്രതിഭാസമ്പന്നനായ എബ്രിഡ് ഷൈൻ കഥയെഴുതി സംവിധാനം ചെയ്യുമ്പോൾ പ്രേക്ഷകരുടെ ധാരണകൾക്ക് അപ്പുറത്തേക്കും സ്പാ എന്ന സിനിമ കടക്കും.

സ്പാറയിൽ ക്രിയേഷൻസ്, സഞ്ജു ജെ. ഫിലിംസ് എന്നീ ബാനറിൽ സ്പാറയിൽ, സഞ്ജു ജെ. എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിംസ് നിർവഹിക്കുന്നു.

സംഗീതം-ഇഷാൻ ഛബ്ര, ഗാനരചന-ബി.കെ. ഹരിനാരായണൻ, സന്തോഷ് വർമ, ആനന്ദ് ശ്രീരാജ്, എഡിറ്റർ-മനോജ്, പ്രൊഡക്ഷൻ കൺട്രോളർ-സഞ്ജു ജെ, ഫൈനൽ മിക്സ്-എം.ആർ. രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ ആൻഡ് സൗണ്ട് എഡിറ്റിങ്-ശ്രീ ശങ്കർ, പ്രൊഡക്ഷൻ ഡിസൈനർ-ഷിജി, പട്ടണം, കോസ്റ്റ്യൂംസ് ഡിസൈൻ-സുജിത്ത് മട്ടന്നൂർ, മേക്കപ്പ്-പി.വി. ശങ്കർ, സ്റ്റണ്ട്-മാഫിയ ശശി, അസോസിയേറ്റ് ഡയറക്ടർ-ആർച്ച എസ്. പാറയിൽ, ഡിഐ-ആക്ഷൻ ഫെയിംസ് മീഡിയ, കളറിസ്റ്റ്-സുജിത്ത് സദാശിവൻ, സ്റ്റിൽസ്-നിദാദ് കെ.എൻ, വിഎഫ്എക്സ്-മാർജാര, പബ്ലിസിറ്റി ഡിസൈൻ-ടെൻ പോയിന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്-ഒബ്സ്ക്യൂറ എന്റർടെയ്ൻമെന്റ്, പോസ്റ്റ് പ്രൊഡക്ഷൻ പൂർത്തിയാക്കിയ സ്പാ ഫെബ്രുവരിയിൽ വേൾഡ് വൈഡായി സൈബർ സിസ്റ്റം ഓസ്ട്രേലിയ, റിലീസ് ചെയ്യുമ്പോൾ കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും സ്പാറയിൽ ആൻഡ് ചാരിയറ്റ് റിലീസ് ചെയ്യുന്നു.

# 'ഒരു വയനാടൻ പ്രണയകഥ' തിയറ്ററുകളിലെത്തി

നവാഗതനായ ഇല്യാസ് മുടങ്ങാശേരി തിരക്കഥയും സംവിധാനവും നിർവഹിക്കുന്ന ഒരു വയനാടൻ പ്രണയകഥ 16-ന് റിലീസായി. എ.കെ. പ്രൊഡക്ഷൻസിന്റെ ബാനറിൽ ലത്തീഫ് കളമശേരി, ഇല്യാസ് എന്നിവരാണ് ചിത്രത്തിന്റെ നിർമാണം. സ്കൂൾ കാലഘട്ടങ്ങളിലാണ് കൗമാരക്കാരിൽ കൂടുതലും പ്രണയം എന്ന മനോഹരമായ വികാരം സംഭവിക്കുന്നത്. കൂടെ പഠിക്കുന്ന ഒരു പെൺകുട്ടിയോട് തോന്നുന്ന ആദ്യ അനുരാഗത്തിന്റെ വേളയിൽ, നായകനു വന്നുചേരുന്ന അബദ്ധങ്ങളും ഇണക്കങ്ങളും പിണക്കങ്ങളുമെല്ലാം കോർത്തിണക്കിയാണ് സിനിമയുടെ ദൃശ്യാവിഷ്കാരം. പുതുമുഖങ്ങളായ ജീസജ് ആന്റണി, ജൂഹി എന്നിവരാണ് പ്രധാന കഥാപാത്രങ്ങളാകുന്നത്. ഒരു വയനാടൻ പ്രണയകഥയ്ക്ക് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് മധു മാടശേരിയാണ്. പ്രണയ ഗാനങ്ങളിൽ ഒട്ടനവധി ഹിറ്റുകൾ സമ്മാനിച്ച വിജയ് യേശുദാസ് തന്നെയാണ് ഈ ചിത്രത്തിലെയും ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. ലെജിൻ ചെമ്മാനി എഴുതിയ ഗാനങ്ങൾക്ക് മുരളി അപ്പാടത്ത് സംഗീതം പകരുന്നു. എഡിറ്റിംഗ്-ഇല്യാസ്, സൗണ്ട് എഫക്ട് ആൻഡ് മിക്സിങ്-കരുൺ പ്രസാദ്, കല-ശിവാനന്ദൻ അലിയോട്, കൊറിയോഗ്രഫി: റിഷ്ധൻ, മേക്കപ്പ്-മനോജ് ജെ. മനു, ചീഫ് അസോസിയേറ്റ്-പ്രണവ് മോഹൻ, അസോസിയേറ്റ് ഡയറക്ടർ-ഷിൽട്ടൻ, കളറിസ്റ്റ്-ഷാൻ ആഷിഫ്, ടൈറ്റിൽ ഡിസൈൻ-സുജിത്, സ്റ്റിൽസ്-ജാസിൽ വയനാട്, സ്റ്റുഡിയോ-സൗണ്ട് ബീവറി.



# എസ്ഐആർ ഹിയറിങ്: റവന്യൂ സേവനങ്ങൾ സ്തംഭിച്ചു

കോഴിക്കോട്: സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) ഹിയറിങ്ങിനായി റവന്യൂ വകുപ്പിലെ ആയിരത്തിൽപരം ജീവനക്കാരെ വിന്യസിച്ചതോടെ പൊതുജനങ്ങൾക്കുള്ള റവന്യൂ സേവനങ്ങൾ ഒരാഴ്ചയിലേറെയായി പൂർണമായി സ്തംഭിച്ചു. പരാതികൾ വ്യാപകമായതോടെ, അടിയന്തരമായി മറ്റു വകുപ്പുകളിലെ ജീവനക്കാരെ എസ്ഐആർ സേവനങ്ങൾക്കു കണ്ടെത്തണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ജീവൻ ബാബു ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടു.

റവന്യൂ ഓഫീസുകളിൽനിന്നു ലഭിക്കേണ്ട സേവനങ്ങളായ ഭൂമി തരംമാറ്റൽ, വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം, ഭൂമി സർവേ, പട്ടയം, ഭൂമി ഏറ്റെടുക്കൽ, റവന്യൂ റിക്കവറി നടപടികൾ, തോക്ക്-പടക്കം ലൈസൻസ് തുടങ്ങിയവ സ്തംഭിച്ചിരിക്കുകയാണ്. പ്രതിദിനം നൂറുകണക്കിനുപേരാണു സേവനം കിട്ടാതെ മടങ്ങുന്നത്. ഓരോ നിയമസഭാ മണ്ഡലത്തിനും ഓരോ ഡപ്യൂട്ടി കളക്ടർമാരെയാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായി (ഇആർഒ) നിയമിച്ചിരിക്കുന്നത്. ഇവരാണ് ഹിയറിങ് നോട്ടീസ് നൽകുന്നത്. ഇവർക്കു പുറമേ അഡിഷണൽ ഇആർഒ, അസി. ഇആർഒ എന്നിവരായി തഹസിൽദാർ/സൂപ്രണ്ട്, ഡപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഇവരാണ് ഹിയറിങ് നടത്തുന്നത്.

കേരളത്തിലാകെ 19.32 ലക്ഷത്തിൽപരം ഹിയറിങ് നോട്ടീസാണ് നൽകിയിരിക്കുന്നത്. അടുത്ത മാസം 14-നു മുൻപ് ഇതു പൂർത്തിയാക്കേണ്ടതിനാൽ താലൂക്കുകളിൽ ഈ തസ്തികയിലുള്ള മുഴുവൻ ഉദ്യോഗസ്ഥരും അവരുടെ ഓഫീസ് ജീവനക്കാരായ മുഴുവൻ ഉദ്യോഗസ്ഥരും ഇപ്പോൾ ഹിയറിങ് നടപടികൾ നടക്കുന്ന ക്യാംപുകളിലാണ്.

നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപിക്കും മുൻപു പൂർത്തിയാക്കേണ്ട പല പ്രധാന പദ്ധതികളും ഇതുമൂലം വൈകുന്ന സാഹചര്യമുണ്ട്. തുടർന്നു മന്ത്രി കെ. രാജൻ ലാൻഡ് റവന്യൂ കമ്മീഷണറോടു സത്വര നടപടി സ്വീകരിക്കാൻ നിർദേശിച്ചിരുന്നു.

## ശബരിമല കേസ്: ശങ്കരദാസിനെ അറസ്റ്റ് ചെയ്തു

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കരദാസ് അറസ്റ്റിലായി. ചികിത്സയിൽ കഴിയുന്ന ആശുപത്രിയിൽ എത്തിയാണ് പ്രത്യേക അന്വേഷണസംഘം ശങ്കരദാസിനെ അറസ്റ്റ് ചെയ്തത്. എസ്പി ശശിധരനാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കൊല്ലം വിജിലൻസ് കോടതിയിൽ അറസ്റ്റിന്റെ വിശദാംശങ്ങൾ എസ്ഐടി അറിയിച്ചിരുന്നു. എ. പത്മകുമാർ ദേവസ്വം ബോർഡ് ചെയർമാനായിരുന്നപ്പോൾ ദേവസ്വം ബോർഡ് അംഗമായിരുന്നു. സിപിഐ പ്രതിനിധിയായാണ് ദേവസ്വം ബോർഡിലെത്തിയത്. ശങ്കരദാസിനെ അറസ്റ്റ് ചെയ്യാത്തതിൽ ഹൈക്കോടതി വിമർശിച്ചിരുന്നു. അന്വേഷണത്തിൽ എന്ത് അസംബന്ധമാണ് നടക്കുന്നതെന്നാണ് ഹൈക്കോടതി ചോദിച്ചത്. മകൻ പോലീസ് ഓഫീസർ ആയതിനാൽ കേസിൽ പ്രതിയായതു മുതൽ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കരദാസ് ആശുപത്രിയിലാണ്. മാന്യത വേണം- പ്രത്യേക അന്വേഷണ സംഘത്തോട് കോടതി പറഞ്ഞതിങ്ങനെ.

കെ.പി. ശങ്കരദാസിനെ പരിശോധിച്ച മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട് ഹാജരാക്കാൻ അദ്ദേഹത്തിന്റെ മുൻകൂർ ജാമ്യഹർജി പരിഗണിച്ച കൊല്ലം പ്രിൻസിപ്പൽ സെഷൻ കോടതി നിർദ്ദേശിച്ചിരുന്നു. ശങ്കരദാസ് തിരുവനന്തപുരത്തെ ആശുപത്രിയിൽ അബോധാവസ്ഥയിലാണെന്ന് പ്രതിഭാഗം അഭിഭാഷകൻ കോടതിയെ അറിയിച്ചിരുന്നു. തെളിവായി ഫോട്ടോകളും ചികിത്സാ രേഖകളും ഹാജരാക്കി. ഇതെല്ലാം തള്ളിയാണ് അറസ്റ്റിലേക്ക് എസ്ഐടി കടന്നത്. ശങ്കരദാസിന്റെ ചികിത്സാരേഖകൾ അന്വേഷണസംഘം കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ നല്കാത്തതിനെത്തുടർന്നാണ് മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് മാറ്റിയത്. ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ശങ്കരദാസ് മുൻകൂർ ജാമ്യം തേടിയത്.

ഇതിനിടെ, ശബരിമല സ്വർണക്കടത്തുമായി ബന്ധപ്പെട്ട രണ്ട് കേസുകളിൽ ഒന്നാംപ്രതി ഉണ്ണികൃഷ്ണൻ പോറ്റി സമർപ്പിച്ച ജാമ്യഹർജി കൊല്ലം വിജിലിൻസ് കോടതി തള്ളി. അറസ്റ്റിലായി 90 ദിവസം പിന്നിട്ട പശ്ചാത്തലത്തിലാണ് ജാമ്യാപേക്ഷയുമായി ഉണ്ണികൃഷ്ണൻ പോറ്റി കോടതിയെ സമീപിച്ചത്.

റിമാൻഡിലായിട്ട് 90 ദിവസം കഴിഞ്ഞെന്നും സ്വാഭാവികനീതി അനുവദിക്കണമെന്നുമായിരുന്നു ഉണ്ണികൃഷ്ണൻ പോറ്റിയുടെ വാദം. എന്നാൽ, കേസിൽ തൊണ്ടിമുതൽ കണ്ടെടുക്കാൻ ഉണ്ടെന്നാണ് എസ്ഐടി വാദിക്കുന്നത്.

## കണ്ണൂരിന് സ്വർണകിരീടം

(3-ാം പേജിൽനിന്നും)

ജനുവരി 14-നാണ് തൃശൂർ തേക്കിൻകാട് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ സ്കൂൾ കലോത്സവം ഉദ്ഘാടനം ചെയ്തത്.

1997, 1998 വർഷങ്ങളിൽ തുടർച്ചയായി കപ്പ് നേടിയ കണ്ണൂർ 2000-ൽ പാലക്കാട്ടു നടന്ന കലോത്സവത്തിൽ എറണാകുളവുമായി ഒന്നാം സ്ഥാനം പങ്കിട്ടിരുന്നു. തുടർന്നുള്ള ദീർഘമായ 23 വർഷക്കാലം കിരീടം കൈവിട്ടു. 2024-ൽ കൊല്ലത്ത് നടന്ന കലോത്സവത്തിലാണു വീണ്ടും കണ്ണൂർ സ്വർണക്കപ്പ് നേടിയത്. അതിനു ശേഷമുള്ള കിരീടനേട്ടമാണ് ഇത്തവണ. കലാകിരീടത്തിനുവേണ്ടിയുള്ള ഇഞ്ചോടിഞ്ച് പോരാട്ടത്തിന്റെ പിരിമുറുക്കത്തിനിടെയാണ് കണ്ണൂരിലെ വഞ്ചിപ്പാട്ട് ടീം മത്സരവേദിയിലെത്തിയത്. അവസാനമായി വിധിയറിഞ്ഞ വഞ്ചിപ്പാട്ട് മത്സരത്തിൽ ടീമിന് എ ഗ്രേഡ് ലഭിച്ചതോടെ കണ്ണൂരിൽനിന്നു കലോത്സവത്തിൽ പങ്കെടുത്ത എല്ലാവരും ആഹ്ലാദതീരമണഞ്ഞു. കല, വിദ്യ, നാദം എന്നിവ സമന്വയിപ്പിച്ച പുസ്തകവും വളയിട്ട കൈയും ശംഖുമുള്ള 117.5 പവൻ പൊൻകപ്പ് കണ്ണൂരിനു സ്വന്തം.

249 മത്സരയിനങ്ങളിലായി 949 മത്സരാർത്ഥികളുമായാണ് കണ്ണൂർ ജില്ല കലോത്സവത്തിനെത്തിയത്. സമാപന ദിനത്തിൽ പത്തു മത്സരങ്ങൾ ബാക്കിയായപ്പോൾ കിരീടപോരാട്ടം ആവേശകരമായി മാറി. കഴിഞ്ഞ വർഷവും സമാന മത്സരത്തിൽ ഒരൊറ്റ പോയിന്റിന്റെ ലീഡിൽ പാലക്കാടിനെ പിന്നിലാക്കി തൃശൂർ ജേതാക്കളായിരുന്നു.

# ഗാസ സമാധാന സമിതിയിലേക്ക് ഇന്ത്യക്ക് ക്ഷണം

ന്യൂഡൽഹി: ഗാസ ഉൾപ്പെടെയുള്ള ആഗോള സംഘർഷങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് രൂപീകരിച്ച സമാധാന സമിതിയിലേക്ക് ഇന്ത്യക്ക് ക്ഷണം. ഇതുമായി ബന്ധപ്പെട്ട് ട്രംപ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്ത് ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചു.

മധ്യപൂർവേഷ്യയിൽ സമാധാനം ഉറപ്പാക്കാനുള്ള ചരിത്രപരവും മഹത്തരവുമായ നീക്കത്തിൽ പങ്കാളിയാകാൻ പ്രധാനമന്ത്രിയെ ക്ഷണിക്കുന്നതിൽ അഭിമാനമുണ്ടെന്ന് ട്രംപ് കത്തിൽ കുറിച്ചു. ആഗോള സംഘർഷങ്ങൾ പരിഹരിക്കുന്നതിനായുള്ള തികച്ചും വ്യത്യസ്തവും ധീരവുമായ സമീപനമാണിതെന്നും ട്രംപ് പറഞ്ഞു.

2025 ഒക്ടോബറിൽ ഇസ്രായേലും ഹമാസും തമ്മിലുണ്ടാക്കിയ വെടിനിർത്തൽ കരാറിന്റെ രണ്ടാംഘട്ടമെന്ന നിലയിലാണ് ട്രംപ് സമാധാന സമിതി വിഭാവനം ചെയ്തത്. ഗാസയുമായി പുനർനിർമാണവും സുരക്ഷയും മേൽനോട്ടം വഹിക്കുക എന്നതാണ് രാജ്യാന്തര സമിതിയുടെ പ്രാഥമിക ലക്ഷ്യം. ട്രംപ് തന്നെയായിരിക്കും ബോർഡിന്റെ ആജീവനാന്ത ചെയർമാൻ. സമിതിയിൽ അംഗങ്ങളാകുന്ന രാജ്യങ്ങൾക്ക് മൂന്നു വർഷത്തെ കാലാവധിയാണുണ്ടാവുക. എന്നാൽ, ഏകദേശം 8,400 കോടി രൂപ നല്കുന്ന രാജ്യങ്ങൾക്ക് സമിതിയിൽ സ്ഥിര അംഗത്വം ലഭിക്കും. പാക്കിസ്ഥാൻ ഉൾപ്പെടെ 60-ഓളം രാജ്യങ്ങളെ ട്രംപ് ഈ സമിതിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

മാർക്കോ റൂബിയോ, ജാരെഡ് കുഷ്നർ, ടോണി ബ്ലെയർ, ലോകബാങ്ക് പ്രസിഡണ്ട് അജയ് ബംഗ തുടങ്ങിയ പ്രമുഖർ ഇതിനകം സമിതിയുടെ എക്സിക്യൂട്ടീവ് ബോർഡിൽ ഇടംപിടിച്ചിട്ടുണ്ട്. ട്രംപിന്റെ ക്ഷണം ലഭിച്ചെങ്കിലും ഇന്ത്യ ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. വ്യാപാര നികുതിയുമായി ബന്ധപ്പെട്ട് ഇരുരാജ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന അസ്വാരസ്യങ്ങൾക്കിടയിലാണ് ഈ ക്ഷണമെന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിൽനിന്നുള്ള കയറ്റുമതി ഉത്പന്നങ്ങൾക്ക് യുഎസ് നിലവിൽ അമ്പതു ശതമാനം തീരുവ ചുമത്തുന്നുണ്ട്. പുതിയ സമിതി രൂപീകരിക്കാനുള്ള ട്രംപിന്റെ നീക്കം ഐക്യരാഷ്ട്ര സമിതിയുടെ പ്രസക്തി ഇല്ലാതാക്കുമോ എന്ന ആശങ്ക പല യൂറോപ്യൻ രാജ്യങ്ങളും പങ്കുവെക്കുന്നു. ഗാസയിൽ മാത്രം ഒതുങ്ങാതെ മറ്റ് ആഗോള പ്രശ്നങ്ങളിലേക്കും ബോർഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ട്രംപിന് പദ്ധതിയുണ്ട്. യുഎൻ പൊതുജനാദ്ധ്യക്ഷ അന്നലീന ബെയർബോക്ക് ഉൾപ്പെടെയുള്ളവർ ഈ നീക്കത്തിൽ പരോക്ഷ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളും ഈ സമിതിയെ എതിർക്കാൻ സാദ്ധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.

# പതിനാലുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തി; പതിനാറുകാരൻ അറസ്റ്റിൽ

മലപ്പുറം: വാണിയമ്പലം തൊടിയപ്പുലത്ത് പതിനാലു വയസുകാരിയെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയ പ്ലസ്വൺ വിദ്യാർത്ഥിയായ പതിനാറുകാരൻ അറസ്റ്റിൽ. കരുവാരക്കുണ്ട് ഹയർ സെക്കൻഡറി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണു മരിച്ചത്. പ്രായത്തിനപ്പുറം കടന്ന ബാലപ്രണയമാണു കൊലപാതകത്തിൽ കലാശിച്ചതെന്നാണു പോലീസിന്റെ പ്രാഥമിക നിഗമനം.

സ്കൂളിൽനിന്നു 15 കിലോമീറ്റർ അകലെയുള്ള തൊടിയപ്പുലം റെയിൽവേ ട്രാക്കിനരികെ കുറ്റിക്കാട്ടിൽ ഇരുകൈകളും മുൻവശത്തേക്കു കെട്ടിയ നിലയിലായിരുന്നു മൃതദേഹം. ശരീരത്തിൽ മുറിവേറ്റ പാടുകളുണ്ട്. സ്കൂൾ യൂണിഫോമാണ് കുട്ടി ധരിച്ചിരുന്നത്. പലതവണ വീട്ടിൽ തെരഞ്ഞുചെന്ന ആൺസുഹൃത്തിന്റെ പ്രവൃത്തികളിൽ വിദ്യാർത്ഥിനിക്കു ഭയമായിരുന്നു. പെൺകുട്ടിയുടെ വീട്ടുകാരുടെ പരാതിയെത്തുടർന്ന് പോലീസ് ആൺസുഹൃത്തിനെ മുമ്പ് താക്കീത് ചെയ്തിരുന്നതായി പറയുന്നു. എന്നാൽ പെൺകുട്ടിക്കു മറ്റൊരാളുമായി അടുപ്പമുള്ളതായി പതിനാറുകാരന് സംശയമുണ്ടായിരുന്നു.

കഴിഞ്ഞ 15-ന് സ്കൂളിലേക്കെന്നു പറഞ്ഞാണ് അനിയത്തിക്കൊപ്പം പെൺകുട്ടി വീട്ടിൽ നിന്നിറങ്ങിയത്. രാവിലെ സ്കൂളിനു സമീപം ബസിറങ്ങി ആൺസുഹൃത്തിനൊപ്പം പോവുകയായിരുന്നു. വൈകിട്ട് ആറിന് അമ്മയുടെ ഫോണിലേക്കു വിളിച്ച് വൈകാതെ വീട്ടിലെത്തുമെന്നു പറഞ്ഞു. പിന്നീട് ഫോൺ സ്വിച്ചോഫായതോടെ മാതാവ് കരുവാരക്കുണ്ട് പോലീസിൽ പരാതി നൽകുകയായിരുന്നു. പ്ലസ് വൺ വിദ്യാർത്ഥിയുമായി പെൺകുട്ടിക്കു ബന്ധമുണ്ടായിരുന്നെന്ന് മാതാപിതാക്കൾ അറിയിച്ചതോടെ പോലീസ് ആൺകുട്ടിയുടെ വീട്ടിലെത്തി ചോദ്യം ചെയ്തു. പിന്നീട് പ്രതി തന്നെയാണ് മൃതദേഹം പോലീസിനു കാണിച്ചു കൊടുത്തത്. പതിനാറുകാരനൊപ്പം കരുവാരക്കുണ്ടിൽനിന്നു പാണ്ടിക്കാട്ടേക്കും അവിടെനിന്ന് വണ്ടൂരിലും പെൺകുട്ടി എത്തിയതായി പറയുന്നു. തുടർന്നാണ് വാണിയമ്പലത്തെത്തിയത്. ബസുകളിലായിരുന്നു യാത്ര. വാണിയമ്പലത്തുനിന്ന് റെയിൽപാതയിലൂടെ നടന്ന് കൃത്യം നടന്ന സ്ഥലത്തെത്തിയശേഷം പെൺകുട്ടിയുമായി ശാരീരികബന്ധം പുലർത്തിയെന്നാണ് ആൺസുഹൃത്തിന്റെ മൊഴി. ബലപ്രയോഗത്തിലൂടെ കൈകൾ കൂട്ടിക്കെട്ടി പെൺകുട്ടിയുടെ ജീവനെടുക്കുകയായിരുന്നെന്നും പതിനാറുകാരൻ പോലീസിനോടു പറഞ്ഞു. സംഭവത്തിനു ശേഷം ആൺസുഹൃത്ത് തൊട്ടടുത്ത വീട്ടിൽ ചെന്നു വെള്ളം കുടിക്കുകയും ആ വീട്ടുകാരുടെ മൊബൈൽ വാങ്ങി അച്ഛനെ വിളിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അച്ഛനൊപ്പമാണു പ്രതി വീട്ടിലേക്കു പോയതെന്നും പറയുന്നു. പതിനാറുകാരൻ കുറച്ചുദിവസമായി സ്കൂളിൽ പോകാതെ കൂലിപ്പണി ചെയ്യുകയായിരുന്നെന്നും ലഹരിക്കടിമയാണെന്നും പരിസരവാസികൾ പറയുന്നു. സംഭവത്തിൽ മറ്റാർക്കും പങ്കുള്ളതായി അറിവായിട്ടില്ല.

പെൺകുട്ടിക്ക് മറ്റൊരു ബന്ധമുണ്ടെന്നു പറഞ്ഞ് പ്രതി ശകാരിച്ചപ്പോൾ ശാരീരികമായി ബന്ധപ്പെട്ടതടക്കം പുറത്തറിയിക്കുമെന്ന് പെൺകുട്ടി പറഞ്ഞതാണ് പതിനാറുകാരനെ പ്രകോപിപ്പിച്ചതെന്നാണു നിഗമനം.

## ശബരിമല സ്വർണക്കൊള്ള

(3-ാം പേജിൽനിന്നും)

എഡിജിപി എച്ച്. വെങ്കിടേഷിനാണ് ശാസ്ത്രീയ അന്വേഷണത്തിന്റെ റിപ്പോർട്ട് സീൽവെച്ച കവറിൽ കൈമാറിയത്.


ശബരിമലയിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി തുടങ്ങിയ 15 സാമ്പിളുകളുടെ ശാസ്ത്രീയ പരിശോധനയുടെ ഫലമാണ് കഴിഞ്ഞ ദിവസം ലഭ്യമായത്. ചെമ്പുപാളികളിൽ സ്വർണം പൂശിയതിന്റെ അളവ്, കാലപ്പഴക്കം തുടങ്ങിയവ നിർണയിക്കാനാണ് വിഎസ്എസ്സിയെ ഏല്പിച്ചത്. ശബരിമലയിലെ സ്വർണപ്പാളികൾ രാജ്യാന്തര കടത്തുകാർ കൊണ്ടുപോയെന്ന ആരോപണവും നേരത്തേ ഉയർന്നിരുന്നു.

കൂടാതെ തന്ത്രി, ശങ്കരദാസ് എന്നിവരുടെ അറസ്റ്റിനു ശേഷമുള്ള തുടർ നടപടികളും എസ്ഐടി ഹൈക്കോടതിയെ അറിയിച്ചു. വാജി വാഹന കൈമാറ്റത്തിൽ അജയ് തറയിൽ അടക്കമുള്ളവർക്കെതിരായ അന്വേഷണ കാര്യത്തിലും ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായേക്കും. 2012-ലെ ബോർഡ് ഉത്തരവിന് വിരുദ്ധമായാണ് വാജി വാഹനം കൈമാറിയതെന്നാണ് എസ്ഐടി കണ്ടെത്തൽ. എന്നാൽ അഡ്വക്കേറ്റ് കമ്മീഷണറുടെയും ഹൈക്കോടതിയുടെയും അറിവോടെയാണ് കൈമാറ്റം എന്നതിന്റെ രേഖകളും ഈയിടെ പുറത്തുവന്നിരുന്നു.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**